ദി THE MALANKARA SABHA

# മലങ്കരസഭ

MALAYALAM MONTHLY, Vol-68, Issue-7

JULY 2024

Price ₹ 25, Annual Subscription ₹ 250




മാലാഖമാരുടെ ഉടയവൻ തന്നിൽ വസിച്ച
മാംസരഥമേ നീ ഭാഗ്യവതിയാകുന്നു!

# 37-ാം ചരമവാർഷികം



# അമ്മിണി ജോർജ് മുത്തൂറ്റ്

കോഴഞ്ചേരി

ജനനം: 13-05-1916, മരണം: 30-07-1987

*By Family & Staff Members of*

**The Muthoot Group**

WE HUMBLY SUBMIT OURSELVES
IN YOUR BLESSED INTERCESSION



**IN LOVING MEMORY**

JACOB MATTHEW & FAMILY
(JOJO DUBAI)

WORKING COMMITTEE MEMBER,
MALANKARA ORTHODOX SYRIAN CHURCH

# മഹാപുരോഹിത സന്ദേശം



**അവന്റെ രാജ്യം അന്വേഷിപ്പിൻ;അതോടുകൂടെ നിങ്ങൾക്ക് ഇതും കിട്ടും. (വി.ലൂക്കോസ് 12:31)**

അലക്സന്ത്രിയായിലെ വി.ക്ലീമ്മീസ് ഈ തിരുവചന ഭാഗത്തിന് നൽകുന്ന വ്യാഖ്യാനം ഇപ്രകാരമാണ്. സ്വർഗ്ഗരാജ്യവും അതിന്റെ നീതിവഴികളും നിർബാധം നിങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുക! എന്തെന്നാൽ ഇവയാകുന്നു നമ്മെ സംബന്ധിച്ച് ഏറ്റം മഹത്തരമായ കാര്യങ്ങൾ. നിങ്ങൾ അങ്ങനെ പ്രവർത്തിക്കുമെങ്കിൽ ഈ ലോകജീവിതത്തിനാവശ്യമായ ചെറുതും വലുതുമായ എല്ലാ വകകളും അവൻ നിങ്ങളുടെ ജീവിതത്തോട് കൂട്ടിച്ചേർത്ത് നൽകും.

നമ്മുടെ അന്വേഷണങ്ങൾ ഇഹലോകജീവിതത്തെക്കുറിച്ച് മാത്രമായതിനാലാണ് ആശാഭംഗങ്ങളും വിഷാദവും ഇത്രമേൽ മനുഷ്യജീവിതങ്ങളിൽ പ്രകടമായിക്കാണുന്നത്. അനശ്വരമായ ജീവിതവും അതിനായി നാം പരിശീലിക്കേണ്ടതായ മാർഗ്ഗങ്ങളും നിരന്തരം സ്മൃതിപഥത്തിലേന്തുന്നവർക്ക് സകലതിനും മീതെ നടക്കുവാനും ചിരസ്ഥായിയായ അനന്ദം നിലനിർത്തുവാനുമാകും. സംതൃപ്തമായ ഒരു ജീവിതം നയിക്കുവാൻ ഇടയാവുക എന്നത് മനുഷ്യജീവിതത്തിൽ ഏറെപ്രാധാന്യത്തോടെ നാം കാണേണ്ടതാണ്. സംതൃപ്തിയും സമ്പത്തും തമ്മിൽ പറയത്തക്ക ബന്ധങ്ങളൊന്നുമില്ല എന്നതാണ് സത്യം. സമ്പത്തുകൂടുമ്പോൾ ആഗ്രഹങ്ങളെല്ലാം സഫലമാകുമെന്നും ആഗ്രഹപൂർത്തീകരണം സാധ്യമാകുമ്പോൾ സംതൃപ്തി കൈവരുമെന്നും നിനയ്ക്കുന്നവർ അനേകരാണ്. എന്നാൽ ആഗ്രഹങ്ങൾക്കൊട്ടൊരു അവസാനമുണ്ടാകാതെ സംതൃപ്തി കിട്ടാക്കനിയായി അനേകരിൽ ശേഷിക്കുന്നു.

വിഭവങ്ങളുടെ ആധിക്യമല്ല; മനസ്സിന്റെ നിറവാണ് നമുക്കുണ്ടാകേണ്ടത്. എല്ലാക്കാര്യങ്ങളിലുമുള്ള നൻമയെ തിരിച്ചറിയുന്നവർക്കുമാത്രമേ ജീവിതത്തെ സദാകാലം പ്രസാദാത്മകമാക്കുവാൻ കഴിയുകയുള്ളു. അങ്ങനെയുള്ളവർക്കേ തൃപ്തിയോടെ ഈ ലോകജീവിതം പൂർത്തിയാക്കുവാനും സാധിക്കുകയുള്ളു. പ. കന്യകമറിയം അമ്മയുടെ ഈ ലോകജീവിതത്തിൽ നിന്നുള്ള വാങ്ങിപ്പിന്റെ വിശുദ്ധമായ ഓർമ്മ ആചരിക്കുവാൻ നാമൊരുങ്ങുമ്പോൾ തന്റെ ജീവിതത്തിൽ നേരിടേണ്ടി വന്ന എല്ലാ അനുഭവങ്ങളെയും ദൈവദർശനത്തിന്റയും നൻമയുടെയും ഉരകല്ലായി കണ്ട ആ ഭാഗ്യവതിയുടെ മാധ്യസ്ഥം സംതൃപ്തവും ഫലദായകവുമായ ഒരു ജീവിതത്തിലേക്ക് നമ്മെ ആനയിക്കട്ടെ!

മലങ്കരസഭയെ ദൈവാശ്രയത്തോടെ സധൈര്യം നയിച്ച നമ്മുടെ പൂർവ്വഗാമികളായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് അഞ്ചാമന്റെയും പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവായുടെയും ഓർമ്മപ്പെരുന്നാൾ സമുചിതമായി നാം ആചരിക്കുകയാണല്ലോ. ഈ പിതാക്കന്മാരുടെ പ്രാർത്ഥനകൾ സഭാജീവിത സരണിയിൽ നമുക്ക് അഭയമാകട്ടെ.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

മലങ്കരസഭ
ESTD. 1946 മാസിക
മലങ്കര സഭയുടെ ഔദ്യോഗിക മാധ്യമം . 2024 ജൂലൈ. ലക്കം 7. പുസ്തകം 68. വില ₹ 25

LETTER FROM THE EDITOR

ജൂലൈ മാസം ഓർമ്മ ആചരിക്കുന്ന ശ്രേഷ്ഠാചാര്യന്മാരുടെ അനുഗ്രഹീത സ്മരണകൾക്കുമുമ്പിൽ പ്രണാമം അർപ്പിക്കുന്നു. ശ്രേഷ്ഠാചാര്യൻമാരുടെ ഓർമ്മ സഭാപഞ്ചാംഗത്തിൽ കുറിയ്ക്കപ്പെടുമ്പോൾ ഇന്നയോളം ഈ സഭയെ വഴിനടത്തിയ സന്യസ്തരേയും വൈദികരേയും അവരുടെ ജീവിത സമർപ്പണവും സഭയ്ക്കുവേണ്ടി അവരൊഴുക്കിയ കണ്ണീരും വിയർപ്പും സ്മരിക്കേണ്ടതുണ്ട്.

മലങ്കരസഭാ മാസിക വായിക്കുമ്പോഴും കാതോലിക്കാദിനപിരിവ് നൽകുമ്പോഴും 'സ്വർഗ്ഗാരാജ്യ സിംഹാസനമേറി' എന്ന ഗീതം കേൾക്കുമ്പോഴും മർത്തമറിയം സമാജം, പ്രാർത്ഥനായോഗം തുടങ്ങിയ പ്രസ്ഥാനങ്ങളുടെ വളർച്ച വീക്ഷിക്കുമ്പോഴും നാം മറക്കരുതാത്ത ഒരു നാമമുണ്ട്. പാത്താമുട്ടം മാളികയിൽ വന്ദ്യ എം.സി. കുറിയാക്കോസ് റമ്പാൻ. കാരണം ഇവയുടെയെല്ലാം പിന്നിൽ ആ സന്യസ്ത കരങ്ങളുണ്ട്. ജൂലൈ 20-നാണ് റമ്പാച്ചന്റെ അറുപത്തിയാറാം ഓർമ്മ. മലങ്കരയുടെ ആത്മീയ സാമുദായിക കാര്യവിചാരകർക്ക് ഒരു പാഠപുസ്തകമാണ് റമ്പാച്ചന്റെ ജീവിതം. എഴുത്തും പ്രഭാഷണവും കർമ്മമാർഗ്ഗമാക്കിയ ഈ യോഗീവര്യൻ മലങ്കരസഭയുടെ അക്ഷരപുണ്യമായിരുന്നു. കോട്ടയം ജില്ലയിൽ പാത്താമുട്ടം കരയിൽ 'മാളികയിൽ' എന്ന അനുഗ്രഹീത കുടുംബത്തിൽ 1901 ഓഗസ്റ്റ് 31 ശനിയാഴ്ച ജനനം. സമ്പദ്സമൃദ്ധമായ ജീവിത പശ്ചാത്തലത്തിൽ വളർന്നു വന്നു. മികച്ച വിദ്യാഭ്യാസം നേടി അദ്ധ്യാപന ജോലിയിൽ പ്രവേശിച്ച 'കോറിക്കൊച്ച്' വൈദിക വൃത്തിയും സന്ന്യാസവും തെരഞ്ഞെടുത്തത് ആലോചിച്ചുറച്ചായിരുന്നു.

ഒരു നിർണ്ണായകഘട്ടത്തിൽ കവിയൂർ സ്ലീബാപള്ളിയിലെ വികാരിയായി സഭയേൽപ്പിച്ച നിയോഗം ഭംഗിയായി നിറവേറ്റി കുറിയാക്കോസ് കത്തനാർ സഭാ ശുശ്രൂഷ ആരംഭിച്ചു. പിന്നീട് റമ്പാൻ സ്ഥാനത്തോടൊപ്പം ഭാരിച്ച അനേക ദൗത്യങ്ങൾ അദ്ദേഹത്തെ തേടിയെത്തി. കാതോലിക്കാനിധി ശേഖരണം, നിരണത്തെ പൊൻകുരിശു പുതുക്കിപ്പണിയുന്നതിന്റെ ചുമതല, മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ സെക്രട്ടറിയായ ഏക വൈദികസ്ഥാനി, ബാഹ്യകേരള ഭദ്രാസനാധിപനായിരുന്ന ആബോ അലക്സിയോസ് ഒ.ഐ.സി.യുടെ നിർദ്ദേശപ്രകാരം തന്റെ പ്രിയശിഷ്യനായ ഫാ. കെ.കെ. പുന്നൂസിനെ തിരുമേനിയ്ക്കു നൽകിയ ദീർഘദർശിയായ ഗുരു. ഈ വൈദികനാണ് പിന്നീട് ഉത്തരേന്ത്യയിൽ സഭയുടെ സുവിശേഷ വ്യാപനത്തിനു കാരണമായിത്തീർന്ന സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ. ഒരു വൃക്ഷത്തെ അതിന്റെ ഫലം കൊണ്ട് തിരിച്ചറിയാമല്ലോ.

വന്ദ്യ റമ്പാച്ചൻ സഭയിലെ കൺവെൻഷനുകൾക്കും പ്രാർത്ഥനായോഗങ്ങൾക്കും കൃത്യതയും നിഷ്ഠയുമുള്ള ചട്ടക്കൂട് തയ്യാറാക്കി. പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കരങ്ങൾക്ക് ശക്തിയായി അദ്ദേഹം നിലകൊണ്ടു. മലങ്കരസഭാ മാസികയുടെ തുടക്കം മുതൽ തന്റെ മരണം വരെ പത്രാധിപരും സ്ഥിരം രചയിതാക്കളിൽ ഒരാളുമായിരുന്നു അദ്ദേഹം. വി. വേദപുസ്തകത്തിലുള്ള അഗാധ ജ്ഞാനവും ഇതര സാഹിത്യകൃതികളുടെ വായനയും ഭാഷാപരിജ്ഞാനവും അദ്ദേഹത്തെ അദ്ധ്യാത്മിക രചനയെന്ന വിശാലസാഗരത്തിലെ മഹാനാവികനാക്കി. സഭാമാസികയിലെ അദ്ദേഹത്തിന്റെ 'ആത്മനിക്ഷേപം' എന്ന രചനയ്ക്കായി വിശ്വാസി സമൂഹം കാത്തിരുന്നു. ആത്മനിക്ഷേപത്തിലെ ഓരോ ലേഖനവും മലങ്കരസഭയുടെ ഹൃദയ നിക്ഷേപമായി മാറി.

മലങ്കരസഭയുടെ ഓർത്തഡോക്സിയോടും കാതോലിക്കാ സിംഹാസനത്തോടുമുള്ള അഗാധമായ ഭക്തിയായിരുന്നു അദ്ദേഹത്തിന്റെ വേര്. അവയ്ക്കെതിരെ ഉയരുന്ന വെല്ലുവിളികൾ അദ്ദേഹം സഹിച്ചിരുന്നില്ല. മഹിമയുള്ളതും ഭാരമേറിയതുമായ റമ്പാൻ പദപ്രാപ്തി അദ്ദേഹത്തിന് അലങ്കാരമായിരുന്നില്ല. ഉള്ളിലെ കനലായിരുന്നു യൗപ്പദ്യക്കിനോ മുതൽ റമ്പാൻ വരെയുള്ള സ്ഥാനങ്ങൾ അദ്ദേഹത്തിനു നൽകിയ പരി. പാമ്പാടി തിരുമേനി തന്നെ അദ്ദേഹത്തിന്റെ കന്തീലായും കബറടക്കവും നടത്തി. 1958 ജൂലൈ 20 നായിരുന്നു ഈ പിതാവിന്റെ അന്ത്യം. മലങ്കരസഭാ മാസികയുടെ ആർക്കൈവ്സും ഡോ. എം. കുര്യൻ തോമസ് എഡിറ്ററായി എം.ഒ.സി. പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച "പാത്താമുട്ടം മാളികയിൽ എം.സി. കുറിയാക്കോസ് റമ്പാൻ സ്മരണകൾ രചനകൾ" എന്ന ഗ്രന്ഥവും യതിവര്യപ്രവീണനായ ഈ പുണ്യപിതാവിന്റെ ജീവിത സംബന്ധിയായ അധികാരിക രേഖകളാണ്.

- ഫാ. സഖറിയാ തോമസ് പുതുപ്പള്ളി

**മലങ്കരസഭ മാസിക**
കാതോലിക്കേറ്റ് അരമന,
ദേവലോകം
കോട്ടയം-04
ഫോൺ: 0481-2573234

**പ്രസിഡന്റ്**
ഡോ. യൂഹാനോൻ മാർ
ദീയസ്കോറോസ്
മെത്രാപ്പോലീത്താ

**ചീഫ് എഡിറ്റർ**
ഫാ. സഖറിയാ തോമസ്

**മാനേജിംഗ് എഡിറ്റർ**
ഫാ. തോമസ് രാജു കരുവാറ്റ

**സബ് എഡിറ്റർ**
ഫാ. അലക്സ് തോമസ്
നാഴൂരിമറ്റത്തിൽ

**അംഗങ്ങൾ**
ഫാ.ഡോ. ബിജേഷ് ഫിലിപ്പ്
ഫാ. തോമസ് വർഗീസ് ചാവടിയിൽ
അഡ്വ. ബിജു ഉമ്മൻ
ഡോ. തോമസ് കുരുവിള
അലക്സിൻ ജോർജ്
മെർലിൻ റ്റി. മാത്യു

ഇ.മെയിൽ:
malankarasabha1946@gmail.com,
sabhamasika@yahoo.com

Read online:
www.mosc.in
www.malankarasabhaonline.com

*കംപ്യൂട്ടർ ഓപ്പറേറ്റർ*
*& ഗ്രാഫിക് ഡിസൈനർ :*
ജിന്റോ കുറിച്ചി

*അക്കൗണ്ടന്റ്:*
ബിജു വർക്കി
9947804477

# അകം

CONTENTS


9 ക്രിസ്തുകിരണങ്ങളുടെ ശുഭ്രത...
- സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ

10 ആകുലതകളെ അകറ്റുന്ന ദൈവവും...
- അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ

14 ദൈവത്തിന്റെ ദാനം...
- ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ

16 മത്സരം തുടങ്ങിയിട്ടേയുള്ളൂ
- സന്തോഷ് കോശി ജോയ്

18 നസ്രാണി പെമ്പിളമാരുടെ സാംസ്കാരിക തനിമ...
- ഫാ. യാക്കോബ് മാത്യു

20 ദൈവമാതാവിന്റെ വാങ്ങിപ്പ്
- ഫാ. ജോബ് സാം മാത്യു

30 പതിനെട്ടാം പൊതുതിരഞ്ഞെടുപ്പ്...
- എം.പി. മത്തായി

35 യൂർഗൻ മോൾട്ട്മാൻ
- ഫാ.ഡോ. റജി മാത്യു

42 ബൈബിളിലെ ശതാധിപന്മാർ
- സുഭാഷ് മാത്യു പുത്തൻപുരയിൽ

പംക്തികൾ

വചനദീപ്തി
വേദാനുഭവം
കാലാവസ്ഥാ വ്യതിയാനം
പരിസ്ഥിതി








മലങ്കരസഭ

വരിക്കാരാകുവാനും
വരിസംഖ്യ പുതുക്കുവാനും
QR CODE SCAN ചെയ്യുക.
പണമടച്ചതിനു ശേഷം 8281661946
എന്ന
വാട്സാപ്പ് നമ്പറിൽ അറിയിക്കുക.

SCAN & PAY



Dr. Yuhanon Mar Diascoros

LETTER FROM
THE PRESIDENT

# ലോക്സഭാ തെരഞ്ഞെടുപ്പ് ജനാധിപത്യത്തിന്റെ മഹത്വം

ഇന്ത്യയിലെ ഗ്രാമങ്ങളിലും നഗരങ്ങളിലുമായി വോട്ടവകാശം സമർത്ഥമായി വിനിയോഗിച്ച ജനങ്ങൾ ഭാരതത്തിന്റെ ജനാധിപത്യമൂല്യം ഉയർത്തി. എക്സിറ്റ് പോളുകൾ പൊള്ളത്തരങ്ങളാണെന്ന് ജനങ്ങൾ തെളിയിച്ചു. പ്രവചനങ്ങളുടെ ആത്മവിശ്വാസത്തിൽ എം.പി ആകാൻ സീറ്റ് ഉറപ്പിച്ച പലരെയും ജനങ്ങൾ എക്സിറ്റ് അടിച്ചു. രാഷ്ട്രീയകക്ഷികളെ നോക്കാതെ ജനം തങ്ങൾക്ക് പ്രിയരായവരെ തിരഞ്ഞെടുത്തു. കേരളത്തിൽ ആഞ്ഞടിച്ചത് ഭരണവിരുദ്ധവികാരം തന്നെയെന്ന് ഭരണകക്ഷിയിലെ പാർട്ടികളും വ്യക്തികളുംതന്നെ വിലയിരുത്തുന്നു. പ്രതിപക്ഷത്തിന് അനുകൂലമായ ശക്തമായ സ്വാധീന ഘടകങ്ങൾ ഇല്ലാഞ്ഞിട്ടുപോലും കേരളത്തിലെ സർക്കാരിന്റെ പ്രവർത്തനങ്ങളോടുള്ള ശക്തമായ വിയോജിപ്പാണ് യുഡിഎഫിന് അനുകൂലമായതെന്ന് എല്ലാ രാഷ്ട്രീയ കക്ഷികളും മനസ്സിലാക്കണം. തൃശ്ശൂരിൽ ശ്രീ. സുരേഷ് ഗോപിയുടെ വിജയം സൂചിപ്പിക്കുന്നത് കേരളത്തിലെ ഭൂരിപക്ഷംവരുന്ന ജനത്തിനും കക്ഷി രാഷ്ട്രീയമല്ല പ്രാധാന്യം എന്നതാണ്. എൻ.ഡി.എ ആയാലും, യു.ഡി.എഫ് ആയാലും, എൽ.ഡി.എഫ് ആയാലും, കേരളത്തിന്റെ മഹത്തായ മതേതരത്വ പാരമ്പര്യവും, പരസ്പരമുള്ള സഹിഷ്ണുതയുടെയും, സ്നേഹസംസ്കാരത്തിന്റെയും സാക്ഷികളായി നിന്ന് നീതിനിർവഹണവും നിയമപാലനവും നടത്തി ജനത്തെ സമീപിച്ചാൽ ജനം കൂടെ നിൽക്കും എന്നുറപ്പാണ്.

ദേശീയ ജനാധിപത്യ സംഖ്യം തുടർച്ചയായി മൂന്നാം തവണയും അധികാരത്തിലേറാനുള്ള കേവല ഭൂരിപക്ഷം നേടിയെങ്കിലും വിജയത്തിളക്കം നഷ്ടപ്പെടുത്തിയെന്നത് ഗൗരവത്തോടെ കാണുവാൻ ബിജെപി പോലെയുള്ള രാഷ്ട്രീയപാർട്ടികൾക്കിടയാകണം. ഒറ്റ പാർട്ടിയിലേക്കും ഒറ്റ വ്യക്തിയിലേക്കും അധികാരം കേന്ദ്രീകരിച്ചിരിക്കുന്നതിനെതിരെയും രാജ്യത്ത് നിലവിലുള്ള ഉറച്ച ഭരണഘടനക്കും ഭരണഘടനാ സ്ഥാപനങ്ങൾക്കും ഇളക്കമുണ്ടാകുമെന്ന് പ്രത്യക്ഷത്തിലും പരോക്ഷത്തിലുമുള്ള ഭീഷണികൾക്ക് എതിരെയുമുള്ള ജനത്തിന്റെ ക്രിയാത്മക പ്രതികരണമായി ഈ തെരഞ്ഞെടുപ്പിനെ കാണേണ്ടിയിരിക്കുന്നു. അസഹിഷ്ണുതയും വർഗ്ഗീയതയും തീവ്രവാദവും നിയമലംഘനവും അക്രമരാഷ്ട്രീയവും നടത്തുന്നവരെയും അതിന് കൂട്ടുനിൽക്കുന്നവരെയും ജനത്തിനു വേണ്ട എന്ന് അവർ പ്രഖ്യാപിച്ചിരിക്കുന്നു. തൊഴിലില്ലായ്മയും ദാരിദ്ര്യവും കാർഷിക പ്രതിസന്ധികളും മറ്റു സാമ്പത്തിക പ്രതിസന്ധികളും അടക്കമുള്ള വിഷയങ്ങളോട് വാക്കുകൊണ്ടും പ്രകടനപത്രിക കൊണ്ടും മാത്രം പ്രതികരിക്കാതെ രാജ്യം എല്ലാതലത്തിലും വളർന്നുവെന്ന് പ്രായോഗികതലത്തിൽ ജനത്തിന് ബോധ്യമാക്കിക്കൊടുക്കണം. ഇന്ത്യാസഖ്യം അവസാന നിമിഷത്തിൽ കാണിച്ച ഐക്യം കുറച്ചുകൂടി മുന്നേ കാണിച്ചു തുടങ്ങിയിരുന്നുവെങ്കിൽ അവർക്ക് ഭരണകക്ഷിയായി മാറാമായിരുന്നു എന്നത് യാഥാർത്ഥ്യമാണ്. എങ്കിലും ശക്തമായ ഒരു പ്രതിപക്ഷം ഇന്ത്യയിൽ ഉണ്ടായിയെന്നത് ജനത്തിന് ആശ്വാസമാണ്. കുതിരകച്ചവടവും കാൽമാറ്റവും ഇല്ലാതെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഭരണപക്ഷവും, പ്രതിപക്ഷവും ഉണ്ടെങ്കിൽ ഭാരതം തിളങ്ങും എന്നുറപ്പാണ്.

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അഭിമാനിക്കാം. ആർക്ക് വോട്ട് ചെയ്യണമെന്ന് സഭാനേതൃത്വം വിശ്വാസികളോട് പറഞ്ഞില്ല. സഭയുടെ നിലപാട് അതിന്റെ വിശ്വാസികളുടെ നിലപാട് തന്നെയായിരുന്നു. ഭാരതത്തിന്റെ പരമോന്നത നീതിപീഠം സഭയ്ക്ക് നൽകിയ വിധി തീർപ്പിനെ തച്ചുടയ്ക്കാൻ വേണ്ടി എന്തും കാട്ടിക്കൂട്ടുന്നവർക്ക് അനുകൂലമായി മാത്രം പ്രവർത്തിക്കുന്ന രാഷ്ട്രീയ നേതാക്കൾക്ക് വ്യക്തമായ മറുപടി സഭാമക്കൾ ഈ തെരഞ്ഞെടുപ്പിലൂടെ നൽകിയെന്നത് നിയമലംഘകരും അവർക്ക് കൂട്ടുനിൽക്കുന്ന രാഷ്ട്രീയ നേതാക്കളും മനസ്സിലാക്കിയാൽ നന്ന് എന്ന് മാത്രം ഓർമിപ്പിക്കുന്നു.

ഭാരതീയർക്ക് വേണ്ടത് രാജ്യത്തിന്റെ അഖണ്ഡതയും അതിനുള്ളിലെ മതേതര സംസ്കാരവും സ്നേഹവും സൗഹൃദവും പരിശുദ്ധമായ നീതി നിർവഹണവും നിയമപാലനവും ഒക്കെയാണ്. അവയൊക്കെ നിലനിൽക്കുവാൻ ജനം തിരഞ്ഞെടുത്ത് വിടുന്നവർ ശ്രദ്ധിച്ചില്ലെങ്കിൽ ജനാധിപത്യത്തിന്റെ മഹിമ ഉയർത്തിപ്പിടിക്കുവാൻ ജനം തീരുമാനിക്കുമെന്നതിന് 2024-ലെ ലോകസഭാ തെരഞ്ഞെടുപ്പ് തെളിവായി. പുതുതായി ചുമതലയേറ്റ ഭാരതസർക്കാറിന് അഭിനന്ദനങ്ങൾ! ഭാരതീയ ജനതയ്ക്ക് ആശംസകൾ! ജയ്ഹിന്ദ്!

# 25-ാമത് ഓർമ്മപ്പെരുന്നാളും
## ചരമ രജത ജൂബിലി സമാപന സമ്മേളനവും



## അഭി. ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ

(12-08-1926 - 23-07-1999)

### ഹോളി ട്രിനിറ്റി ആശ്രമം, റാന്നി

Founder of the Ashram - 1970

I st Metropolitan of the Trivandrum Diocese- 1979 -1999

റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ 2024 ജൂലൈ 16 ന് കൊടിയേറ്റ്.

22 ന് : 3.00 PM തീർത്ഥാടക സംഗമം 6.00 PM സന്ധ്യാനമസ്ക്കാരം 7.00 PM അനുസ്മരണ പ്രഭാഷണം

23 ന് : 8.00 AM വിശുദ്ധ കുർബ്ബാന 9.30 AM ജൂബിലി സമാപന സമ്മേളനവും, പുസ്തക പ്രകാശനവും

പരി. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവായുടെയും, സഭയിലെ അഭി. മെത്രാപ്പോലീത്താമാരുടെയും കാർമികത്വത്തിൽ

**Institutions Founded By H.G. Geevarghese Mar Dioscorus Metropolitan**

1. Orthodox Church Centre (Diocesan Aramana) Ulloor, Tvm
2. Holy Trinity English Medium School, Sreekariyam, Tvm
3. Vattasseril Mar Dionysius Metropolitan (VMDM) Centre, Edamulakkal, Ayoor
4. Holy Trinity Disabled Children Centre, Sreekariyam, Tvm.
5. Holy Cross Convent, Sreekariyam, TVM.
6. Mar Gregorios Centre, Manalil, Punalur
7. Charitable and Educational Society of the Trivandrum Diocese
8. Mar Dioscorus CBSE School, Kesavadasapuram, TVM
9. Tabore Ladies Hostel & Day Care Centre, Kesavadasapuram, TVM.
10. Marion Play Home, Nanthancode, TVM.
11. St. Gregorios Mission Centre, Malayankeezhu, TVM
12. Chenkotta Mission, Tamilnadu

# ക്രിസ്തുകിരണങ്ങളുടെ ശുഭ്രതയിറ്റുന്ന ഒറ്റയാൾത്താര

സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ

Modern man has lost touch with the truest and highest aspect of himself. And the result of this inward alienation can be seen in his restlessness, his lack of identity and his loss of hope"
Bishop Kalistos ware.



പുതിയകാല മനുഷ്യഭാവങ്ങളിലെ കാപട്യത്തിന്റെ അടിസ്ഥാനകാരണങ്ങളിലൊന്നായിട്ടാണ് ആന്തരികമായ ഈ അന്യവത്ക്കരണത്തെ പൗരസ്ത്യ ഓർത്തഡോക്സ് പാഠങ്ങളിൽ അവതരിപ്പിക്കുക. ആത്മാന്വേഷണത്തിന്റെ അഭാവം സൃഷ്ടിക്കുന്ന പൊള്ളത്തരങ്ങളും പൊങ്ങച്ചങ്ങളും പെരുകുമ്പോൾ നാമറിയാതെ ഓർത്തുപോകുന്ന ചില മനുഷ്യരുണ്ട്. അത്തരം കാതലായ ഒരോർമ്മയാണ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ ബാവായുടേത്. നാട്യങ്ങളില്ലാത്ത പച്ച മനുഷ്യന്റെ സുഗന്ധം പരത്തിയ വന്ദ്യപിതാവ്. നീതിപൂർവ്വമായ സമാധാനമാണ് ശാശ്വതമായിത്തീരുക എന്ന ഒറ്റ നിലപാടുകൊണ്ട് മാത്രം അപദാനങ്ങളേക്കാൾ അപവാദങ്ങൾക്കിരയായി എന്നത് ചരിത്രം. സ്വത്തുതർക്കം, സ്നേഹരാഹിത്യം, കലഹപ്രിയം എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത അപരാധങ്ങൾ ചുമത്തിയാണ് പരസ്യവിചാരണകൾ അരങ്ങേറിയത്. പക്ഷെ, അദ്ദേഹത്തിന്റെ ശരിദൂരം തത്സമയ സംപ്രേഷണങ്ങളിലെ അഭിപ്രായ നിർമ്മിതിയായിരുന്നില്ല. അത് ചരിത്രബോധമുള്ളവന്റെ ശരിദൂരമായിരുന്നു.

അതിഭാവുകത്വത്തിന്റെ കറപുരളാതെ നിലനില്ക്കാനാവുക അത്ര നിസ്സാരമല്ല. ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരാൻ മനുഷ്യർ മത്സരിക്കുന്ന കാലമാണിത്. ചിലർക്ക് ഇത്തരി സമ്പത്ത് വർദ്ധിച്ചാൽ അവരിൽ ചിലർ മനുഷ്യരല്ലാതാവുന്നുണ്ട്. മറ്റു ചിലർക്ക് സ്ഥാനമാനങ്ങൾ തരപ്പെട്ടാൽ മതിയാവും. ചിലർക്കാകട്ടെ ബിരുദങ്ങൾ ഏറിയാൽ മതിയാവും. വേറെ ചിലർക്ക് അല്പം മുഖസ്തുതി കേൾക്കേണ്ട ആവശ്യമേയുള്ളൂ. ഇത്രയൊക്കെയായാൽ തങ്ങൾ സദാനേരവും പൂജിക്കപ്പെടേണ്ടവരും വന്ദിക്കപ്പെടേണ്ടവരുമെന്ന ധാരണയിലാണ് അവരുടെ ഗമനാഗമനങ്ങളത്രയും.

സത്യമായും സാധാരണത്വം പുലർത്തുകയെന്നാൽ അത് ആഴമേറിയ നിലപാടുകളുടെ പരിണിതിയാണ്. വെറുതെയിങ്ങനെ സദാ മനുഷ്യനായിത്തീരുന്നതിന്റെ പാഠമാണ് യേശുവിന്റെ സുവിശേഷം. പല കാലങ്ങളിൽ പലർ അതിനെ ചരിത്രത്തിൽ പകർത്തിയെഴുതിയിട്ടുണ്ട്. അവരങ്ങനെ ചില ഒറ്റപ്പെട്ട വഴികൾ തെളിച്ചെടുത്തിട്ടുണ്ട്. അത്തരമൊരു ഒറ്റയടിപ്പാതയാണ് മലങ്കരയുടെ ഭാഗ്യവാനായ മോറാൻ ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ. ക്രിസ്തുകിരണങ്ങളുടെ ശുഭ്രതയിറ്റുന്ന ഒറ്റയാൾത്താര....





# ആകുലതകളെ അകറ്റുന്ന ദൈവവും അതിജീവിക്കുന്ന സമൂഹവും...

**അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ**

നാം ജീവിക്കുന്ന ഇന്നിനേക്കാൾ മനോഹരമായ ഒരു നാളെയെ കുറിച്ചുള്ള പ്രതീക്ഷകളും സ്വപ്നങ്ങളുമാണ് മനുഷ്യനെ നിലനിർത്തുന്നത്, അതു ഭൗതികതയിലായാലും ആത്മീയതയിലായാലും, വ്യക്തിപരമായാലും സാമൂഹികമായിട്ട് ആണെങ്കിലും അങ്ങനെ തന്നെ ആണ്. ഈ പ്രതീക്ഷകളും സ്വപ്നങ്ങളും സഞ്ചരിക്കുന്ന വഴികൾ ചിലപ്പോഴൊക്കെ നമ്മളെ അസ്വസ്ഥതപ്പെടുത്താറുണ്ട്. നാളെയെപ്പറ്റിയുള്ള പ്രതീക്ഷകൾ ആകുലതകൾ കൈയടക്കുന്ന ഒരു ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്. ചിലപ്പോഴൊക്കെ പ്രതീക്ഷകളുടെ അമിതഭാരവും, പരാജയ ഭീതിയും, നാളെയെപ്പറ്റിയുള്ള അനിശ്ചിതത്വങ്ങളും ഈ ആകുലതകൾ സൃഷ്ടിക്കുന്നുണ്ട്. സാധാരണ മനുഷ്യരെ സംബന്ധിച്ച് ഈ ആകുലതകളിലെല്ലാം ആദ്യം ഓടി എത്തുന്നതും സമാധാനം കണ്ടെത്തുന്നതും ദൈവസന്നിധിയിലും ദൈവാലയത്തിലുമാണ്. എന്നാൽ ദൈവാലയത്തോടു നിരന്തരം ചേർന്നു നിൽക്കുന്നവരും മനുഷ്യരെ ദൈവത്തോടു ചേർത്തു നിർത്തുന്നവരുമായ പുരോഹിതന്മാരുടെ വ്യക്തിജീവിതങ്ങളും കുടുംബജീവിതങ്ങളും ഈ ആകുലതകളിൽ നിന്നും മുക്തരല്ല. അവിടെ വലിയ പ്രതീക്ഷയും ഉറപ്പും അതിജീവനത്തിനുള്ള ശക്തിയും നൽകുന്ന തിരുവചനഭാഗമാണ് 1 കൊരിന്ത്യർ 10.13. "മനുഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല ദൈവം വിശ്വസ്തൻ നിങ്ങൾക്ക് കഴിയുന്നതിനു മീതേ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിക്കുവാൻ കഴിയേണ്ടതിനു പരീക്ഷയോടു കൂടി അവൻ പോക്കുവഴിയും ഉണ്ടാക്കും". ആകുലതകൾ വ്യക്തി അധിഷ്ഠിതമാണെങ്കിലും പുരോഹിതന്മാരുടെ ജീവിതപങ്കാളികളുടെ, ബസ്ക്യോമോമാരുടെ ഈ കൂടിവരവിൽ ചിന്തിക്കുമ്പോൾ അതിനു ഒരു പൊതു സ്വഭാവമുണ്ട്, ഒരു സാമൂഹിക മാനമുണ്ട്. അതുകൊണ്ട് അതിജീവിക്കുന്ന സമൂഹം എന്നത് ഈ കൂടിയിരിക്കുന്ന സമൂഹത്തിനു നൽകുന്ന വിശേഷണമാണ്, അതിനെപ്പറ്റിയുള്ള വിശ്വാസമാണ്. ഒരു വലിയ പ്രളയത്തെ കേരളസമൂഹവും കൊറോണ എന്ന മഹാവ്യാധിയെ ലോകവും അതിജീവിക്കുന്നതിനു നമ്മൾ സാക്ഷികളും പങ്കാളികളുമാണ്. എന്നാൽ ഒരു ചെറിയ സമൂഹം എന്ന നിലയിൽ ഇന്നു നമ്മൾ നേരിടുന്ന ആകുലതകളെ അതിജീവിക്കുവാൻ ആഴമായ ദൈവാശ്രയത്തോടൊപ്പം ഈ സമൂഹത്തിനുള്ളിലെ പരസ്പരമുള്ള ഇഴയടുപ്പം എറെ ശക്തമാകേണ്ടതുണ്ട്.

ഇടവക ശുശ്രൂഷയിലെ സംഘർങ്ങളെയും പ്രതിസന്ധികളെയും പലപ്പോഴും ലഘൂകരിച്ചും സാമാന്യവൽക്കരിച്ചും കാണുന്നുവെങ്കിലും വിശാലമായ കാലത്തിന്റെ വീക്ഷണത്തിൽ പൗരോഹിത്യം ഇന്ന് ഒരു അതിജീവന സംഘർഷത്തിലാണ്. അതു കേവലം നിലനിൽപ്പിനായുള്ളതല്ല, പൂർണ്ണതയോടെ ഉള്ള നിലനിൽപ്പിനുള്ള പരിശ്രമമാണ്. ആത്മീയതയെപ്പറ്റിയുള്ള കാഴ്ചപ്പാടുകൾ മാറുന്ന ഒരു കാലമാണിത്. സ്വാഭാവികമായും ദൈവാലയ കേന്ദ്രീകൃതമായ ഒരു ആത്മീയതയുടെ കേന്ദ്രസ്ഥാനമായിരുന്ന പുരോഹിതനെപ്പറ്റിയുള്ള കാഴ്ചപ്പാടിലും അവരോടുള്ള സമീപനങ്ങളിലും ഈ മാറ്റം പ്രതിഫലിക്കും. കൂദാശകളും പെരുന്നാളുകളും സാംസ്കാരിക, ആഘോഷ, വിനോദ പരിപാടികളായി മാറുമ്പോൾ ക്രിസ്തുവിന്റെ കൗദാശിക സാന്നിദ്ധ്യമായ പുരോഹിതൻ പലരുടെയും ദൃഷ്ടിയിൽ കേവലം കാർമ്മികനായും മേൽനോട്ടക്കാരനുമായി മാത്രം മാറുന്നു. ചിലരുടെ എങ്കിലും ആത്മബോധവും അതി

നോട് അനുരൂപപ്പെടുകയും അക്കാര്യങ്ങളുടെ മനോഹരമായ പൂർണ്ണതയിൽ സായൂജ്യമടയുകയും ചെയ്യുന്നുണ്ട് എന്നതും അവഗണിക്കാനാവുന്നില്ല.

അതിജീവനത്തിന്റെ പോരാട്ടത്തിൽ ഏറെ പ്രചോദിപ്പിക്കുന്ന ഒരു ജീവിതമാണ് ചങ്ങനാശ്ശേരി സ്വദേശിയായ ജിലുമോൾ മാരിയറ്റ് തോമസിന്റെ ജീവിതം. ജന്മനാ രണ്ടു കൈയ്യും ഇല്ലാത്ത കുട്ടിയായാണ് ജിലുമോൾ ജനിച്ചത്. നാലര വയസ്സുള്ളപ്പോൾ അമ്മ മരിച്ച ആ കുട്ടി ജീവിതത്തിലെ പരിമിതികളിൽ തളർന്നുപോകാതെ വിദ്യാഭ്യാസം പൂർത്തിയാക്കി. അനിമേഷനും ഗ്രാഫിക്സ് ഡിസൈനിങ്ങും പഠിച്ച് ജോലി നേടി. കൈകൾ ഇല്ലാത്തതിന്റെ പരിമിതി തന്റെ കാലുകൾ കൊണ്ട് മറികടക്കുവാൻ ജിലുമോൾ നിരന്തരം പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. ഏതാനും മാസങ്ങൾ മുമ്പ് ആ കുട്ടിയുടെ പിതാവും മരിച്ചു. ആ പ്രതിസന്ധിയിലും അതിജീവനത്തിന്റെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന് കാലു കൊണ്ട് വാഹനം ഓടിച്ച് ഡ്രൈവിംഗ് ലൈസൻസ് നേടി എന്നതാണ്. അംഗപരിമിതികൾ ഒന്നും ഇല്ലാതിരുന്നിട്ടും ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിട്ടും ഭയന്ന് വണ്ടി ഓടിക്കാതെ മാറിനിൽക്കുന്നവർ ഏറെയുള്ള , വണ്ടി ഓടിച്ചാൽ അപകടം ഉണ്ടാകുമോ എന്ന അമിത ഭയം ആകുലതയായി ഉള്ളിൽ സൂക്ഷിക്കുന്നവരോട് ആ കുട്ടി പറയുന്നത് ആകുലതകളുടെ പിന്നിൽ ഒളിക്കാതെ നമ്മളുടെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തണം എന്നാണ്.

1 കൊരിന്ത്യർ 10.13 - ൽ ആകുലതകളെ അകറ്റുന്ന ദൈവത്തെപ്പറ്റി പൌലോസ് ശ്ലീഹാ എഴുതുമ്പോൾ അതിനു വ്യക്തമായ ഒരു പശ്ചാത്തലമുണ്ട്. ശ്ലീഹാ ലേഖനം എഴുതുന്ന കൊരിന്തിലെ സഭ അക്കാലത്തെ നാഗരികതയുടെ ഒരു പ്രധാന കേന്ദ്രം ആയിരുന്നു. ഒരു തുറമുഖ പട്ടണവും പ്രമുഖ വാണിജ്യ കേന്ദ്രവും എന്ന നിലയിൽ വലിയ സമ്പൽ സമൃദ്ധി അനുഭവിച്ചിരുന്ന പട്ടണം ആയിരുന്നു. എന്നാൽ മദ്യപാനവും സദാചാരരഹിതമായ ജീവിതവും കൊണ്ട് അധാർമ്മികതയുടെ അങ്ങേയറ്റത്തായിരുന്നു ആ പട്ടണം. കൊരിന്തിലെ സഭയിൽ യഹൂദക്രിസ്ത്യാനികളും പുറജാതി ക്രിസ്ത്യാനികളും ഉണ്ടായിരുന്നു. ആ സഭയിലെ അനൈക്യം, ചുറ്റുമുള്ള അധാർമ്മികത സഭയെ ബാധിക്കുന്നത്, ക്രിസ്തീയ വിശ്വാസത്തെപ്പറ്റിയും ജീവിതത്തെയും കുറിച്ചുള്ള സംശയങ്ങളും ചോദ്യങ്ങളും എല്ലാം കൊരിന്ത്യ സഭയുടെയും അതോടൊപ്പം ആ സഭയെപ്പറ്റി പൗലോസ് ശ്ലീഹായുടെയും ആകുലതകൾ ആയിരുന്നു. ലൗകിക ജ്ഞാനവും ആത്മീയ ജ്ഞാനവും തമ്മിലുള്ള സംഘർഷവും കൊരിന്തിലെ വിശ്വാസികളുടെ മനസ്സിൽ നിലനിന്നിരുന്നു. തങ്ങളുടെ സാംസ്കാരികമായ ഔന്നത്യത്തിൽ അഹങ്കരിച്ചിരുന്ന ഒരു കൂട്ടം മനുഷ്യർ കൊരിന്തിൽ ഉണ്ടായിരുന്നു. മനുഷ്യന്റെ അറിവിന്റെ മുകളിലുള്ള ദൈവിക ജ്ഞാനത്തിന്റെ ശ്രേഷ്ഠതയെ വ്യക്തമാക്കുന്ന പൗലോസ് ശ്ലീഹാ അത്തരം മനുഷ്യരെ വിളിക്കുന്നത് ലോകജ്ഞാനത്തിൽ ഭോഷന്മാരായി കഴിയുന്നവർ എന്നാണ്. സഭയെ ബാധിച്ചിരുന്ന ഈ വിഷയങ്ങളെപ്പറ്റിയാണ് 1 മുതൽ 4 വരെ അദ്ധ്യായങ്ങൾ പ്രതിപാദിക്കുന്നത്. സഭയിലെ യഹൂദന്മാരും പുറജാതി ക്രിസ്ത്യാനികളും തന്റെ സന്ദേശത്തിന്റെ യഥാർത്ഥ മൂല്യം മനസ്സിലാക്കുന്നില്ല എന്നതാണ് യഹൂദന്മാർ അടയാളം അന്വേഷിക്കുന്നു, യവനന്മാർ ജ്ഞാനം അന്വേഷിക്കുന്നു എന്നു പറയുമ്പോൾ ശ്ലീഹായുടെ ആകുലതയായി പ്രതിഫലിക്കുന്നത്. തുടർന്നും ശ്ലീഹാ കൊരിന്തിലെ വിവിധ വിഷയങ്ങളെ അഭിസംബോധന ചെയ്യുന്നു. വിശ്വാസം സംബന്ധിച്ച്, ജീവിത രീതികൾ സംബന്ധിച്ച് ഒക്കെയും സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം വിശ്വാസികളെ ഉപദേശിക്കുന്നുണ്ട്. എല്ലാ സമൃദ്ധികളുടെ നടുവിലും ആകുലത വർദ്ധിച്ചിരിക്കുന്ന ഒരു സമൂഹത്തെ ക്രിസ്തീയ ദർശനങ്ങളിലേക്ക് നയിക്കുമ്പോൾ നൽകുന്ന വാഗ്ദാനം ആണ് ചിന്തയ്ക്കാധാരമായ വേദഭാഗം.

ആകുലതകൾക്ക് മനശ്ശാസ്ത്രപരമായും കുടുംബപരമായും സാമൂഹ്യപരമായും ആയ ഒത്തിരി കാരണങ്ങൾ ഉണ്ട്. ശാസ്ത്രീയമായി അതിനെ പലതായും വേർതിരിച്ചിട്ടുമുണ്ട്. സ്വന്തം സുരക്ഷിതത്വത്തെക്കുറിച്ചുള്ള ഭയവും നഷ്ടമായതിനെക്കുറിച്ചുള്ള ശൂന്യതാബോധവുമാണ് നമ്മൾ നേരിടുന്ന പല ആകുലതകൾക്കും കാരണം. മറ്റുള്ളവരുടെ നോട്ടത്തിൽ നിസ്സാരമായി തോന്നാമെങ്കിലും തന്റെ കളിപ്പാട്ടം നഷ്ടപ്പെട്ട ഒരു കുട്ടിക്ക് വലിയ ആകുലതയും സങ്കടവുമുണ്ട്. നിത്യവൃത്തി ചെയ്ത് ഉപജീവനം കഴിക്കുന്ന ഒരു തൊഴിലാളിക്ക് നിസ്സംഗത തോന്നാമെങ്കിലും രാജ്യം നഷ്ടപ്പെട്ട രാജാവിന്റെയും ആകുലത അയാളുടെ ജീവനോളം വലിയതാണ്. അതിജീവിക്കുന്ന ഒരു സമൂഹമായി വളരണമെങ്കിൽ ഓരോ മനുഷ്യരെയും മനസ്സിലാക്കി കരുതുവാൻ നമ്മൾക്ക് കഴിയണം. രോഗലക്ഷണം കേട്ടു മരുന്നു കൊടുക്കുന്ന രീതി ഫലരഹിതമാകും എന്നു മാത്രമല്ല ചിലപ്പോൾ കൂടുതൽ ദോഷവുമുണ്ടാക്കും. ഭൗതിക സാഹചര്യങ്ങൾ ഏറെക്കുറെ സമാനമാകാമെങ്കിലും ഓരോ കുടുംബവും വ്യക്തികളും വ്യത്യസ്തരാണ്. ഈ വ്യത്യസ്തതകളിൽ വ്യക്തികളെയും കുടുംബങ്ങളെയും ഉൾക്കൊണ്ടു മാത്രമേ അതിജീവനത്തിന്റെ വഴികളെ തുറക്കുവാൻ സാധിക്കൂ.

### മനുഷ്യശക്തിക്കു നിയന്ത്രിക്കാൻ കഴിയാത്ത വിഷയങ്ങളിൽ ആകുലപ്പെടുന്നവരുണ്ട്.

വി. മത്തായി 8.23-27 കർത്താവ് കൊടുങ്കാറ്റിനെ ശാന്തമാക്കുന്നത് നാം വായിക്കുന്നുണ്ട്. അതു കർത്താവിന്റെ അത്ഭുതശക്തിയെ കാണിക്കുന്ന ഭാഗം മാത്രമല്ല, ജീവിതത്തിലെ കൊടുങ്കാറ്റുകളുടെ മദ്ധ്യത്തിൽ, നമ്മൾക്ക് നിയന്ത്രിക്കുവാൻ കഴിയാത്ത സാഹചര്യങ്ങളിൽ ദൈവാശ്രയത്തിൽ എങ്ങനെ ആകുലതകളെ മറികടക്കണം എന്ന പാഠം കൂടിയാണ്. പ്രകൃതി ദുരന്തങ്ങളും, മഹാമാരികളും. രോഗങ്ങളും ഒക്കെ പലപ്പോഴും മനുഷ്യൻ നിസ്സഹായനായിപ്പോകുന്ന അവസരങ്ങളാണ്. ജീവിതത്തിൽ ഇതെല്ലാം കടന്നുവരാം എന്നുള്ള അവബോധം കാത്തുസൂക്ഷിച്ചാൽ അപ്രതീക്ഷിതമായ സാഹചര്യങ്ങളിൽ അകാരണമായ ഭയങ്ങളിൽ പെട്ടുപോകാതെയിരിക്കാം. അത്തരം സാഹചര്യങ്ങളിൽ നാം അശക്തരാകുന്നുവെങ്കിലും ശക്തനായ ഒരു ദൈവം കൂടെ ഉണ്ടെന്ന വിശ്വാസം നമ്മെ ബലപ്പെടുത്തണം.

### നമ്മളുടെ പരിമിതികൾ അംഗീകരിക്കാൻ സാധിക്കാത്തതു മൂലമുള്ള ആകുലതകൾ

നേട്ടങ്ങൾ സ്വന്തമാക്കുന്നവരെയും വിജയികളാകുന്നവരെയും മാത്രം ആഘോഷിക്കുന്ന ഒരു ലോകത്ത് നമ്മൾ പരിമിതികൾ ഉള്ളവരാണ് എന്ന് സ്വയം അംഗീകരിക്കുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. എന്നാൽ അതിനു സാധിക്കാതെ വന്നാൽ യഥാർത്ഥത്തിൽ നമ്മളുടെ അപര്യാപ്തതയും നമ്മളുടെ ആകുലതകളും കൂടു

തൽ വർദ്ധിക്കുകയേ ഉള്ളൂ. വിവിധ ചുമതലകളിൽ നമ്മൾ പുലർത്തുന്ന ഉന്നതമായ നിലവാരം നമ്മളുടെ കഠിനാധ്വാനത്തിന്റെയും, ഉള്ള കഴിവുകളുടെ ശരിയായ ഉപയോഗത്തിന്റെയും ഫലമാണ്. എന്നാൽ അതുകൊണ്ട് എന്തും നമ്മൾക്ക് സാദ്ധ്യമാണ് എന്ന അമിത ആത്മവിശ്വാസം ഉണ്ടായിപ്പോകരുത്. പലപ്പോഴും നമ്മളെപ്പറ്റി തന്നെ യാഥാർത്ഥ്യത്തിനു നിരക്കാത്ത പ്രതീക്ഷകളാണ് നമ്മൾക്ക് ഉള്ളത്. അതിനു കാരണം നമ്മളുടെ പരിമിതികൾ പറഞ്ഞ് എന്തിൽ നിന്നെങ്കിലും ഒഴിഞ്ഞു മാറിയാൽ നമ്മളെ കഴിവില്ലാത്തവരായി, ധൈര്യമില്ലാത്തവരായി സമൂഹം കാണുമോ എന്ന ഭയമാണ്. നമ്മളെല്ലാം പരിമിതികൾ ഉള്ള മനുഷ്യരാണ് എന്ന് അംഗീകരിക്കുകയാണ് ആനാവശ്യമായ ആകുലതകൾ ഒഴിവാക്കാനുള്ള ഏറ്റവും എളുപ്പ മാർഗ്ഗം.

ഒരേ സമയം ഒന്നിലധികം ചുമതലകൾ ഏറ്റെടുക്കുമ്പോൾ കൂടുതൽ ഉത്തരവാദിത്വവും പ്രതിബദ്ധതയും കാണിക്കേണ്ടി വരും. അതിനു പലപ്പോഴും കൊടുക്കേണ്ടി വരുന്ന വില നമ്മളുടെ ആരോഗ്യവും കുടുംബത്തിനു വേണ്ടി ചിലവഴിക്കേണ്ട നല്ല സമയങ്ങളുമാണ്. ജനങ്ങളെ പ്രീതിപ്പെടുത്തുവാനും മറ്റുള്ളവരേക്കാൾ പ്രാധാന്യം ലഭിക്കണമെന്നും ആഗ്രഹിക്കുമ്പോൾ എല്ലാക്കാര്യങ്ങളും ഒറ്റയ്ക്ക് ചെയ്യണം എന്ന് നിർബന്ധം ഉണ്ടാകും. എന്നാൽ അതിനെ കുറച്ച്, മറ്റുള്ളവരുമായി സഹകരിച്ച് അവരുടെ കഴിവുകളെ പ്രശംസിച്ചും പ്രയോജനപ്പെടുത്തിയും കാര്യങ്ങൾ പൂർത്തീകരിക്കുന്നതാണ് യഥാർത്ഥ നേതൃഗുണം. എന്നാൽ നമ്മൾ പലപ്പോഴും നല്ല നേതാവാകാതെ ഏറ്റവും അദ്ധ്വാനിക്കുന്ന തൊഴിലാളി ആകുവാൻ മാത്രമാണ് ശ്രമിക്കുന്നത്. ആർക്കും വിധേയപ്പെടുവാൻ തയ്യാറാവില്ല എന്ന മനോഭാവം ബന്ധങ്ങൾ തകർക്കുമെന്ന് മാത്രമല്ല നമ്മൾക്ക് തന്നെ തിരിച്ചടി ആകുകയും ചെയ്യും.

സ്വന്തം പരിമിതികളെ അംഗീകരിക്കാത്തവരാണ് എല്ലാക്കാര്യങ്ങളിലും അസംതൃപ്തരും മത്സരികളും ആയി മാറുന്നത്. 1 ശമുവൽ 15.23 മത്സരം ആഭിചാര ദോഷം പോലെയും ശാഠ്യം മിഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു. ഇവിടെ ശൗൽ രാജാവിന്റെ അനുസരണക്കേട് ഒരു മത്സരത്തിൽ നിന്നുകൂടി ഉണ്ടാകുന്നതാണ്. രാജ്യത്തിന്റെ രാജാവായ താൻ പ്രവാചകനായ മനുഷ്യന്റെ വാക്കിനേക്കാൾ തന്റെ ഇഷ്ടം പോലെ ചെയ്യും എന്നത് താനാണ് പ്രവാചകനേക്കാൾ വലുത് എന്ന് സ്ഥാപിക്കാനുള്ള ശ്രമം കൂടി ആയിരുന്നു.

സ്വന്തം പരിമിതികൾ അംഗീകരിച്ചുകൊണ്ട് ദൈവത്തിൽ ആശ്രയിക്കുമ്പോൾ ആകുലതയിൽ ആയിരിക്കുന്നവർക്ക് ആശ്വാസമാകുവാൻ നമ്മൾക്ക് സാധിക്കും. അപ്പൊ. പ്രവൃത്തികൾ 3.1-11 പത്രോസും യോഹന്നാനും മുടന്തനായ മനുഷ്യനെ സൗഖ്യമാക്കുന്നത് നമ്മൾക്ക് പരിചിതമാണ്. പൊന്നും വെള്ളിയും അവരിൽ നിന്നും ആ മനുഷ്യൻ ആഗ്രഹിക്കുന്നതാണ്. എന്നാൽ അക്കാര്യത്തിൽ തങ്ങളുടെ ഇല്ലായ്മയും പരിമിതിയും പത്രോസ് തുറന്നു സമ്മതിക്കയാണ്. എന്നാൽ ദൈവത്തിൽ ആശ്രയിച്ച് ആ മനുഷ്യനെ സൗഖ്യമാക്കുന്നു. വി. യോഹന്നാൻ 5.1-9 ൽ ബെഥെസ്ദാ കുളക്കടവിൽ ഉണ്ടായിരുന്നവൻ ആഗ്രഹിച്ചത് വെള്ളം കലങ്ങുമ്പോൾ ആദ്യം ഇറങ്ങുവാൻ തന്നെ ആരെങ്കിലും സഹായിക്കും എന്നായിരുന്നു. അവിടെയും അപ്രകാരമല്ല കർത്താവ് പ്രവർത്തിക്കുന്നത്. ചുറ്റുമുള്ള പ്രതീക്ഷകളുടെ സമ്മർദ്ദമല്ല നമ്മൾക്ക് ചെയ്യുവാൻ കഴിയുന്ന നന്മകളെപ്പറ്റിയുള്ള ബോദ്ധ്യമാണ് നമ്മൾക്ക് വേണ്ടത്. വി.യോഹന്നാൻ 4.4-42-ൽ ഇനിയും വന്നു വെള്ളം കോരാതിരിക്കേണ്ടതിനുള്ള പരിഹാരത്തിലാണ് ശമര്യാസ്ത്രീ കണ്ണുവയ്ക്കുന്നത്. എന്നാൽ കർത്താവ് അതിനും ഏറെ അപ്പുറം ആണ് നൽകുന്നത്. വി. മർക്കോസ് 5.25-34 ൽ രക്തസ്രാവക്കാരിയായ സ്ത്രീക്ക് തന്റെ പരിമിതികളെപ്പറ്റി നല്ല ബോദ്ധ്യം ഉണ്ടായിരുന്നു. അതുകൊണ്ടാണ് അവൾ പരസ്യമായി കർത്താവിനെ സമീപിക്കാതിരുന്നത്. എന്നാൽ അവൾക്ക് തന്റെ സാദ്ധ്യതകളെക്കുറിച്ചും അറിയാമായിരുന്നു. അതിനെ പ്രയോജനപ്പെടുത്തുകയും ചെയ്തു. പരിമിതികളെ അംഗീകരിക്കാതെ പരാജയത്തിലേക്ക് പോകുന്നതിലും നല്ലതാണ് നമ്മളുടെ സാദ്ധ്യതകൾ കണ്ടെത്തി അതു പ്രയോജനപ്പെടുത്തുന്നത്.

### അത്യാഗ്രഹവും അത്യാർത്തിയും മൂലമുള്ള ആകുലത

വി.മത്തായി 20.20-21 വാക്യങ്ങളിൽ മനുഷ്യന്റെ ആഗ്രഹങ്ങൾ അമിതമായി സ്വയ കേന്ദ്രീകൃതമായി വഴിമാറിപ്പോയാലുണ്ടാകുന്ന പ്രയാസങ്ങളുടെ ഒരു ഉദാഹരണമാണ് നമ്മൾ വായിക്കുന്നത്. കർത്താവിന്റെ രാജ്യത്തിൽ തന്റെ മക്കളിൽ ഒരുവൻ വലത്തുഭാഗത്തും ഒരുവൻ ഇടത്തുഭാഗത്തും ഇരിക്കുവാൻ ഉള്ള ആവശ്യവുമായി സെബദിമക്കളുടെ അമ്മ യേശുക്രിസ്തുവിന്റെ അടുക്കൽ വരികയാണ്. സ്ഥാനത്തിനായുള്ള, അംഗീകാരത്തിനായുള്ള മനുഷ്യഹൃദയത്തിലെ അമിതമായ ആഗ്രഹമാണ് മനുഷ്യരെ കാപട്യമുള്ളവരാക്കുന്നത്. നമ്മൾ മറ്റുള്ളവരുമായി നമ്മെ താരതമ്യം ചെയ്യുമ്പോൾ അന്തിമ അഗ്രഹം നമ്മൾ മറ്റുള്ളവരേക്കാൾ മികച്ചത് ആകണം എന്നാണ്. എന്നാൽ നാം സ്വയം നടത്തുന്ന താരതമ്യങ്ങൾ യാഥാർത്ഥ്യത്തിൽ നിന്നും ഏറെ അകലെ ആയിരിക്കും. പലപ്പോഴും ഇത്തരം വിലയിരുത്തലുകൾ വച്ചുകൊണ്ടാണ് എല്ലാവരേക്കാളും സ്ഥാനങ്ങൾ എനിക്ക് വേണം എന്ന ചിന്ത നമ്മുടെ ഒക്കെ മനസ്സിൽ ഉണ്ടാകുന്നതും അതു ലഭിക്കാതെ വരുമ്പോൾ പിന്നീട് പിറുപിറുപ്പിലേക്ക് പോകുന്നതും. അത്യാഗ്രവും അത്യാർത്തിയുമുള്ള മനുഷ്യനു ഒരിക്കലും തൃപ്തി വരികയില്ല, അതുകൊണ്ട് അയാളുടെ അദ്ധ്വാനങ്ങൾക്ക് വിശ്രമവും ഉണ്ടാകില്ല. ഒരു ദിവസം കൊണ്ട് ഓടിത്തീർക്കുന്ന ഭൂമി സ്വന്തം ആയി നൽകാമെന്ന രാജവാഗ്ദാനം കേട്ട് ആത്യാർത്തിയോടെ സന്ധ്യ വരെ ഓടി സന്ധ്യക്ക് ആറടി മണ്ണിൽ ഒടുങ്ങിയ മനുഷ്യനെപ്പോലെയാണ് പലരുടെയും ഹൃദയം.

### അതിർത്തികൾ നിർണ്ണയിക്കാൻ സാധിക്കാത്തതു മൂലമുണ്ടാകുന്ന ആകുലതകൾ

സാമൂഹ്യവും തൊഴിൽപരവുമായ കാര്യങ്ങൾക്കപ്പുറത്തേക്ക് ഇന്ന് ആകുലതകൾ കൂടുവാൻ ഉണ്ടാകുന്ന പ്രധാന കാരണം വ്യക്തിബന്ധങ്ങളിലെ തകർച്ചകളാണ്. നല്ല ബന്ധങ്ങൾ തകരുന്നതും അത്ര നല്ലതല്ലാത്ത ബന്ധങ്ങൾ വർദ്ധിക്കുന്നതും ഇന്നു സംശയങ്ങളും അതു വഴി ആകുലതകളും അതിരുകടക്കുന്നതിനു കാരണമായിട്ടുണ്ട്. ബന്ധങ്ങൾക്ക് അതിരുകൾ നിശ്ചയിക്കുവാൻ കഴിയാതെ പോയതുകൊണ്ട് നശിച്ചുപോയ മനുഷ്യനാണ് ശിംശോൻ. ഫെലിസ്ത്യർ താൻ നശിപ്പിക്കുവാൻ നടന്ന ജാതി ആയിരുന്നിട്ടും ശിംശോന്റെ ജീവിതത്തിൽ കടന്നുവരുന്ന മൂന്ന് സ്ത്രീകളും ഫെലിസ്ത്യ സ്ത്രീകൾ ആണ് എന്നത് ഒരു വൈരുദ്ധ്യാത്മകത ആണ്. അനാവശ്യ ബന്ധങ്ങളിൽ കുടുങ്ങാതിരിക്കാനും ബന്ധങ്ങൾ നമ്മളെ ചൂഷണം ചെയ്യാതിരിക്കാനും ഉള്ള മുന്നറിയിപ്പാണ് ശിംശോന്റെ ജീവിതം. നീ എന്നെ സ്നേഹിക്കുന്നില്ല എന്ന ദലീലയുടെ വൈകാരികമായ ചൂഷണത്തിനു മുമ്പിലാണ്

ശിംശോൻ വീണുപോകുന്നത്. വ്യക്തികളോട് മാത്രമല്ല, മനുഷ്യനു സമാനമായ വ്യക്തിത്വം കൈവരിച്ചുകൊണ്ടിരിക്കുന്ന വിനോദോപാധികളോടും യന്ത്രങ്ങളോടും അതിരു നിർണ്ണയിക്കുവാൻ സാധിക്കണം. സാമൂഹ്യ മാധ്യമങ്ങൾക്ക് അടിമയായി യാതൊ രു പ്രയോജനവുമില്ലാതെ കളയുന്ന സമയം, അതിലൂടെ ഉണ്ടാകുന്ന ചില സൗഹൃദങ്ങളും ബന്ധങ്ങളും ഒക്കെ ഇന്നല്ലെങ്കിൽ നാളെ ഗൗരവമായ ആകുലതകളിലേക്ക് കൊണ്ടുചെന്നെത്തിക്കുന്നതാണ്. സുരക്ഷിതമെന്നു കരുതി ഇന്നൊളിക്കുന്ന ഇടങ്ങളൊക്കെ നാളെ കെണികളായി മാറിയേക്കാവുന്നതാണ്.

### മറ്റുള്ളവരുടെ അമിതമായ പ്രതീക്ഷകൾ ഉണ്ടാക്കുന്ന ആകുലതകൾ

സൗകര്യങ്ങളുടെയും സുഖത്തിന്റെയും ഒക്കെ നിർവ്വചനം വിപണി തീരുമാനിക്കുന്ന ഒരു സമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നത്. അവിടെ മനുഷ്യന്റെ യഥാർത്ഥ ആവശ്യങ്ങൾക്കും കഴിവുകൾക്കുമപ്പുറം മനുഷ്യനെ ചൂഷണം ചെയ്യുന്ന മാതൃകകളാണ് സൃഷ്ടിക്കപ്പെടുന്നത്. പൗരോഹിത്യ ജീവിതത്തിലും സമൂഹം സൃഷ്ടിക്കുന്ന ഈ മാതൃകകൾ ചുമത്തുന്ന സമ്മർദ്ദം വലുതാണ്. അച്ചൻ ആയതുകൊണ്ട് ഉണ്ടാകേണ്ട ജീവിത സൗകര്യങ്ങളെപ്പറ്റി മനുഷ്യർ പ്രതീക്ഷിക്കുന്നതിന്റെ ഭാരത്തെപ്പറ്റിയാണ് പലരും ആകുലപ്പെടുന്നത്. അതിനായുള്ള ഓട്ടത്തിനിടയിൽ ഇതേ സമൂഹത്തിൽ തന്നേയാണ് പുരോഹിതരുടെ ജീവിതസൗകര്യങ്ങളെപ്രതിയുള്ള കുറ്റപ്പെടുത്തലുകളും വിമർശനങ്ങളും ഉയരുന്നത് എന്നത് മറന്നുപോകുന്നുണ്ട്. ഈ അമിത പ്രതീക്ഷകളെയും സമ്മർദ്ദങ്ങളെയും വിവേകത്തോടെ കൈകാര്യം ചെയ്യുവാൻ കുടുംബത്തിനു മുഴുവനാ യി സാധിക്കേണ്ടതുണ്ട്. ഇടവകയിൽ നിന്നും സഭയിൽ നി ന്നും വൈദീകരുടെ ശുശ്രൂഷയെപ്പറ്റിയുള്ള പ്രതീക്ഷകളും ചിലപ്പൊഴൊക്കെ സമ്മർദ്ദങ്ങൾ ഉണ്ടാക്കാം. വൈദീകന്റെ വിശുദ്ധിയെപ്പറ്റിയുള്ള പ്രതീക്ഷകൾ, വൈദിക കുടുംബത്തിന്റെ സാക്ഷ്യ ജീവിതത്തെപ്പറ്റിയുള്ള പ്രതീക്ഷകൾ എന്നിവയെപ്പറ്റി നാം കൂടുതൽ ശ്രദ്ധാലുക്കൾ ആകണം. ഇടവകയിലെ ഏറ്റം സമ്പന്നനോടു സമന്മാരാകുമ്പോഴല്ല, ഏറ്റവും ദരിദ്രനോടു താദാത്മ്യപ്പെടുമ്പോഴാണ് പൗരോഹിത്യ ജീവിതം കീർത്തിക്കപ്പെടുന്നത് എന്ന ബോദ്ധ്യം പുരോഹിതന്റെ കുടുംബാംഗങ്ങൾക്ക് മുഴുവനായി ഉണ്ടാകണം. സമൂഹത്തിന്റെ പ്രതീക്ഷകളുടെ ഭാരമല്ല, വിളിച്ചവന്റെ ഇഷ്ടത്തിന്റെ ബലം നമ്മെ താങ്ങി നിർത്തണം എന്ന് വി. ലൂക്കോസ് 9.51-62 നമ്മെ ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

ആകുലതകൾ അനുദിനം വർദ്ധിക്കുന്ന ലോകത്തിൽ ആകുലതകളെ അകറ്റുന്ന ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ ഉറപ്പോടെ വിശ്വസിക്കുന്നവരാകാം. അതിൽ നിന്നും ശക്തിയും ആശ്വാസവും കണ്ടെത്താം. നമ്മളുടെ പരീക്ഷണങ്ങളിൽ നമ്മൾ ഒറ്റയ്ക്കല്ല. നമ്മളുടെ ആകുലതകളും പ്രതിസന്ധികളും ഒരു രാത്രികൊണ്ട് മാറിപ്പോയില്ല എന്നു വരാം. പക്ഷേ കൂരിരുൾ താഴ്വരയിൽ നമ്മളോടു കൂടി ഇരിക്കുന്ന ഇടയൻ പ്രത്യാശയുടെ പുലരിയിലേക്ക് തന്റെ വചനത്തിന്റെ പ്രഭയിൽ നമ്മെ നടത്തും. നമ്മളുടെ പ്രതിസന്ധികളിൽ നാം ഒറ്റപ്പെട്ടുപോകില്ല. മുന്നിൽ ദൈവവും പിറകിൽ ദൈവജനവും ഉണ്ടാകും. മരുഭൂമിയിൽ മോശ നടന്നതുപോലെ നടക്കാം. പരീക്ഷയോടു കൂടി പോക്കുവഴിയും ഉണ്ടാക്കുന്നവനാണ് ദൈവം എന്ന വാഗ്ദാനത്തിനു നമ്മുടെ ജീവിതം തന്നെ സാക്ഷ്യമാകട്ടെ.

(MOBA യുടെ പരുമലയിൽ നടന്ന റീജിയണൽ മീറ്റിംഗിൽ നടത്തിയ പ്രസംഗം)


ORTHODOX CHRISTIAN YOUTH MOVEMENT
ST. THOMAS ORTHODOX CATHEDRAL, DUBAI
P.O. Box: 2563, Dubai-U.A.E., E-mail: ocymdubai@gmail.com, www.stthomasocymdubai.org

ഉന്നത വിദ്യാഭ്യാസ സഹായ പദ്ധതി - 2024

EDIFY CARE

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം 2008 മുതൽ ആവിഷ്ക്കരിച്ചിട്ടുള്ള വിദ്യാഭ്യാസ സഹായ പദ്ധതിയാണ് **എഡിഫൈ കെയർ**. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നു എന്നതിന്റെ പേരിൽ മാത്രം കഴിവുണ്ടായിട്ടും ഉന്നത വിദ്യാഭ്യാസത്തിൽ നിന്ന് പുറന്തള്ളപ്പെട്ടുപോകുന്ന നമ്മുടെ സഭാംഗങ്ങളായ കുട്ടികൾക്ക് തുടർന്ന് പഠിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നുള്ളതാണ് ഇതിന്റെ ഉദ്ദേശ്യം. 2024-25 അധ്യയന വർഷത്തിലേക്ക് എം.ബി.ബി.എസ്. / എൻജിനീയറിംഗ് / ബി.എസ്.സി. നഴ്സിംഗ് എൻട്രൻസിൽ മെറിറ്റ് മുഖേന ഉപരിപഠനത്തിനു യോഗ്യത നേടുന്ന അർഹതയുള്ള ഒരു വിദ്യാർത്ഥി / വിദ്യാർത്ഥിനിക്കാണ് സാമ്പത്തിക സഹായം നൽകുന്നത്. തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥിയുടെ ഉപരിപഠനത്തിനുവേണ്ട മുഴുവൻ ചെലവുകളും പ്രസ്ഥാനം വഹിക്കും. ഇതിനായി അപേക്ഷാ ഫോറം പൂരിപ്പിച്ച് ആവശ്യമായ ഡോക്യുമെന്റ്സ് ഉൾപ്പെടെ, **ocymdubai@gmail.com** എന്ന ഇമെയിലിലൂടെ **2024 ഓഗസ്റ്റ് 31**-ന് മുമ്പായി അയച്ച് തരേണ്ടതാണ്.

അപേക്ഷാ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും:
ocymdubai@gmail.com / Whatsapp numbers: 0097150 352 6127, 0097155 461 6862.

# ദൈവത്തിന്റെ ദാനം

## അഭി. ഗീവർഗീസ് മാർ ദീയസ്ക്കോറോസ് തിരുമേനി



ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ

അഭി. ഗീവർഗീസ് മാർ ദീയസ്ക്കോറോസ് തിരുമേനിയുടെ മഹത്വപ്രവേശനത്തിന്റെ രജത ജൂബിലി ആചരിക്കുന്ന ഈ അവസരത്തിൽ ഇന്നും മനസ്സിൽ നിന്ന് മായാതെ നിൽക്കുന്ന ഓർമ്മകൾ തെളിമയോടെ കോറിയിടുവാൻ കഴിയുന്നതിൽ ഏറെ സന്തോഷിക്കുന്നു. ഹൃദയത്തിൽ തെളിവോടെ ജീവിക്കുന്ന ആ പുണ്യപിതാവിന്റെ ഓർമ്മകൾക്കുമുമ്പിൽ ഓരായിരം പ്രണാമങ്ങൾ. എന്റെ ജീവിതത്തിൽ അത്രമേൽ സ്വാധീനം ചെയ്ത തിരുമേനിയുടെ ദൈവവിശ്വാസം, ദൃഢനിശ്ചയം, കഠിനാധ്വാനം ചെയ്യാനുള്ള സന്നദ്ധത, ആത്മവിശ്വാസം എന്നീ ഗുണങ്ങൾ ഇന്നും മാതൃകയായി നിൽക്കുന്നു. എന്നെ വൈദികസെമിനാരി വിദ്യാഭ്യാസത്തിനായി അയച്ചതും തുടർന്ന് വൈദികസ്ഥാനം വരെയുള്ള പൗരോഹിത്യത്തിന്റെ ഓരോ പടവുകളിൽ കാർമ്മികനായതും അഭി. തിരുമേനിയാണ്. എന്നിലുള്ള കഴിവും, എന്റെ ആഗ്രഹങ്ങളും തിരിച്ചറിഞ്ഞ് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകി ശരിയായ ദിശയിൽ എന്നെ നയിക്കുവാൻ തിരുമേനിക്ക് സാധിച്ചു. അതിനപ്പുറം, പ്രതിസന്ധിഘട്ടങ്ങളിൽ തളർന്നുപേകാതെ പിതൃവാത്സല്യത്തോടെ ചേർത്ത് പിടിക്കുവാനും തിരുമേനി ശ്രദ്ധിച്ചിരുന്നുവെന്നത് നിറമിഴികളോടെ മാത്രം ഞാൻ ഓർക്കുന്നു. ഇന്നും എപ്പോഴും എനിക്ക് ആ ജീവിതവും ഉപദേശങ്ങളും മാതൃക തന്നെയാണ്. ആ ജീവിതത്തിൽ കണ്ട ചില പ്രത്യേകതകൾ ചേർക്കട്ടെ.

### 1) ആരാധനയുടെ പാലകൻ

ആരാധനാധിഷ്ഠിതമായ ജീവിതമാണ് ഓർത്തഡോക്സ് പാരമ്പര്യത്തിന്റെ കാതൽ. ദൈവസ്തുതിയെ ശ്വാസോച്ഛ്വാസംപോലെ കണ്ടിരുന്ന പിതാക്കൻമാരുടെ ഒരു വലിയ നിരയാണ് നമ്മുടെ സഭയുടെ മഹിമ. ആ ഗണത്തിൽ മുൻപന്തിയിൽതന്നെയാണ് അഭി. ഗീവർഗീസ് മാർ ദീയസ്കോറോസ് തിരുമേനിയും. ആരാധനയിലുള്ള ചിട്ടയും നിഷ്ഠയും തിരുമേനിക്ക് വളരെ നിർബന്ധമായിരുന്നു. നിഷ്ഠയോടും ഭക്തിയോടും ആരാധനയിൽ ആയിരിക്കുന്ന തിരുമേനിയുടെ ചിത്രം ഇന്നും മനസ്സിൽ മായാതെ നിൽക്കുന്നു. സ്വരമാധുര്യത്തോടും വ്യക്തതയോടുമുള്ള ആരാധനയിൽ പങ്കെടുക്കുമ്പോൾ ശരിക്കും ഒരു സ്വർഗ്ഗീയ അനുഭവം തന്നെ അറിയുവാൻ സാധിച്ചിരുന്നു. ആരാധനയാണ് തനിക്ക് ശക്തിയും ധൈര്യവും പകരുന്നത് എന്ന് തിരുമേനി വിശ്വസിച്ചിരുന്നു. അതിനാൽ വിശുദ്ധ കുർബാന അനുഷ്ഠിക്കുമ്പോഴെല്ലാം താല്പര്യത്തോടെയും ഒരുക്കത്തോടെയും അത് നിർവഹിക്കുവാൻ എപ്പോഴും ഉത്സാഹിച്ചിരുന്നു. എത്രതന്നെ ക്ഷീണിതനാണെങ്കിലും ആരാധനയ്ക്കായി പ്രവേശിച്ചു കഴിഞ്ഞാൽ ശാരീരിക അസ്വാസ്ഥ്യം തിരുമേനിയെ അലട്ടിയിരുന്നില്ല എന്നത് പലപ്പോഴും കണ്ടറിഞ്ഞതാണ്. ദൈവവുമായുള്ള സംസർഗ്ഗമാണല്ലോ ആരാധന. ആരാധനയിലുള്ള പങ്കാളിത്തം ദൈവസംസർഗ്ഗത്തിന്നും ദൈവസാന്നിധ്യം അനുഭവിച്ചറിയുന്നതിനും സഹായിക്കും എന്നതിൽ തിരുമേനിക്ക് യാതൊരു സംശയവുമില്ലായിരുന്നു. അതുതന്നെയാണ് ആരാധനയിലേക്ക് തിരുമേനിയെ ആകർഷിച്ചിരുന്നതും. പൂർണ്ണ സമർപ്പണത്തോടും പ്രൗഢിയോടും വിശുദ്ധിയോടും ഭക്തിയോടും വി. ബലി അർപ്പിക്കുന്ന തിരുമേനിയുടെ ചിത്രം ഇന്നും മായാതെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു.

### 2) സഭയുടെ വിശ്വാസസംരക്ഷകൻ

പരിശുദ്ധ സഭയുടെ അടിസ്ഥാന പ്രമാണമാണ് വി. ത്രിത്വവിശ്വാസം. അഭി പിതാവിന്റെ എല്ലാ പഠിപ്പിക്കലുകളും പ്രസംഗങ്ങളും വി. ത്രിത്വത്തെ പുരസ്കരിച്ച് മാത്രമായിരുന്നു. വി. പട്ടകൊട ശുശ്രൂഷയിലെ അമാലോഗിയാ ഭാഗത്ത് ആദ്യം പ്രഖ്യാപിക്കുന്നത് ത്രിയേക ദൈവത്തിലുള്ള വിശ്വാസമാണ്. അത് അക്ഷരംപ്രതി തന്റെ ജീവിതത്തിലുടനീളം പാലിച്ച പിതാവാണദ്ദേഹം. വിശ്വാസത്തിന്റെ പാതയിൽ സമർപ്പിതരായി പൊരുതുന്നവരിൽ പരമമായ സത്യങ്ങൾ വെളിവാക്കപ്പെടുകയും ഭരമേൽപ്പിക്കപ്പെടുകയും ചെയ്യും എന്നത് യാഥാർത്ഥ്യമാണ്. അഭി. തിരുമേനിയുടെ ജീവിതത്തിൽ അത് വ്യക്തമാണ്. അതാകാം തിരുമേനിയുടെ പ്രസ്ഥാനങ്ങളെല്ലാം വി. ത്രിത്വനാമത്തിൽ സ്ഥാപിക്കപ്പെട്ടത്. ഓരോ ഒളിമ്പിക്സ് വേദിയിലും എപ്പോഴും വെളിച്ചം പരത്തുന്ന ഒരു ദീപനാളമുണ്ട് - ഒളിമ്പിക്സ് ദീപശിഖ. ആ സ്വർണ്ണപ്രകാശമാണ് ഓർമ്മകളുടെ ചെപ്പുകൾ തുറന്ന് ഓരോ കായികതാരത്തിനും കരുത്തും കായികശേഷിയും പകരുക. ആ തിരിനാളം അവിടെ കത്തിച്ചെത്തിക്കുന്നത് മത്സരങ്ങളുടെ മാതൃഭവനമായ ഒളിമ്പിക്സ് ഗ്രാമത്തിൽ നിന്നാണ്. അവിടെ കത്തിനിൽക്കുന്ന കെടാവിളക്കിൽ നിന്നും പകർത്തിയെടുക്കുന്ന ദീപശിഖ കൈമാറി കൈമാറി അവസാനം ഒളിമ്പിക്സ് സ്റ്റേഡിയത്തിലെത്തിക്കുന്നു. ഓരോ കായികതാരത്തിനും ഉണർവ്വ് നൽകിക്കൊണ്ട് അതവിടെ കത്തിജ്വലിച്ചുകൊണ്ടിരിക്കും. വി. ത്രിത്വമെന്ന

പ്രകാശത്തെ തിരിച്ചറിഞ്ഞ് ആ വെളിച്ചത്തിൽ ജീവിച്ച വ്യക്തിയായിരുന്നു അഭി. പിതാവ്. തിരുമേനിക്ക് ലഭിച്ച പ്രഭയെ അനേർക്ക് നൽകുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

### 3) കറതീർന്ന നിയമപാലകൻ

സഭയുടെ ഭരണഘടനയോടും ഭരണനിർവഹണസമിതിയോടും ഭക്തിയും കൂറും പുലർത്തിയിരുന്ന പിതാവായിരുന്നു അഭി. ദീയസ്കോറോസ് തിരുമേനി. സഭയിൽ ഭിന്നതയുണ്ടാകുകയും ദേവാലയങ്ങളിൽ പ്രശ്നങ്ങൾ കലശലാകുകയും ചെയ്തപ്പോഴും സത്യത്തിനുവേണ്ടി നിലകൊള്ളുകയും താൻ വിശ്വസിച്ചുപോന്ന സത്യവിശ്വാസത്തെ ഭംഗംകൂടാതെ കാത്തുപരിപാലിക്കുന്നതിനായി അക്ഷീണം പരിശ്രമിക്കുകയും ചെയ്ത വ്യക്തിയാണ് അഭി. തിരുമേനി. എല്ലാ പ്രവർത്തനങ്ങളിലും അഭി. പിതാവ് പ്രകടിപ്പിച്ചിരുന്ന ആത്മാർത്ഥത നമുക്ക് ഒരു മാതൃകയാണ്. ഏല്പിക്കുന്ന ഉത്തരവാദിത്തങ്ങൾ ആത്മാർത്ഥമായും സത്യസന്ധമായും നിർവഹിക്കുവാൻ തിരുമേനി എന്നും ശ്രദ്ധിച്ചിരുന്നു. ഇടവകകൾക്കായുള്ള കല്പനകൾ സഭാഭരണഘടനയും നിയമവും പാലിച്ച് കൃത്യതയോടുമാത്രമാണ് തയ്യാറാക്കിയിരുന്നത്. യാതൊരു വിമർശനത്തിനും വാഗ്വാദങ്ങൾക്കും വഴിതെളിയിക്കുവാൻ തിരുമേനിയുടെ പ്രവർത്തനങ്ങൾ കാരണമാകരുത് എന്ന കർശനമായ നിലപാടുകൾ സ്വീകരിച്ചിരുന്നു. മലങ്കരസഭയുടെ സ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ടി പോരാടിയ തിരുമേനിയെ തെക്കൻ ദേശത്തെ ഗർജ്ജിക്കുന്ന സിംഹം എന്നു വിശ്വാസികൾ വിളിച്ചിരുന്നു.

### 4) സുതാര്യനായ സാമ്പത്തിക പരിപാലകൻ

ഒരു മനുഷ്യന് ദൈവത്തെയും ദ്രവ്യത്തെയും ഒരുപോലെ സേവിക്കുവാൻ കഴിയില്ല എന്ന് ക്രിസ്തു തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അഭി. തിരുമേനി നല്ലൊരു സാമ്പത്തിക പരിപാലകനായിരുന്നു. സാമ്പത്തികമായ എല്ലാകാര്യങ്ങളിലും കൃത്യതയും സുതാര്യതയും അദ്ദേഹം പുലർത്തിയിരുന്നു. അനാവശ്യത്തിന് പണം ചെലവഴിക്കുവാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. ആവശ്യക്കാരെ സഹായിക്കുവാൻ എന്നും ശ്രദ്ധിച്ചിരുന്നു. എല്ലാ സാമ്പത്തിക ഇടപാടുകളും ക്രമാനുസരണം നിർവ്വഹിക്കുന്നതിൽ തിരുമേനി പുലർത്തിയിരുന്ന ആത്മാർത്ഥത അനുകരണീയമാണ്. സാമ്പത്തിക കാര്യങ്ങളിലുള്ള വിശ്വസ്തത ജീവിതകാലയളവിൽ എന്നും നിലനിർത്തിയിരുന്നു. തിരുമേനിക്ക് ലഭിച്ച കുടുംബസ്വത്താണ് ഹോളി ട്രിനിറ്റി ആശ്രമത്തിനായി നൽകിയത്. അതോടൊപ്പം, ഒരു അനുഭവവും ഓർമ്മയിൽ വരുന്നു. തിരുമേനിയുടെ സഹോദരപുത്രൻ വിദേശത്തേക്ക് പോകുന്നതിനായി അല്പം സാമ്പത്തിക സഹായം അവശ്യപ്പെട്ട് തിരുമേനിയെ സമീപിച്ചു. സഭയുടെ സ്വത്താണ്, അത് ആർക്കും വെറുതെ കൊടുക്കുവാൻ സാധിക്കില്ല എന്നതായിരുന്നു തിരുമേനിയുടെ നിലപാട്. കൂടെ നിന്നിരുന്ന ഞങ്ങളുടെ നിർബന്ധപ്രകാരം ചോദിച്ച തുക കൃത്യസമയത്ത് തിരിച്ചു നൽകാമെങ്കിൽ തരാമെന്ന് തിരുമേനി സമ്മതിച്ചു. എന്നാൽ, സഹോദരപുത്രന്റെ കൈയിൽ നിന്ന് ഒരു സത്യവാങ്മൂലം എഴുതി മേടിച്ചു എന്നത് ഇന്നും ഓർക്കുന്നു. ഈ സംഭവം ഓർമ്മയിൽ വരുമ്പോഴെല്ലാം ക്രിസ്തുമൊഴി മനസ്സിൽ നിറയുന്നു, 'അല്പത്തിൽ വിശ്വസ്തൻ അധികത്തിന് വിചാരകൻ'.

### 5) എല്ലാവരോടും തുല്യനീതി പാലിച്ച പിതാവ്

മുൻവിധികളില്ലാതെ മനുഷ്യരെ കേൾക്കുവാനും പ്രശ്നങ്ങൾ ലഘൂകരിക്കുവാനും തിരുമേനി എന്നും ശ്രദ്ധിച്ചിരുന്നു. വൈദികരുടെ നിയമനത്തിൽ പുലർത്തിയിരുന്ന അച്ചടക്കവും തുല്യതയും തിരുമേനിയുടെ മെത്രാസനഭരണത്തിന്റെ മുഖമുദ്രയായിരുന്നു. ദേവാലയങ്ങളിലെ പ്രശ്നങ്ങളോട് സമചിത്തതയോടെയാണ് തിരുമേനി പ്രതികരിച്ചിരുന്നത്. പ്രതിഷേധങ്ങളെയും പ്രതിരോധ ശബ്ദങ്ങളെയും ഭയക്കാതെ സത്യത്തിന് മാത്രം വലിയ സ്ഥാനം നല്കിയാണ് തിരുമേനി പ്രവർത്തിച്ചിരുന്നത്. തെറ്റിനെതിരായി കൃത്യമായി പ്രതികരിച്ചും തെറ്റു ചെയ്തവരോട് ക്ഷമിച്ചും അഭി. പിതാവ് ഒരു യഥാർത്ഥ ഭരണകർത്താവ് എപ്രകാരമായിരിക്കണമെന്ന് വ്യക്തമാക്കിത്തന്നു. ഒരു അനുഭവം ഇപ്രകാരമാണ്. തിരുമേനി ഒരു കുരിശടി കൂദാശയ്ക്കായി ഒരു ദേവാലയത്തിൽ എത്തി. മദ്ബഹായിൽ തിരുമേനി ഉണ്ടെന്നറിഞ്ഞ ഇടവകവികാരി തൽക്ഷണം അടുത്തുവന്നു. തിരുമേനിയുടെ ആദ്യ ചോദ്യം "കുരിശടിയുടെ ആധാരം എന്തിയെ"? എന്നതായിരുന്നു. പരിശുദ്ധ ബാവാ തിരുമനസ്സിന്റെ പേരിലായിരിക്കണമെന്ന സഭാ നിയമം പരിശോധിക്കുന്നതിനായിരുന്നു ആ ചോദ്യം. അപ്രകാരം അല്ലാത്തതിനാൽ ആധാരം സമർപ്പിക്കുവാൻ വികാരി വിസമ്മതിച്ചു. കൂടെ സഹായിയായി നിന്നിരുന്ന എന്നോട് തിരിച്ചു പോകാം എന്ന് പറഞ്ഞ് കൂദാശ നിർവ്വഹിക്കാതെ തിരുമേനി അവിടെ നിന്ന് മടങ്ങി. പിന്നീട് സഭാ നിയമപ്രകാരമുള്ള ആധാരം കണ്ട് ബോധ്യമായതിനുശേഷം മാത്രമാണ് കൂദാശ നിർവ്വഹിച്ചത്. ഈ പേരിൽ ആരോടും വ്യക്തിപരമായ നീരസവും വൈരാഗ്യവും തിരുമേനി പുലർത്തിയിരുന്നില്ല. എല്ലാവരോടും സ്നേഹത്തോടും വാത്സല്യത്തോടും പെരുമാറിയതെങ്കിലും സഭയുടെ നിയമവും അച്ചടക്കവും പൂർണ്ണമായി പാലിച്ചിരുന്നു.

ഒരു പുരോഹിതൻ കുർബ്ബാന ചൊല്ലുന്നതു ശ്രദ്ധിച്ചാൽ പറയുവാൻ കഴിയും, ആ പുരോഹിതൻ കുമ്പസാരക്കൂട്ടിൽ ആത്മാക്കളെ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന്, രോഗികളെയും ദരിദ്രരെയും എങ്ങനെ ശുശ്രൂഷ ചെയ്യുന്നുവെന്ന്, ക്രിസ്തുവിനെ പ്രീതിപ്പെടുത്തുന്നതിലാണോ താല്പര്യമെന്ന്, ദുരിതങ്ങൾ അനുഭവിക്കുന്നവരിൽ സഹനത്തിന്റെയും സഹിഷ്ണുതയുടെയും പൊരുത്തങ്ങൾ തിരിച്ചറിയുന്നതിൽ എത്ര മാത്രം പ്രാപ്തനാണെന്ന്, ഒരു നല്ലിടയനാണോ എന്ന്, ധനികരെയും ദരിദ്രരെയും ഒരുപോലെയാണോ സ്നേഹിക്കുന്നത് എന്ന്, ക്രിസ്തുവിന്റെ വചനമാണോ അതോ പണത്തിന്റെ ഉദ്ഘോഷണങ്ങൾ മാത്രമാണോ നാവിൽ നിന്നുതിരുകയെന്ന്... തിരുമേനിയിൽ ഇതെല്ലാം ദർശിക്കാം.... ശരിക്കും, ഒരു വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ....

ചിലരുടെ ഓർമ്മകൾ അങ്ങനെയാണ്. അവർ നമ്മിൽ നിന്ന് വേർപിരിഞ്ഞ് പോയെങ്കിലും മനസ്സുകളിൽ സജീവമായി നിൽക്കും. അഭി. തിരുമേനിയുടെ ഓർമ്മകൾ അപ്രകാരം എന്നെന്നും ഹൃദയങ്ങളിൽ നിറഞ്ഞുതന്നെ നിൽക്കും. ധന്യപിതാവേ! നാഥൻ സന്നിധിയിൽ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

# മത്സരം തുടങ്ങിയിട്ടേയുള്ളൂ

സന്തോഷ് കോശി ജോയ്



ഈ വർഷം മാർച്ച് ആദ്യ വാരത്തിൽ, ലോക് സഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് ഏതാനും ആഴ്ചകൾക്ക് മുമ്പ്, ഗാന്ധി ഹരിജൻ സഭാ പാരമ്പര്യത്തിൽ നിന്നുള്ള ഒരു ചെറിയ കൂട്ടം ദളിത് ബുദ്ധിജീവികളും ബുദ്ധമത ഗ്രൂപ്പുകളും വളരെ അടിയന്തിരമായ ഒരു വിഷയം ചർച്ച ചെയ്യുന്നതിനായി ഡൽഹിയുടെ ഹൃദയഭാഗത്തുള്ള അംബേദ്കർ ഭവനിൽ ഒത്തുകൂടി. മോദി സർക്കാർ വീണ്ടും അധികാരത്തിൽ വന്നാൽ അംബേദ്കർ ജനങ്ങൾക്ക് നൽകിയ ഇന്ത്യൻ ഭരണഘടനയിൽ മാറ്റം വരുത്തുമെന്ന് ഈ ആളുകൾക്ക് സംശയമുണ്ടായിരുന്നു. ഭരണഘടനയിൽ മാറ്റം വരുത്താൻ ആഗ്രഹിക്കുന്നതിനാൽ ബി.ജെ.പി 400ൽ കൂടുതൽ നേടാൻ ആഗ്രഹിക്കുന്നുവെന്ന ഭരണകക്ഷിയിലെ ചില അംഗങ്ങളുടെ പരസ്യ പ്രസ്താവനകളെ അടിസ്ഥാനമാക്കിയായിരുന്നു അവരുടെ സംശയങ്ങൾ.

ഈ സാഹചര്യത്തെ മുഴുവൻ ശക്തിയോടെ നേരിടാൻ സംഘം തീരുമാനിച്ചു. 'ഇത്തവണ 400ൽ കൂടുതൽ' എന്ന ബി.ജെ.പി പാർട്ടിയുടെ മുദ്രാവാക്യം മുഴുവൻ സാഹചര്യത്തിനും ഇന്ധനം പകരുകയായി രുന്നു. കൂടുതലും താഴെത്തട്ടിലുള്ള നേതാക്കൾ അടങ്ങുന്ന ഈ സംഘം ബി.ജെ.പിയെ അധികാരത്തിൽ നിന്ന് അകറ്റിനിർത്താൻ വായ്മൊഴിയായി പ്രവർത്തിക്കാൻ തീരുമാനിച്ചു. അജ്ഞാതരും അപ്രധാനരുമായ ഈ രാഷ്ട്രീയേതരരുടെ പ്രചാരണം പ്രതിപക്ഷം കൃത്യസമയത്ത് കാട്ടുതീ പോലെ വ്യാപിപ്പിക്കുകയും ചെയ്തു. അതിന്റെ ഫലം നാമെല്ലാവരും കണ്ടതാണ്. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തന്റെ ഭാരത് ജോഡോ യാത്രയ്ക്കിടെ നിർമ്മിച്ച സിവിൽ സൊസൈറ്റി ബന്ധങ്ങളും എല്ലാ ഗ്രാമങ്ങളിലേക്കും സന്ദേശം എത്തിക്കാൻ സഹായിച്ചുവെന്നും അംഗീകരിക്കണം.

അതിനാൽ ഈ തിരഞ്ഞെടുപ്പിൽ മുഴുവൻ സാഹചര്യത്തെയും മാറ്റിമറിക്കുകയും ബി.ജെ.പിയെ ഒറ്റയ്ക്ക് ഭൂരിപക്ഷം നേടുന്നതിൽ നിന്ന് തടയുകയും ചെയ്തത് അടിച്ചമർത്തപ്പെട്ട സമുദായത്തിലെ ഒരു വിഭാഗം അനുഭവിച്ച അരക്ഷിതാവസ്ഥയായിരുന്നു. അത് കേവലം അരക്ഷിതാവസ്ഥ മാത്രമായിരുന്നോ? അല്ല. അത് പ്രവർത്തനവുമായി സംയോജിപ്പിച്ച അരക്ഷിതാവസ്ഥയായിരുന്നു. ആളുകൾ പരസ്പരം ബോധവൽക്കരിക്കുന്നതിനായി സ്വയം സംഘടിപ്പിക്കുകയും തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടുക്കുകയും ചെയ്തു. താഴ്ന്ന ജാതിക്കാരുടെ മേൽ ഉയർന്ന ജാതിക്കാരുടെ ആധിപത്യം ഇന്ത്യയ്ക്ക് വലിയ പ്രശ്നമാണെന്നതിന്റെ തെളിവാണ് തിരഞ്ഞെടുപ്പ് ഫലങ്ങൾ. ഈ ആധിപത്യം ഇപ്പോൾ വെല്ലുവിളിക്കപ്പെടുകയാണ്.

അടിച്ചമർത്തപ്പെട്ട സമുദായങ്ങളിൽ നിന്നുള്ളവരുടെ എണ്ണം കണക്കാക്കാനും അവർക്ക് ആനുകൂല്യങ്ങൾ നൽകാനും ജാതി സെൻസസ് നടത്താമെന്ന വാഗ്ദാനവുമായി കോൺഗ്രസ് തിരഞ്ഞെടുപ്പിലേക്ക് പോയി. ബി.ജെ.പി ഇതിനെ എതിർക്കുകയും കോൺഗ്രസ് പ്രകടനപത്രികയെ തെറ്റിദ്ധരിപ്പിച്ച് വോട്ടർമാരെ ഭീഷണിപ്പെടുത്തി പ്രചാരണം നടത്തുകയും ചെയ്തു. എന്നാൽ ബിജെപി സർക്കാരിന് ജാതി വിശദാംശങ്ങൾ ആവശ്യമില്ല. അവർ അത് ആഗ്രഹിക്കുകയും അവർക്ക് അത് വ്യത്യസ്ത രീതികളിൽ ലഭിക്കുകയും ചെയ്യുന്നു. നമുക്കറിയില്ലായിരിക്കാം, പക്ഷേ കഴിഞ്ഞ കുറച്ച് വർഷങ്ങളായി, കേന്ദ്രത്തിലെ ബിജെപി സർക്കാർ ജാതി വിശദാംശങ്ങൾ പലവിധത്തിൽ കണക്കാക്കിയിട്ടുണ്ട്. അതിലൊന്ന് രാജ്യത്തെ കന്നുകാലി ഉടമകളുടെ സെൻസസ് ആയിരുന്നു. മൃഗസംരക്ഷണ വകുപ്പ് നടത്തിയ സർവേയിൽ ഏതെങ്കിലും തരത്തിലുള്ള മൃഗസമ്പത്തിന്റെ ഉടമസ്ഥരായ എല്ലാവരുടെയും ജാതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന വ്യക്തമായ ഒരു കോളം ഉണ്ടായിരുന്നു. അതിനാൽ മുഴുവൻ ഉദ്ദേശ്യവും, എല്ലാ വിശദാംശങ്ങളും നേടാൻ സർക്കാർ ആഗ്രഹി ക്കുന്നുണ്ടെങ്കിലും ഈ കമ്മ്യൂണിറ്റികൾക്ക് പ്രയോജനം ചെയ്യുന്നതിന് എന്തെങ്കിലും ചെയ്യാൻ ആഗ്രഹിക്കുന്നു എന്നതാണ്.

'മോദി ഗ്യാരണ്ടി' എന്ന മുദ്രാവാക്യവും ഇത്തവണ സർക്കാരിന് തിരിച്ചടിയായി. ഇന്ത്യയെപ്പോലുള്ള ഒരു മഹത്തായ രാജ്യത്തിന് ഒരു വ്യക്തിയുടെ ഉറപ്പുകളുടെ കാരുണ്യത്തിലാകാൻ കഴിയില്ലെന്ന് അവകാശപ്പെട്ടുകൊണ്ട് പല മതനേതാക്കളും ഈ വ്യക്തിയെ കേന്ദ്രീകരി

ച്ചുള്ള സമീപനത്തെ എതിർത്തു. നമ്മുടെ രാഷ്ട്രത്തിന്റെ അന്തർലീനമായ ശക്തി നാം സ്വയം നിലനിർത്തുന്നു, അത് അതിൻറെ സംസ്കാരത്തിന്റെയും പൌരന്മാരുടെ കഠിനാധ്വാനത്തിൻറെയും സമ്പന്നതയാണ്. ഇന്ത്യ നേടിയ വിലയേറിയ സ്വാതന്ത്ര്യം ലക്ഷക്കണക്കിന് ആളുകളുടെ ത്യാഗത്തിന്റെ ഫലമായിരുന്നു, നിരവധി നിശബ്ദ ദേശസ്നേഹികൾ ഇപ്പോഴും ജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുകയും ഈ രാജ്യത്തെ അതിജീവിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

ഏതാനും വ്യവസായികൾക്ക് പ്രയോജനം ലഭിക്കുന്നതിനായി പത്ത് വർഷം പ്രവർത്തിക്കുകയും ദരിദ്രരെ സഹായിക്കുന്നതിനായി ജനപക്ഷ നയങ്ങൾ ആരംഭിച്ച നേതാക്കളെ പരിഹസിക്കുകയും ചെയ്ത ഒരു വ്യവസായ അനുകൂല സർക്കാരിന് തിരഞ്ഞെടുപ്പ് സമയത്ത് മനസ്സ് മാറ്റേണ്ടിവന്നു. പാവപ്പെട്ടവർക്ക് സൗജന്യ വൈദ്യുതി യും സൗജന്യ വെള്ളവും നൽകുന്നതിനെ എതിർത്ത ബി. ജെ. പി സൗജന്യ റേഷൻ അവരുടെ പ്രധാന പ്രചാരണ വിഷയമാക്കി. കാപട്യം വളരെ നഗ്നമായിരുന്നു, ഒരു തിരഞ്ഞെടുപ്പ് റാലിയിൽ പ്രധാനമന്ത്രി എല്ലാവരോടും സൌജന്യ റേഷൻ നൽകുന്നതിന് പകരമായി വോട്ട് നൽകി അനുഗ്രഹിക്കാൻ അഭ്യർത്ഥിച്ചു.

സമീപകാലത്തെ ലോക്സഭാ തിരഞ്ഞെടുപ്പ് രാഷ്ട്രീയ ഭൂപ്രകൃതിയിലെ മാറ്റം വെളിപ്പെടുത്തിയെന്ന് നമുക്ക് ഇപ്പോൾ സുരക്ഷിതമായി പറയാൻ കഴിയും. പ്രതിപക്ഷം ഇപ്പോൾ ശക്തി പ്രാപിക്കുകയും എൻ. ഡി. എ. യിലും ബി. ജെ. പിയിലും ചെറുതെങ്കിലും കാര്യമായ വിയോജിപ്പുള്ള ശബ്ദങ്ങൾ ഉയരുകയും ചെയ്യുന്നു. ഒരു കേന്ദ്ര വ്യക്തിയുടെ അധികാരം കൂടുതൽ വെല്ലുവിളിക്കപ്പെടുന്നു. ഈ സാഹചര്യം ഏതുവിധേനയും സംഭവിക്കാം. എല്ലാം ശരിയായ രീതിയിൽ നടന്നാൽ പൗരസമൂഹത്തിന് കൂടുതൽ മുന്നോട്ട് പോകാനും ഭാവിയിൽ മാറ്റം ഉണ്ടാകുമെന്ന് ഉറപ്പാക്കാനും കഴിയും. എന്നാൽ ഇത് മറ്റൊരു വിധത്തിലും പ്രവർത്തിക്കാം, അധികാരം വെല്ലുവിളിക്കപ്പെടുന്ന വ്യക്തിക്ക് തന്റെ നിയന്ത്രണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും തനിക്കെതിരെ ഒരിക്കലും എഴുന്നേൽക്കരുതെന്ന് എല്ലാവരേയും ഒരു പാഠം പഠിപ്പിക്കുന്നതിനും കഠിനമായ രീതിയിൽ കാര്യങ്ങൾ ചെയ്യാൻ കഴിയും.

അടുത്ത കുറച്ച് മാസങ്ങൾ വളരെ നിർണായകമാണ്. ജാർഖണ്ഡ്, മഹാരാഷ്ട്ര, ഹരിയാന എന്നീ മൂന്ന് സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പ് അവസാനിക്കുന്നതുവരെ സർക്കാരിന്റെ ഏത് പുതിയ നീക്കവും ശ്രദ്ധിക്കേണ്ടതുണ്ട്. മൂന്ന് സംസ്ഥാനങ്ങളിൽ രണ്ടിലെങ്കിലും വിജയിക്കുക എന്നത് ബിജെപിയെ സംബന്ധിച്ചിടത്തോളം നിർണായകമാണ്, എല്ലാവരോടും പ്രത്യേകിച്ച് അവരുടെ പ്രവർത്തകരോടും അവർ ഇപ്പോഴും നിയന്ത്രണത്തിലാണെന്നും ലോക്സഭാ തിരഞ്ഞെടുപ്പ് ഫലങ്ങൾ ഒരു അപവാദം മാത്രമാണെന്നും പറയാൻ. അതുപോലെ, മോദി സർക്കാരിനുള്ള തിരിച്ചടി ഒരു തുടർച്ചയായ പ്രക്രിയയാണെന്നും അത് ഒരു വ്യതിയാനം മാത്രമായിരുന്നില്ലെന്നും അവകാശപ്പെടാൻ പ്രതിപക്ഷത്തിന് ഈ നിയമസഭാ തിരഞ്ഞെടുപ്പിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കേണ്ടത് പ്രധാനമാണ്. വരും മാസങ്ങളിൽ രാജ്യത്ത് നിരവധി കാര്യങ്ങൾ സംഭവിക്കാൻ പോകുന്നു. വെല്ലുവിളിയില്ലാത്ത ഒരു സർക്കാരിന് അതിന്റെ ഭരണം നിലനിർത്താൻ നിരവധി ജോലികൾ പൂർത്തിയാക്കാനുണ്ട്. പ്രചാരണത്തിന്റെ കാര്യത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനെ ഏതാണ്ട് അപ്രസക്തമാക്കുന്നതിന് ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് നിയമം പാസാക്കാൻ അവർ ആഗ്രഹിക്കുന്നു, രാഷ്ട്രീയ രംഗത്ത് ഒരു വ്യക്തിയും പ്രത്യയശാസ്ത്രവും മാത്രമേ ആധിപത്യം പുലർത്തുകയുള്ളൂ. അതുപോലെ, 2026 ന് ശേഷം കാലതാമസം വരുത്തിയ സെൻസസ് നടത്താനും തുടർന്ന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളേക്കാൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് ആധിപത്യം നൽകുന്നതിനായി ലോക്സഭാ സീറ്റുകളുടെ കണക്ക് മാറ്റാനും അവർ ആഗ്രഹിക്കുന്നു. കാരണം ജനസംഖ്യ കുറയുന്ന സംസ്ഥാനങ്ങൾക്ക് സീറ്റുകൾ നഷ്ടപ്പെടുകയും ജനസംഖ്യ വർദ്ധിപ്പിച്ച സംസ്ഥാനങ്ങളായ യു പി, ബീഹാർ എന്നിവ അവരുടെ വിഹിതത്തിലേക്ക് സീറ്റുകൾ കൂട്ടിച്ചേർക്കുകയും ചെയ്യും.

അധികാര കേന്ദ്രീകരണം, വിയോജിപ്പുകളെ അടിച്ചമർത്തൽ, ആക്രമണാത്മക വാചാടോപം എന്നിവ ഉൾക്കൊള്ളുന്ന രാഷ്ട്രീയ സംസ്കാരം ഇന്ത്യയെ സംബന്ധിച്ചിടത്തോളം ശരിയല്ല. ഈ സാഹചര്യം അക്രമവും അനാദരവും സാധാരണ നിലയിലായ ഒരു അന്തരീക്ഷത്തിലേക്ക് നയിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കാര്യത്തിലും ഇത് ശരിയാണ്. ലോക്സഭയിലെ തിരഞ്ഞെടുപ്പ് ഫലങ്ങൾ അഭിലഷണീയവും വിശ്വസനീയമല്ലാത്തതുമായ സഖ്യകക്ഷികളുമായി ഭരണം നടത്താൻ ബിജെപിയെ നിർബന്ധിതരാക്കി. എന്നാൽ അത് ബി.ജെ.പിയെ കൂടുതൽ ഉൾക്കൊള്ളുന്നതാക്കുകയും കൂടിയാലോചന സമീപനം സ്വീകരിക്കുകയും ചെയ്യുമോ എന്നത് കാലത്തിന് മാത്രമേ ഉത്തരം നൽകാൻ കഴിയൂ.

ഇന്ത്യയ്ക്ക് താഴ്മയുടെ രാഷ്ട്രീയവും സാമൂഹികവുമായ നേതൃത്വവും ആവശ്യമാണ്. തെറ്റുകൾ തിരിച്ചറിയുകയും അംഗീകരിക്കുകയും പരിമിതികൾ അംഗീകരിക്കുകയും ജനങ്ങളുടെ വൈവിധ്യമാർന്ന ശബ്ദങ്ങൾ ആത്മാർത്ഥമായി കേൾക്കുകയും ചെയ്യുന്നത് ഈ ഗുണത്തിൽ ഉൾപ്പെടുന്നു. ജാഗ്രതയുള്ള ഒരു സമൂഹത്തിന് മാത്രമേ ഭരണകക്ഷിയ്ക്ക് നിയമവാഴ്ചയോടുള്ള പ്രതിബദ്ധത, എതിരാളികളുമായുള്ള മാന്യമായ ഇടപെടൽ, വിദ്വേഷ പ്രസംഗങ്ങളും ഭിന്നിപ്പിക്കൽ വാചാടോപങ്ങളും നിരസിക്കൽ എന്നിവ നിറവേറ്റുന്നുവെന്ന് ഉറപ്പാക്കാൻ കഴിയൂ.

ഏത് ഭാഗത്താണ് നമ്മൾ? നമ്മൾ തീരുമാനിക്കേണ്ട സമയമാണിത്. നമ്മുടെ ഭരണഘടനാ അവകാശങ്ങൾ ലംഘിച്ചതിനെതിരെ ജാഗ്രത പാലിക്കുന്ന ആളുകളുടെ പക്ഷത്താണോ അതോ രാജ്യത്തിന്റെ നാശം നിശബ്ദമായി സഹിക്കുന്നവരോടൊപ്പമാണോ? ഇത് നമ്മുടെ ചെറുപ്പക്കാർ മാതൃരാജ്യത്ത് നിന്ന് പുറപ്പെടുന്നതിന് കാരണമാകുന്നു. ഭരാധികാരികൾക്കൊപ്പം നിൽക്കുന്നത് എളുപ്പമായിരിക്കും, കാരണം അവരുടെ സ്തുതിയുടെ ഗാനം മാത്രമേ ആലപിക്കേണ്ടൂ. ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ നാം തീർച്ചയായും നമ്മുടെ ഭരണാധികാരികൾക്കു വേണ്ടിപ്രാർത്ഥിക്കാൻ ബാധ്യസ്ഥരാണ്, പക്ഷേ നാം നീതിയുടെയും സമാധാനത്തിന്റെയും വശത്ത് നിൽക്കണം.

*(ഡൽഹി ആസ്ഥാനമായുള്ള മുതിർന്ന പത്രപ്രവർത്തകനാണ് ലേഖകൻ)*

# നസ്രാണി പെമ്പിളമാരുടെ സാംസ്കാരിക തനിമയും വേഷവിധാനവും

ഫാ. യാക്കോബ് മാത്യു
കോട്ടയം








**പുരാതനമായ എല്ലാ മത സമുദായങ്ങളിലും തനത് ആചാരപാരമ്പര്യങ്ങളും നടപടിക്രമങ്ങളും ചേർന്ന സംസ്കാരിക തനിമ ദൃശ്യമാണ്. സാംസ്കാരിക പൈതൃകം എന്ന് പൊതുവെ വിശേഷിപ്പിക്കപ്പെടുന്ന ഈ തനിമകൾ അതാത് ജാതീയത ഉൾപ്പെടുന്ന പ്രതലങ്ങളുമായി ബന്ധപ്പെട്ടതും വ്യത്യസ്തവുമായിരിക്കും.**

പഴയ മലബാർ ഭൂപ്രദേശത്തെ (കേരളത്തിലെ) മലങ്കര നസ്രാണി 'സുറിയാനി ക്രിസ്ത്യാനി' സമുദായത്തിനുമുണ്ട് ഇപ്രകാരം സവിശേഷമാർന്ന ഒരു സാംസ്കാരികത. ഈ നാട്ടിൽ വേരോടിയ പല പ്രാചീന സാംസ്കാരികതകളുമായി ബന്ധപ്പെട്ടതും ആശയസംപുഷ്ടവുമായ പൈതൃകത്തെയാണ് ഈ സമൂഹം ഉൾക്കൊള്ളുന്നത്. മലബാർ പ്രദേശത്തെ അനേകം ജാതീയ സമൂഹങ്ങളിൽ ഒന്നായി വളർന്നുവന്ന മലങ്കര നസ്രാണി സമൂഹം ഇവിടുള്ള തനതു രീതിശാസ്ത്രങ്ങളെ സ്വാംശീകരിച്ചപ്പോൾ രൂപപ്പെട്ടതാണ് ഈ സാംസ്കാരികത എന്ന് അനുമാനിക്കാം.യഹൂദ-പേർഷ്യൻ-മലബാർ, ഹൈന്ദവ-ക്രൈസ്തവ ബന്ധങ്ങളും ഈ സംസ്കാരരൂപപ്പെടലിലും വളർച്ചയിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്. തൻമൂലം മറുനാടുകളിലെ ക്രൈസ്തവ രീതികളിൽ നിന്ന് വ്യത്യസ്തമായ രൂപഭാവങ്ങളാണ് സ്വഭാവത്തിലും, വേഷത്തിനും, നടപടികളിലും മലബാർ സഭയിൽ കാണാൻ കഴിയുന്നത്.അതിൽ തന്നെ പ്രാദേശികമായ ചില വ്യത്യസ്ഥതകളും ദൃശ്യമാണ്.

മലങ്കര നസ്രാണി സമൂഹത്തിനിടയിൽ തെക്കരെന്നും വടക്കരെന്നുമുള്ള ഒരു കാഴ്ചപ്പാട് ദൃശ്യമായിരുന്നു. ക്നാനാ യക്കാരായ തെക്കും ഭാഗക്കാരെയും നാട്ടുക്രിസ്ത്യാനികളായ (മലങ്കര നസ്രാണികൾ) വടക്കുംഭാഗക്കാരെയുമല്ല ഇവിടെ വിവക്ഷിക്കുന്നത്. മലങ്കര നസ്രാണികളിൽ തന്നെ കോട്ടയത്തിന് വടക്കുള്ള നസ്രാണികൾ വടക്കരെന്നും കോട്ടയത്തിന് തെക്കുമുള്ള നസ്രാണികൾ തെക്കരെന്നും വിളിക്കപ്പെട്ടുവന്നിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യം വരെ ശക്തമായിതന്നെ ഈ ഭാഗീയത നിലനിന്നുവന്നു.

ഓരോ ഭാഗക്കാർക്കും പൊതുവായവ കൂടാതെ അവരുടെതായ ആചാരമര്യാദകളും വേഷവിധാനങ്ങളും ആടയാഭരണങ്ങളും മറ്റും ഉണ്ടായിരുന്നു. നസ്രാണി പെമ്പിളമാരുടെ ആടയാഭരണ ഉപയോഗത്തിൽ പോലും ഇത് കാണാൻ കഴിയും. രണ്ട് ഭാഗങ്ങളും തമ്മിൽ അസ്വാരസ്യങ്ങൾ ഉണ്ടാകാതിരിക്കാനും ഇരുഭാഗത്തെയും അവരുടേതായ രീതിയിൽ നയിക്കാനും അതാത്കാലത്ത് മലങ്കര നസ്രാണി മൂപ്പന്മാരും (മലങ്കര നസ്രാണി ജാതിക്ക് കർത്തവ്യർ) പ്രത്യകം ശ്രദ്ധിച്ചിരുന്നു. വൈദിക പഠനത്തിനായി 1814-ൽ കോട്ടയത്ത് സെമിനാരി സ്ഥാപിച്ചതും മലങ്കര സഭയുടെ ആസ്ഥാനം (പഴയ സെമിനാരി) ക്രമീകരിച്ചതും എല്ലാം മധ്യഭാഗമായ കോട്ടയത്തായത് തന്നെ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന്റെയും ഇരുവശങ്ങളെയും പരസ്പര ഐക്യത്തിൽ കൊണ്ടുപോകുന്നതിന്റെയും ഭാഗമായി കരുതാം.

മലങ്കര നസ്രാണി (സുറിയാനി ക്രിസ്ത്യാനി) മാപ്പിളമാരുടെയും പ്രത്യേകാൽ നസ്രാണി

പെമ്പിളമാരുടെയും പൗരാണിക വേഷവിധാനങ്ങളെയും ആടയാഭരണങ്ങളെയും വിവാഹത്തെയും കുറിച്ചാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്.

നസ്രാണി മാപ്പിള പതിനെട്ടാം നൂറ്റാണ്ടിൽ നസ്രാണി മാപ്പിളമാരുടെ വേഷം മുണ്ടും തലേക്കെട്ടുമായിരുന്നു. എന്നാൽ ഈ തലേക്കെട്ട് കെട്ടാതെ അത് തോളിൽ ഇടുകയായിരുന്നു പൊതുരീതി. നസ്രാണി പുരുഷപ്രജകളുടെ മാമോദീസാവേളയിൽ ക്രിസ്ത്യൻ വിശ്വാസപ്രകാരമുള്ള രണ്ടാം ജനനത്തിൻറെ (ക്രിസ്തു പറഞ്ഞപ്രകാരം, വെള്ളത്താലും ആത്മാവിനാലുമുള്ള ജനനം) അടയാളമായി പട്ടക്കാർ പൂണൂൽ വാഴ്ത്തി ധരിപ്പിക്കുന്ന രീതി അന്ന് ഉണ്ടായിരുന്നു. മാമോദീസായ്ക്ക് ശേഷം ഊരിവയ്ക്കുന്ന ഈ പൂണൂൽ നസ്രാണി മാപ്പിളമാരെ അവരുടെ വിവാഹവേളയിൽ വീണ്ടും ധരിപ്പിച്ചിരുന്നു.

തോൾമുണ്ട്, മേൽമുണ്ട്, ലേസ് (തൂവാല) എന്നിവ പിന്നീട് മാപ്പിളയുടെ വസ്ത്രമായി മാറി. രണ്ടു തുമ്പും ഞൊറിയിട്ട് മുണ്ട് ഉടുക്കുവാനുള്ള അവകാശം പ്രത്യക പദവിയായി നസ്രാണികൾക്ക് ലഭിച്ചിരുന്നു. ചുവന്ന ചുട്ടിയോടു കൂടിയ മേൽമുണ്ടായിരുന്നു ഇതെന്ന സൂചനയുണ്ട്. പൂണൂലിന് പകരം മുണ്ടുത്തരീയം പോലെ തോൾമുണ്ട് വിവാഹത്തിന് ധരിക്കുന്നരീതി പിന്നീട് വന്നു. കുരിശ്മാലയും, മോതിരവും, വളയും (വളയം) ആയിരുന്നു നസാണി മാപ്പിളയുടെ ആഭരണങ്ങൾ.

നസ്രാണി പെമ്പിളമാരുടെ വസ്ത്രങ്ങൾക്ക് മലബാരി യൂഹൂദ സ്ത്രീകളുടെ വസ്ത്രധാരണരീതിയുമായി ബന്ധമുണ്ടെന്ന അഭിപ്രായമുണ്ട്. അവർ ധരിച്ചുവന്ന ശുഭ്രവസ്ത്രം (വെള്ള) നസ്രാണികൾക്ക് നാട്ടുരാജാക്കന്മാരിൽ നിന്ന് ശാസന പ്രകാരം കിട്ടിയ പ്രത്യക അവകാശമായും കരുതുന്നുണ്ട്.

### ചട്ട

നസ്രാണി 'സുറിയാനി ക്രിസ്ത്യാനി' സ്ത്രീകൾ ധരിക്കുന്ന പ്രത്യകതരം വസ്ത്രമാണ് ചട്ട. അരയോളം നീളം വരുന്നതും ഫുള്ളോ ഹാഫോ കൈയുള്ളതുമായ വീതികൂടിയ വെള്ളബ്ലൗസാണ് ചട്ട. വെള്ളതുണി കൊണ്ട് മാത്രമാണ് ചട്ട തയിക്കാറുള്ളത്.

### മുണ്ട്

ചട്ടയ്ക്കൊപ്പം വീതികൂടിയ വെള്ള മുണ്ടും ഉപയോഗിക്കുന്നു. പുടക എന്നറിയപ്പെടുന്ന ഈ മുണ്ട് പുറകിൽ വിശറിപോലെ ഞൊറിയിട്ട് ഉടുക്കുന്നു. സൗകര്യാർത്ഥം നസ്രാണി സ്ത്രീകൾ വീതികൂടിയ കൈലിമുണ്ട് ഞൊറിയിട്ട് വീടുകളിൽ ഉപയോഗിക്കാറുണ്ട്.

### കവണി & ബ്രോച്ച്

പള്ളിയിലോ പൊതുചടങ്ങുകളിലോ പോകുമ്പോൾ നേരിയത് അഥവ കവണി എന്ന വെള്ള വസ്ത്രം ചട്ടയ്ക്കും മുണ്ടിനും പുറത്തായി ഹാഫ് സാരി പോലെ ഉപയോഗിക്കുന്നു. കസവ് പോലുള്ളവകൊണ്ട് എംബ്രോയ്ഡറി വർക്കുകൾ ചെയ്താണ് കവണി മനോഹരമാക്കുന്നത്. ബ്രോച്ച് എന്ന മനോഹരമായ പിൻ ഉപയോഗിച്ച് ചട്ടയുടെ ഇടതുവശത്തിലെ കൈയ്യിലേയ്ക്ക് കവണി ഞൊറിഞ്ഞ് പിൻ ചെയ്യുന്നു. പള്ളി ആരാധനയിലും മറ്റും കവണിയുടെ അറ്റമാണ് തല മറയ്ക്കാൻ ഇടുന്നത്.

പഴയകാലത്ത് നസ്രാണി പെമ്പിളമാരുടെ വിവാഹവസ്ത്രം വരെ ഇതായിരുന്നു (ചട്ട, മുണ്ട്, കവണി). പിന്നീട് പലതരം വിവാഹവസ്ത്രങ്ങൾ പ്രചാരത്തിൽ വരികയും ചട്ടയും മുണ്ടും ഒഴിവാക്കപ്പെടുകയും ചെയ്തു. പുതിയ തലമുറ പരമ്പരാഗത ആചാരങ്ങൾ തിരികെ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ വിവാഹച്ചടങ്ങുകളിൽ ചട്ടയും മുണ്ടും മറ്റും ഉപയോഗിച്ച് കാണുന്നുണ്ട്. ഇടവക പള്ളിയിലെ പൊതുവായ ചില സന്ദർഭങ്ങളിലും കൂടുതൽ സ്ത്രീകൾ ഈ വസ്ത്രം ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു.

ശേഷം 21-ാം പേജിൽ...

## ഓർമ്മ



മലങ്കരസഭാ തേജസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് V മെത്രാപ്പോലീത്തായുടെ 114-ാം ഓർമ്മ (ജൂലൈ 12), കോട്ടയം പഴയസെമിനാരിയിൽ



ഗീവർഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തായുടെ 24-ാം ഓർമ്മ (ജൂലൈ 23), റാന്നി ഹോളി ട്രിനിറ്റി ആശ്രമം.



പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 11-ാം ഓർമ്മ (ഓഗസ്റ്റ് 1, റാന്നി പെരുനാട് ബഥനി ആശ്രമം)



അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 58-ാം ഓർമ്മ (ഓഗസ്റ്റ് 6, റാന്നി പെരുനാട് ബഥനി ആശ്രമം)



പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 3-ാം ഓർമ്മ (ജൂലൈ 12, ദേവലോകം അരമന)



പ. മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ 108-ാം ഓർമ്മ (കുർക്കുമ ദയറാ)

# ദൈവമാതാവിന്റെ വാങ്ങിപ്പ്



ഫാ. ജോബ് സാം മാത്യു
ഓർത്തഡോക്സ് തിയളോജിക്കൽ സെമിനാരി, കോട്ടയം

ഏകദേശം നാലാം നൂറ്റാണ്ടുമുതൽ പരിശുദ്ധ സഭയിൽ ആചരിക്കുന്ന ഒരു പെരുന്നാളാണ് ഇത്. മലങ്കരയിൽ പരിശുദ്ധ ദൈവമാതാവിന്റെ മധ്യസ്ഥതയിൽ ഓഗസ്റ്റ് ഒന്നു മുതൽ പതിനഞ്ചു വരെ നോമ്പ് അനുഷ്ഠിക്കുന്നു. ഈ അനുഗ്രഹീതമായ ശൂനോയോ പെരുന്നാൾ നമുക്ക് നൽകുന്ന ആത്മീയ സന്ദേശങ്ങൾ ചിന്തിക്കാം.

**ദൈവകൃപയിൽ ആശ്രയിച്ചു വിശുദ്ധിയുടെ പടവുകൾ കയറുക**

സാധാരണമായ സാമൂഹിക പശ്ചാത്തലത്തിലാണ് മറിയം വളർന്നു വന്നത്. എന്നാൽ ദൈവിക സന്ദേശത്തെ തിരിച്ചറിയുന്നതിനും ദൈവിക നിയോഗം ഭരമേൽക്കുന്നതിനും ആവശ്യമായ പാകത നസ്രേത്തിലെ മറിയാമിനുണ്ടായിരുന്നു. സുകൃതങ്ങളുടെ അഭ്യസനം ബാല്യം മുതൽ ലഭിച്ചിരുന്നു. നസ്രേത്തിലെ കന്യകമറിയാമിന് ലഭിച്ച വെളിപാടിനെ കുറിച്ച് വേദശാസ്ത്രജ്ഞനായ അലക്സാന്ത്രിയയിലെ ഒറിജൻ എഴുതിയത് ഇപ്രകാരമാണ്. ''കൃപ നിറഞ്ഞവളെ, നിനക്ക് സമാധാനം' എന്ന അഭിവാദനം തിരുവെഴുത്തിൽ മറ്റൊരിടത്തുമില്ല. ഇത് ഒരു പുരുഷനല്ല ലഭിച്ചത്. ഈ അഭിവാദനം മറിയാമിന് മാത്രമുള്ളതായിരുന്നു' (Homilies on the Gospel of Luke). അതിവിശിഷ്ടമായ അഭിവാദനവും നിയോഗവും ലഭിച്ചിട്ടും മറിയം അഹങ്കരിക്കാതെ എളിമയോടും ഹൃദയപരമാർത്ഥതയോടും ജീവിച്ചു. 'മറിയാം സംശയം കൂടാതെ ദൈവമാതാവെന്ന് എല്ലായ്പോഴും പ്രസംഗിച്ചവനുമായ നമ്മുടെ പാത്രിയർക്കീസ്' അന്ത്യോക്യയിലെ മാർ സേവേറിയോസ് എഴുതിയത് ഇപ്രകാരമാണ്: 'When the sin increased on earth, God the Word descended from Heaven and dwelt in the belly of Mary the Virgin, and He fashioned for Himself in her a human body by an incomprehensible Mystery which reason cannot understand, and He remained in her womb for nine months, and He took a body from her and created for Himself a body.'

പ്രിയമകന്റെ പ്രബോധനത്തിന്റെ അടിസ്ഥാനത്തിൽ മറിയം ജീവിതത്തെ ക്രമപ്പെടുത്തി. റോമൻ കത്തോലിക്കാസഭ പഠിപ്പിക്കുന്നത് ദൈവമാതാവിന്റെ ഉണ്മയിൽ പാപമില്ലാത്ത അവസ്ഥ ഉണ്ടായിരുന്നു (അമലോത്ഭവ) എന്നാണ്. എന്നാൽ ഓർത്തഡോക്സ് സഭ നൂതനമായ ഈ ആശയം സ്വീകരിക്കുന്നില്ല. എന്നാൽ ജീവിതവിശുദ്ധി കാത്തുസൂക്ഷിച്ചതിനാൽ പാപത്തിൽ നിന്നും അകന്നു കന്യകമറിയം ജീവിച്ചു എന്നാണ് ഓർത്തഡോക്സ് സഭയുടെ പ്രബോധനം. തന്റെ ശരീരവും മനസ്സും ദൈവത്തിനു സമർപ്പിച്ചതിനാൽ പരിശുദ്ധമായി കാത്തുസൂക്ഷിച്ചു. മാതാവ് വിശ്വാസികളെപ്പോലെ സ്നാനമേറ്റു. വർഷങ്ങൾക്ക് മുൻപ് വചനിപ്പിന്റെ ദിനത്തിലെ പോലെ, പെന്തക്കോസ്തി ദിനം പരിശുദ്ധാത്മാവിന്റെ ആവാസം സ്വീകരിച്ചു. ദൈവത്തിന്റെ കൃപയാൽ പാപത്തെ അതിജീവിച്ചു. വിശുദ്ധ ജീവിതത്തിലൂടെ ആ അനുഗ്രഹീത വ്യക്തിത്വം അനേകർക്ക് ആശ്വാസവും തുണയുമായി. പ്രാർത്ഥനയും വചനധ്യാനവും ആത്മീയ ശക്തിയും ശോഭയും പകർന്നു. ഒരു ദിവ്യമായ പ്രകാശം മാതാവിൽ ദൃശ്യമായിരുന്നു. ഈ പരിശുദ്ധയുടെ വാക്കുകളും സാമീപ്യവും അനേകർക്ക് ആശ്വാസം പകർന്നു. നാം ദൈവികമായ സ്മരണയിൽ ജീവിക്കുമ്പോൾ ദൈവികമായ ചൈതന്യം വാക്കിലൂടെയും പെരുമാറ്റത്തിലൂടെയും ആവിഷ്ക്കരിക്കാൻ കഴിയും.

**ജീവിതത്തെ ഗുണപരമായി മുന്നോട്ടു നയിക്കുക**

ഒരു മനുഷ്യന് ലഭിക്കാവുന്നതിൽ ഏറ്റവും ഉത്തമവും ശ്രേഷ്ഠവുമായ അവസ്ഥയാണ് കന്യകമറിയാമിന് ലഭിച്ചത്. എന്നാൽ സുഖകരമായ അവസ്ഥയല്ല മുൻപിലുണ്ടായിരുന്നത്. വചനമാം ദൈവത്തെ പരിശുദ്ധാത്മാവിൽ ഗർഭധാരണം ചെയ്തതുമുതൽ അനവധി പ്രതിസന്ധികൾ ജീവിതത്തിൽ അമ്മ നേരിട്ടു. എന്നാൽ പരിഭവിക്കുകയോ പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടുകയോ ചെയ്യാതെ അവയെ സന്തോഷപൂർവം, ദൈവത്തിൽ സമർപ്പിച്ചു നേരിട്ടു. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷ കാലയളവിൽ അവനോടൊപ്പം സഞ്ചരിച്ചു. പീഡാസഹനത്തിലും കുരിശിന്റെ ചുവട്ടിലും ഒപ്പമായിരുന്നു. 'നിന്റെ സ്വന്ത പ്രാണനിൽകൂടിയും ഒരു വാൾ കടക്കും' എന്ന വൃദ്ധനായ ശിമയോന്റെ വെളിപ്പെടുത്തൽ മാതാവിന് മുൻപിലുണ്ടായിരുന്നു (ലൂക്കോസ് 2:35). അതിനാൽ ജീവിതത്തിലെ ദുഖകരമായ അനുഭവങ്ങളെ മാതാവ് നേരിട്ടത് ദൈവിക പദ്ധതി എന്ന നിലയിലാണ്.

പെന്തിക്കോസ്തിയെ തുടർന്ന് സഭ വികസിക്കാൻ

തുടങ്ങിയപ്പോൾ, അപ്പോസ്തോലിക സമൂഹത്തിന്റെയും പ്രേഷിതരുടെയും ഒപ്പം പ്രാർത്ഥനാപൂർവ്വം നിലകൊണ്ടു (അപ്പോ. 1:14). പുത്രൻ തമ്പുരാന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം മാതാവിന് ഏറെ സന്തോഷം പകർന്നത് പ്രിയമകനോടൊപ്പമുള്ള നിമിഷങ്ങളുടെ മധുരസ്മരണയാണ്. ഈ സ്മരണകൾ വിശ്വാസസമൂഹത്തോടു പങ്കുവച്ചു. അത് യേശുക്രിസ്തുവിലുള്ള വിശ്വാസം ദൃഢമാകുന്നതിനും ധൈര്യത്തോടെ സുവിശേഷം പങ്കുവയ്ക്കുന്നതിനും അപ്പോസ്തോലിക സമൂഹത്തെ പ്രചോദിപ്പിച്ചു. വാചാലമായ ഒരു പ്രശാന്തത മറിയം ജീവിതത്തിലുടനീളം പുലർത്തി. വാക്കുകൾ ദീർഘമാക്കാതെ, ആത്മപ്രശംസയ്ക്ക് മുതിരാതെ, പ്രകടനാത്മകതയുടെ പിന്തുണയില്ലാതെ, വാക്കും പ്രവർത്തിയും വിരുദ്ധമാകാതെ കന്യകമറിയം ശ്രദ്ധിച്ചു. സത്ചിന്തകൾ പകർന്നു നൽകി. ഒരു വിശ്വാസിയെ സംബന്ധിച്ച് ചരിത്രത്തിലെ രക്ഷാകരമായ ദൈവിക ഇടപെടലുകൾ ധ്യാനിക്കുന്നത് അനുഗ്രഹീതമായ ആത്മീയ അനുഭവമാണ്. സങ്കീർത്തനക്കാരൻ പ്രത്യാശിക്കുന്നു: 'ഞാൻ യഹോവയുടെ പ്രവർത്തികളെ വർണിക്കും (meditate, ധ്യാനിക്കുക); നിന്റെ പണ്ടത്തെ അത്ഭുതങ്ങളെ ഞാൻ ഓർക്കും' (സങ്കീർത്തനം 77:12). മാതാവിന്റെ സവിശേഷത ഏവൻഗേലിസ്തനായ ലൂക്കോസ് രേഖപ്പെടുത്തിയത് 'മറിയം ഈ വാർത്ത ഒക്കെയും ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചുകൊണ്ടിരുന്നു' എന്നാണ് (ലൂക്കോസ് 2:19, 51). ദൈവികമായ ജ്ഞാനം പ്രാപിക്കാൻ ധൃതിപ്പെടേണ്ടതില്ല; സാവധാനം സമയമെടുത്ത് ദൈവത്തിൽ ആശ്രയിച്ചു കാര്യങ്ങൾ മനസ്സിലാക്കണം എന്ന് അമ്മ പഠിപ്പിക്കുന്നു.

**അനുഗ്രഹീതമായ നിര്യാണത്തിനായി ആഗ്രഹിക്കുക, പ്രാർത്ഥിക്കുക.**

കുരിശിൽ കിടക്കുമ്പോൾ യേശു തന്റെ മാതാവിനെ പ്രിയശിഷ്യനായ യോഹന്നാനെ ഏല്പിച്ചു (യോഹന്നാൻ 19:26-27). അനാഥമായ അവസ്ഥ അമ്മയ്ക്ക് ഉണ്ടാകരുതെന്ന് മകൻ ചിന്തിച്ചു. യോഹന്നാന്റെയും ആദിമ സഭയുടെയും പരിചരണവും സ്നേഹവും ഏറ്റുവാങ്ങി, യെരുശലേമിൽ കന്യകമറിയം അന്ത്യകാലം ചിലവിട്ടു. മതപീഡന കാലത്തു യോഹന്നാനോടൊപ്പം എഫെസൊസിലേക്ക് പോയതായും അന്ത്യകാലത്തു യെരൂശലേമിലേക്കു മടങ്ങി എത്തിയതായും പാരമ്പര്യമുണ്ട്. സുവിശേഷപ്രചാരണത്തിനായി ലോകത്തിന്റെ വിവിധ ദേശങ്ങളിലേക്ക് യാത്രയായിരുന്ന അപ്പോസ്തോലന്മാർ ഈ സമയത്തു അത്ഭുതകരമായി യെരുശലേമിലെത്തി. പ്രാർത്ഥനാനിർഭരവും ദീപ്തവുമായ ആത്മീയ അനുഭവങ്ങൾ നിറഞ്ഞ അന്ത്യം മാതാവിന് ലഭിച്ചു. നിദ്രപ്രാപിച്ചെങ്കിലും ശരീരം ജീർണിക്കാതെ (corruption) സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു. അമ്മയുടെ ശരീരം പുത്രൻതമ്പുരാൻ സ്വീകരിച്ചു. മരണത്തിനപ്പുറമുള്ള പ്രത്യാശയും ആ ധ്യാനം പകരുന്ന ആഹ്ലാദവും അമ്മ അനുഭവിച്ചു.

വിശുദ്ധ കുർബാനയിൽ ഹൂസോയോ പ്രാർത്ഥനയിൽ ചൊല്ലുന്നത് ശ്രദ്ധിക്കാം. 'സമാധാനപരന്മാരായ ആളുകൾക്കുള്ള ഉത്തമമായ അവസാനത്തിനു ഞങ്ങളെ അർഹരാക്കിത്തീർക്കേണമേ. നിനക്കിഷ്ടമുള്ളതും അനുയോജ്യവും നിന്റെ ദൈവത്വത്തിനു പ്രീതികരവുമായ ക്രിസ്തീയ അന്ത്യം ഞങ്ങൾക്കു നൽകണമേ. നല്ല അവസാനത്തിനു ഞങ്ങളെല്ലാവരെയും അർഹരാക്കിത്തീർക്കേണമേ.' നമ്മുടെ അന്ത്യനിമിഷങ്ങളിൽ പരിശുദ്ധ മറിയാമിന്റെ സാന്നിധ്യവും മധ്യസ്ഥതയും നാം ആഗ്രഹിക്കുന്നുണ്ട്. 'ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചുകൊള്ളണമേ" എന്നാണ് നാം പ്രാർത്ഥിക്കുന്നത്. അനുഗ്രഹീതമായ നിര്യാണത്തിനായി ഒരുങ്ങുന്ന രീതി ഉത്തമ ക്രിസ്തീയ ജീവിതം നയിക്കുന്നവർക്കുണ്ട്. ഉദാഹരണമായി, പരിശുദ്ധ പാമ്പാടി കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ അവസാനകാലത്തു തിരുമേനി പകൽ സമയത്ത് കബർ മുറിയിൽ കട്ടിലിട്ട് വിശ്രമിക്കുമായിരുന്നു.

ദൈവമാതാവായ കന്യകമറിയാമിന്റെ ജീവിതവും സാക്ഷ്യവും സവിശേഷതകളും ആരാധനക്രമത്തിന്റെ താളുകളിൽ സുവ്യക്തവും ഹൃദ്യവും ആദരണീയവുമായി അവതരിപ്പിക്കാൻ പരിശുദ്ധ സഭ ശ്രദ്ധിച്ചത് ആ മഹനീയ വ്യക്തിത്വത്തിന്റെ ശ്രേഷ്ഠതയും ജീവിതമാതൃകയുടെ സാംഗത്യവും മധ്യസ്ഥതയുടെ ഫലപ്രാപ്തിയും തിരിച്ചറിഞ്ഞതിനാലാണ്. മാതാവിന്റെ ജീവിതവിശുദ്ധിയും ദൈവികമായ നിയോഗത്തോടുള്ള വിശ്വസ്തവും വിനയാന്വിതവുമായ സമർപ്പണവും ഈ പെരുന്നാൾ നമ്മെ ഓർമിപ്പിക്കുന്നു. ○

---

## നസ്രാണി പെമ്പിളമാരുടെ...

19-ാം പേജിൽ നിന്നും...

പുരാതന ക്രിസ്ത്യൻ കലയായ മാർഗ്ഗംകളി പോലുള്ള കലാരൂപങ്ങളുടെ അവതരണത്തിലും ഈ വസ്ത്രം ധരിക്കുന്നു. നസ്രാണി പെമ്പിളമാരുടെ പഴയവേഷം സംബന്ധിച്ച് വലിയ പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ വാക്കുകൾ ശ്രദ്ധേയമാണ്.

'മലങ്കര നസ്രാണി സ്ത്രീകളുടെ വേഷം പുരാതന കാലം മുതലേ വളരെ കേൾവി കേട്ടതാണ്. അവരുടെ ആ വെള്ളവസ്ത്രം ശുചിത്വത്തിന്റെയും നിർമ്മലതയുടേയും പാതിവ്രത്യത്തിൻറെയും ലക്ഷണമായി വിദേശികൾ പോലും പലപ്പോഴും പ്രശംസിച്ചിട്ടുള്ളതാണ്. അതുപാടെ ത്യജിച്ചിട്ട്, യുവതികളും കുട്ടികളും ഇപ്പോൾ ചിത്രശലഭത്തെ തോൽപ്പിക്കുന്ന വർണ്ണവും നിറപ്പകിട്ടുമാണ് വസ്ത്രധാരണത്തിൽ (ദേവാലയത്തിൽ വരുമ്പോൾ പോലും) സ്വീകരിച്ചിരിക്കുന്നത്. പഴയ വെള്ളവസ്ത്രം എത്ര മനോഹരമായിരുന്നു. നമ്മുടെ സ്ത്രീകൾ പള്ളി ആരാധനയിലെങ്കിലും വെള്ളവസ്ത്രം ധരിച്ചു സംബന്ധിക്കണമെന്നു നാം താൽപര്യപ്പെടുന്നു'. ○

*For Favours Received*





ഒരു വിശ്വാസി



# വചനദീപ്തി

ഫാ. ഡോ. തോമസ് പി. സഖറിയ

**2024 ജൂലൈ 14**
**പെന്തിക്കോസ്തിക്കു ശേഷം എട്ടാം ഞായർ**
**വി.മർക്കോസ് 4: 1 – 20**

പരിശുദ്ധ ശ്ലീഹന്മാരുടെ പെരുന്നാളുകളോടെ (ജൂൺ 29, 30) ആരംഭിച്ച് സ്ലീബാപ്പെരുന്നാൾ വരെ നീളുന്ന ദീർഘമായ ആരാധനാ കാലത്തിലൂടെയാണ് നാം കടന്നു പോകുന്നത്. പെന്തിക്കോസ്തി പെരുന്നാളിനോട് ചേർന്നു വരുന്ന ഞായറാഴ്ചകളിൽ പരിശുദ്ധാത്മാവിന്റെ ആവാസത്തെക്കുറിച്ചും, കർത്താവ് വാഗ്ദത്തം ചെയ്ത പാറക്കലിത്താറൂഹായുടെ പ്രവർത്തനങ്ങളെക്കുറിച്ചും ധ്യാനിച്ച ശേഷം കർത്താവിന്റെ ശിഷ്യന്മാർ ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ തങ്ങളുടെ ദൗത്യം എങ്ങനെ നിറവേറ്റി എന്ന് ചിന്തിക്കുന്ന അവസരമാണിത്.

**1. കണ്ടിട്ടും കാണാതെയും, കേട്ടിട്ടും ഗ്രഹിക്കാതെയും ഇരിക്കുന്നവർ**

പ്രഭാതത്തിന്റെ ഏവൻഗേലിയോൻ ഭാഗത്തുനിന്നുള്ളതാണ് ഈ പരാമർശം ( മത്തായി 13:13). കർത്താവ് യോഹന്നാൻ സ്നാപകനോട് വരുവാനുള്ളവൻ താൻ തന്നെയാണ് എന്നതിന് തെളിവായി തന്റെ പരസ്യശുശ്രൂഷയിൽ നടത്തപ്പെടുന്ന സൗഖ്യദാനത്തെയും അനുഗ്രഹങ്ങളെയും പറ്റി പറയുന്നതായി വി. വേദപുസ്തകം സാക്ഷിക്കുന്നു. യേശുവിനെ അനുഗമിക്കുകയും, അവന്റെ വാക്കുകൾ കേൾക്കുകയും, പ്രവൃത്തികൾക്ക് സാക്ഷ്യം വഹിക്കുകയും ചെയ്തവരായി അനേകർ ഉണ്ടായിരുന്നു. എന്നാൽ യേശുവിന്റെ യഥാർത്ഥ ശിഷ്യന്മാരാകുവാൻ അവരിൽ അനേകർക്കും സാദ്ധ്യമായില്ല. സ്വന്തഭവനത്തിലും, ചാർച്ചക്കാരുടെ ഇടയിലും, സ്വന്ത പട്ടണത്തിലും ഉള്ളവർ അനേകരും യേശുവിൽ വിശ്വസിച്ചില്ല എന്തെന്നാൽ അവർ ക്രിസ്തുവിനെ കണ്ടുവെങ്കിലും അവനെ യഥാർത്ഥമായി ദർശിക്കുന്നതിൽ പരാജയപ്പെട്ടു; അവർ കർത്താവിന്റെ വാക്കുകൾ കേട്ടുവെങ്കിലും അവയുടെ മർമ്മം ഗ്രഹിക്കുവാൻ അവർക്ക് വരം ലഭിച്ചില്ല (മത്തായി 13:11). ക്രിസ്തുവിന്റെ യഥാർത്ഥ സാക്ഷികൾ ആകുവാൻ ദൈവരാജ്യത്തിന്റെ വചനം കേൾക്കുവാനും, ക്രിസ്തു ദർശനം പ്രാപിക്കുവാനും കഴിയണം. പക്ഷേ അവിശ്വാസം കൊണ്ട് ഹൃദയം തടിച്ചവർക്ക്, മന്ദമായി മാത്രം കേൾക്കുന്നവർക്ക്, കണ്ണടച്ചതിനാൽ ഇരുളിൽ കഴിയുന്നവർക്ക്, കർത്താവിന്റെ സൗഖ്യത്തിനും, രക്ഷയ്ക്കും, വിമോചനത്തിനും ഉള്ള വരം നൽകപ്പെട്ടിട്ടില്ല. അതുകൊണ്ട് കർത്താവ് അവരോട് ഉപമകളാലും ദൃഷ്ടാന്തങ്ങളാലും സംസാരിക്കുന്നു (മത്തായി 10:13). യഥാർത്ഥ ശിഷ്യന്മാർ സ്വർഗരാജ്യത്തിന്റെ മർമ്മങ്ങളെ അറിവാൻ വരം ലഭിച്ചവരാണ് എന്ന് കർത്താവ് പഠിപ്പിക്കുന്നു. ശിഷ്യന്മാരായി അപ്പൊസ്തോലികത്വത്തിലേക്ക് വിളിക്കപ്പെട്ട നമുക്ക് അവിശ്വാസത്താൽ തടിച്ച ഹൃദയം ഉണ്ടാകരുത് എന്ന് കർത്താവ് ആഗ്രഹിക്കുന്നു എന്നത് ഓർക്കാം.

**2. കേൾക്കാൻ ചെവിയുള്ളവരാകാം.**

സന്ധ്യയുടെയും വി. കുർബാനയുടെയും ഏവൻഗേല്യോനിൽ (മർ. 4: 1–23) കർത്താവ് കടൽക്കരയിൽ, തന്റെ ഉപദേശം കേൾപ്പാൻ വന്ന ജനത്തോട് ഉപദേശിച്ചു തുടങ്ങുന്നത് 'കേൾപ്പിൻ' എന്ന ഉദ്ബോധനത്തോടെയാണ്. 'കേൾപ്പിൻ, കേട്ടനുസരിപ്പിൻ', 'കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ' മുതലായ പ്രബോധനങ്ങൾക്ക് പഴയ നിയമ കാലം മുതൽക്കു തന്നേ പ്രസക്തിയുണ്ട്. യഹോവയുടെ ചട്ടങ്ങളും വിധികളും കേൾപ്പിൻ (ആവ. 4.1),.. നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന് കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവിൻ (എബ്രാ.2:1–3), എന്റെ വാക്കുകേട്ടനുസരിപ്പിൻ, ഞാൻ കല്പിച്ച വഴികളിൽ നടപ്പിൻ (യിരെ. 7:23) മുതലായി അനേക വാക്യങ്ങളിലൂടെ ദൈവവചനം ശരിയായി കേൾക്കുന്നതിന്, കേവലം കാതുകൾക്കപ്പുറം ഹൃദയം കൊണ്ട് ഉൾക്കൊള്ളുന്നതിന്, ദൈവജനത്തിനുണ്ടാവേണ്ട സന്നദ്ധതയെക്കുറിച്ചാണ് കർത്താവ് പഠിപ്പിക്കുന്നത്.

**3. ദൈവവചനം കൈക്കൊള്ളാം, പ്രമാണിക്കാം, നല്ല നിലത്തു വീണ വിത്തുകളാകാം**

യഹോവയുടെ കല്പനകൾ ശ്രദ്ധയോടെ കേൾക്കുകയും, അവ കൈക്കൊള്ളുകയും, അവയെ പ്രമാണിക്കുകയും ചെയ്യുവാനാണ് യഹോവ യിസ്രയേലിനോട് ആവശ്യപ്പെട്ടത്. അതിൽ പരാജയപ്പെട്ടതുമൂലമാണ് ദൈവത്തിന്റെ സ്വന്തജനം അവന്റെ ക്രോധത്തിനു മുമ്പാകെ നിൽക്കേണ്ടി വന്നത്. 1 പത്രോസ് 2:9 –10 വാക്യങ്ങൾ ക്രിസ്തുവിലായവരുടെ വിശേഷതകൾ വിവരിക്കുന്നു. ഇത് യഥാർത്ഥമായി ശിഷ്യത്വത്തിലേക്ക് പ്രവേശിപ്പിക്കപ്പെട്ടവരുടെ പ്രത്യേകതകൾ തന്നെയാണ്: അവർ ഇപ്പോൾ ദൈവജനമാണ്, കരുണ ലഭിച്ചവരാണ് എന്തെന്നാൽ അവർ ഇരുട്ടിൽ നിന്ന് തന്റെ വിസ്മയകരമായ വെളിച്ചത്തിലേക്ക് അവരെ വിളിച്ചവനായ കർത്താവിന്റെ സൽഗുണങ്ങളെ ഘോഷിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടവരാണ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ജാതി, രാജകീയ പുരോഹിത വർഗം, വിശുദ്ധ വംശം, സ്വന്ത ജനം എന്നീ സവിശേഷതകൾ ക്രിസ്തു എന്ന രക്ഷിതാവ് അവർക്ക് നൽകിയിരിക്കുന്നു.

ഇപ്രകാരം ശിഷ്യത്വത്തിലേക്ക് വിളിക്കപ്പെട്ടവർ നല്ല നിലത്ത് വീണ വിത്ത് എന്നതു പോലെ ദൈവവചനത്തെ കേൾക്കുകയും, കൈക്കൊള്ളുകയും, പ്രമാണിക്കുകയും ചെയ്യുന്നവരാണ്. അവർ മുപ്പതും അറുപതും നൂറും മേനി വിളയുന്നു (മർക്കൊ. 4:20). വിശുദ്ധന്മാരായ ശ്ലീഹന്മാരുടെയും, വിശ്വാസികളുടെയും ജീവിതങ്ങൾ നമുക്ക് എന്നും പാഠപുസ്തകങ്ങളായി മാറുന്നതിവിടെയാണ്. കർത്താവിനു വേണ്ടി പീഡയേറ്റവർ, മരണത്തിനു മുമ്പിലും വിശ്വാസം വെടിയാതിരുന്നവർ, സന്യാസജീവിതം തെരഞ്ഞെടുത്തവർ, ഉത്തമവിശ്വാസത്തോടെ ക്രിസ്തീയ മൂല്യങ്ങൾ മുറുകെപ്പിടിച്ച് ശ്രേഷ്ഠ കുടുംബജീവിതം നയിച്ചവർ, തങ്ങൾ ഇടപെട്ടവരിലെല്ലാം ക്രിസ്തീയതയുടെ വെളിച്ചം നിറച്ചവർ - ഓരോരുത്തരും തങ്ങളുടെ ഹൃദയമാകുന്ന നല്ല നിലത്ത് ദൈവവചനം മുപ്പതും, അറുപതും, നൂറും മേനി വിളയിച്ചവരാണ്.

**4. നഷ്ടപ്പെടലിന്റെ പാതയോരങ്ങളും, പാറസ്ഥലവും, മുള്ളുകളും**

ദൈവവചനം നൂറുമേനി വിളയുന്ന ഹൃദയങ്ങളെക്കുറിച്ച് പറയുന്നതിനു മുമ്പേ വിതച്ചവൻ വിതറിയ വിത്തുകളിൽ ചിലത് പാതയോരങ്ങളിലും, ചിലത് പാറസ്ഥലത്തും, മറ്റു ചിലത് മുള്ളിനിടയിലും വീണതിനെക്കുറിച്ച് കർത്താവ് പറഞ്ഞു തരുന്നുണ്ട്. ആസക്തികളുടെയും, ലഹരികളു ടെയും, ആകർഷണങ്ങളുടെയും, പ്രകടനങ്ങളുടെയും സമകാലിക ലോകത്ത് ഏറെ പ്രസക്തമായ വാക്കുകളാണിവ. വഴിയരികെ വീണ വിത്തുകൾ വചനം കേട്ട ഉടനെ സാത്താൻ വന്ന് അവയെ എടുത്തുകളയുന്നതാകുന്നു - വിത്ത് വേരു പിടിക്കുന്നതു പോലുമില്ല, പിശാചിനാൽ അവ മുഴുവനും ഇല്ലാതെയാവുകയും ചെയ്യുന്നു. ദൈവവചനം അവരിൽ ഒരു പ്രതികരണവും ഉണ്ടാക്കുന്നില്ല, നഷ്ടപ്പെട്ടതിന്റെ വിലയെന്തെന്ന് തീരെ തിരിച്ചറിയാനാവുന്നില്ല. കേട്ടത് സന്തോഷത്തോടെ കൈക്കൊണ്ടുവെങ്കിലും ഉള്ളിലെ പാറ നിമിത്തം - വചനം നിമിത്തം ഉണ്ടാകാവുന്ന ഉപദ്രവങ്ങൾക്കു മുമ്പിൽ - വേരു തകർന്ന്, വിളി മറന്നുപോകുന്ന അനേകരുണ്ട്; കാരണം അവരുടെ വിശ്വാസം ഒട്ടും ആഴമുള്ളതല്ല.

മുള്ളിനിടയിൽ വിതയ്ക്കപ്പെട്ട വിത്തുകൾ- ദൈവവചനത്തെ സ്വീകരിക്കുന്നുവെങ്കിലും, വചനം അവരിൽ മുളച്ചു വളരാനാരംഭിക്കുന്നുവെങ്കിലും ഇഹലോകത്തിന്റെ ചിന്തകളും, ധനത്തിന്റെ വഞ്ചനയും മറ്റു വിഷയമോഹങ്ങളും അകത്തുകടന്ന് വചനത്തെ നിഷ്ഫലമാക്കിത്തീർക്കുന്നു. എത്ര സത്യമാണിത്! ഉപമ എത്ര അർത്ഥവത്താണിന്നും! വി. കുർബാനയും, പ.സഭയുടെ കൂദാശകളും, നമസ്കാരങ്ങളും, നോമ്പുകളുമെല്ലാം നമ്മുടെ ഹൃദയങ്ങളിൽ യേശുവിന്റെ (വിതയ്ക്കുന്നവന്റെ) വചനം നിറയ്ക്കുന്ന അവസരങ്ങളാണ്. കേൾപ്പാൻ ചെവിയും, ഗ്രഹിപ്പാൻ ഹൃദയവും തുറന്ന് ദൈവസന്നിധിയിൽ നിൽക്കുന്നവർ എത്ര മാത്രമുണ്ട്?

ലൗകീക ചിന്തകളും, ധനമോഹവും മറ്റു വിഷയ മോഹങ്ങളും ഹൃദയത്തിലെ ദൈവവചനത്തെ ഞെരുക്കിക്കളഞ്ഞ് ഇല്ലാതാക്കുന്നുവോ? 'കരുണ ലഭിപ്പാനും, തക്ക സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിക്കാനുമായി' നമുക്കുള്ള സ്വീകാര്യം മുറുകെപ്പിടിച്ചു കൊണ്ടു് കൃപാസനത്തിങ്കലേക്ക്, നമ്മുടെ കർത്താവിങ്കലേക്ക് അടുത്തു ചെല്ലാം, ഉണർന്ന് കർത്താവിന്റെ ബലം ധരിക്കാം (എബ്രാ. 4:14, 16, യെശ. 52:1).

**2024 ജൂലൈ 21**
**പെന്തിക്കോസ്തിക്കു ശേഷം ഒമ്പതാം ഞായർ**
വി. ലൂക്കോസ് 14: 7 - 11

സന്ധ്യയുടെയും പ്രഭാതത്തിന്റെയും ഏവൻഗേല്യോൻ ഭാഗങ്ങൾ വി. മത്തായി 13: 24 മുതൽ 42 വരെ വാക്യങ്ങൾ ഉൾക്കൊള്ളുന്നു. ദൈവരാജ്യത്തെക്കുറിച്ചും അന്ത്യ ന്യായവിധിയെക്കുറിച്ചും കർത്താവ് ശിഷ്യന്മാരെ പഠിപ്പിക്കുന്നു. വി. കുർബാനയുടെ ഏവൻഗേല്യോൻ വി.ലൂക്കോസിന്റെ സുവിശേഷം 14:7-11 മനുഷ്യന്റെ നിയമങ്ങൾക്കും കാഴ്ചപ്പാടുകൾക്കും മൂല്യബോധത്തിനും അപ്പുറമായുള്ള ദൈവരാജ്യത്തിന്റെ നിയമങ്ങളെക്കുറിച്ചും, ദൈവരാജ്യത്തിന്റെ മക്കൾ ഭൂമിയിൽ വർത്തിക്കേണ്ടതെങ്ങനെയെന്നതിനെക്കുറിച്ചുമുള്ള പാഠങ്ങൾ ഉൾക്കൊള്ളുന്നു.

**1. പൊരുൾ തിരിഞ്ഞ കടുകുമണിയും പുളിച്ചമാവും**

കർത്താവ് ഉപമകളിലൂടെ സംസാരിപ്പാൻ കാരണമെന്ത് എന്നതിന്റെ വിശദീകരണം കഴിഞ്ഞ ആഴ്ചത്തെ ചിന്തകളിൽ ഉണ്ടായിരുന്നുവല്ലോ. ഉപമകളുടെ തുടർച്ചയും അവയുടെ പൊരുളുമാണിവിടെ കാണുന്നത് (മത്തായി 13:24 - 42). വിത്തുകളിൽ ഏറ്റവും ചെറുതെങ്കിലും, മുളച്ചു വളർന്ന് ഒരു വൃക്ഷമാകുവാനു ള്ളസാധ്യതയും ക്ഷമതയും ഉൾച്ചേർന്നിരിക്കുന്ന വിത്തിനെക്കുറിച്ചാണ് യേശു പറയുന്നത്. വയലിൽ വീണ കടുകുമണി പോലെ വളരുന്ന ദൈവരാജ്യത്തിന്റെ മഹത്വം ദർശിക്കുവാൻ മനോനയനങ്ങൾക്ക് കാഴ്ചയുള്ളവനാണ് യഥാർത്ഥ ശിഷ്യൻ. ഹൃദയവയലിൽ വീഴുന്ന ദൈവവചനം ഫലം പുറപ്പെടുവിക്കുന്നതിലൂടെയാണ് ദൈവരാജ്യം വളരുന്നത്.

സ്വർഗ്ഗരാജ്യം പുളിച്ച മാവിനോട് സദൃശം എന്നതും ദൈവരാജ്യത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്നു. 'എത്രയും ചെറുതായ പുളിപ്പ് ഒരു വലിയ അളവ് മാവിലേക്ക് പകർന്ന് മുഴുവന്റെയും സ്വഭാവത്തിന് പരിവർത്തനമുണ്ടാക്കുന്നതുപോലെയാണ് ദൈവരാജ്യം' എന്നാണ് കർതൃവചനം. പിൽക്കാലത്ത് ക്രിസ്തീയ സഭയ്ക്കുണ്ടായ വളർച്ചയെക്കുറിച്ച് പരിശോധിക്കുമ്പോൾ ഈ സത്യം നമുക്ക് കൂടുതൽ ഗ്രഹിക്കാൻ കഴിയും. ദൈവരാജ്യാനുഭവത്തിന്റെ മഹത്വം ദർശിച്ചവർ സുവിശേഷത്തെക്കുറിച്ച് അതീവ ജാഗ്രതയും തീക്ഷ്ണതയും ഉള്ളവരായിരുന്നു. ശിഷ്യത്വത്തിലേക്ക് വിളിക്കപ്പെട്ടവർ ഇപ്രകാരം ആയിരിക്കുവാൻ കടപ്പെട്ടവരാണ്. മാർ പത്രോസ്, മാർ പൗലോസ്, മാർ സ്തേഫാനോസ് മുതലായ അനേകരുടെ ചരിത്രം അപ്പൊസ്തോല പ്രവൃത്തികളിൽ തന്നെ കാണുവാൻ കഴിയും. പ. പൗലോസ് ശ്ലീഹാ ശിഷ്യത്വത്തിലേക്ക് വിളിക്കപ്പെട്ടവൻ എന്ന നിലയിൽ ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുന്നതിന് എത്രയോ ശ്രദ്ധാലുവായിരുന്നു!. തന്റെ ജീവിതയാത്രയുടെ സമാപനഘട്ടത്തിൽ റോമയിലെത്തി കൂലിക്കുവാങ്ങിയ വീട്ടിൽ രണ്ടു സംവത്സരം പാർത്തപ്പോഴും തന്റെ അടു ക്കൽ വരുന്നവരെ ഒക്കെയും കൈക്കൊണ്ട് പൂർണ്ണ പ്രാഗത്ഭ്യത്തോടെ വിഘ്നം കൂടാതെ ദൈവരാജ്യം പ്രസംഗിച്ചും, കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് ഉപദേശിച്ചും പോന്നു (അപ്പൊ. പ്ര. 28:30).

കർത്താവായ യേശുക്രിസ്തുവിൽ പ്രശംസിക്കുവാ

നും, കർത്താവിനെ പ്രതിബിംബിപ്പിച്ചു കൊണ്ട് ദൈവ രാജ്യാനുഭവത്തിൽ ജീവിപ്പാനും നമുക്ക് ഇടയാവട്ടെ.

**2. കൊയ്ത്തുവരെ വളരുന്ന വിളയും കളയും.**

നല്ല വിത്തിനിടയിൽ ശത്രുവിനാൽ കളയും വിതയ്ക്കപ്പെടുന്നതിനെക്കുറിച്ച് കർത്താവ് പഠിപ്പിക്കുന്നു. ശിഷ്യന്മാർ മാത്രമുള്ള സന്ദർഭത്തിലാണ് ഉപമയും അതിന്റെ പൊരുളും പറഞ്ഞു കൊടുക്കുന്നത്. വിതക്കാരൻ യേശു തന്നെയാണ്; നല്ല വിത്ത് ദൈവരാജ്യത്തിന്റെ പുത്രന്മാർ; കള ദുഷ്ടന്റെ പുത്രന്മാർ; കള വിതച്ച ശത്രു പിശാച്. വിളയുടെ ഇടയിലെ കള ഉടനടി പറിച്ചുകളയുന്ന സമ്പ്രദായമാണ് നമുക്ക് പൊതുവേ പരിചിതമായത്. എന്നാൽ ഇവിടെ, കളപറിക്കുന്നത് വിളയ്ക്ക് ഹാനി വരുത്താം എന്നതിനാൽ വിളയും ഗൂഢമായി വിതയ്ക്കപ്പെട്ട കളയും വളരട്ടെ എന്നാണ് തോട്ടക്കാരന്റെ നിശ്ചയം.

ദൈവദത്തമായ നന്മയോടൊപ്പം പൈശാചികതയും, തിന്മയും ഉള്ള ലോകത്താണ് നാം ജീവിക്കുന്നത്. ദൈവമക്കൾ 'തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുന്നവരാണ്'. കൊയ്ത്ത് ന്യായവിധിയെ സൂചിപ്പിക്കുന്നു. നന്മ വളരുന്നതിനൊപ്പം വളരുന്ന തിന്മയ്ക്ക് തീർച്ചയായും അവസാനമുണ്ട്. ലോകാവസനത്തിങ്കൽ വിള ശേഖരിക്കപ്പെടും, കള തീയിലിട്ട് ചുട്ടുകളയും - നല്ലത് തീയതിൽ നിന്ന് വേർതിരിക്കപ്പെടുകയും, തീയത് എരിതീയിൽ നിക്ഷേപിക്കപ്പെടുകയും ചെയ്യും. അനുതാപത്തിനുള്ള അവസരം ദൈവം നൽകുന്ന തിനെക്കുറിച്ചു കൂടെ സഭാപിതാക്കന്മാർ ഇതോടു ചേർന്ന് ചിന്തിക്കുന്നു. ഉടനടി കളപറിച്ചുനീക്കാത്തത് അനുതപിക്കുവാനും, നന്മയിലേക്ക് തിരിയുവാനും ദൈവം നൽകുന്ന അവസരമാണ്. പാപത്തിൽ തഴമ്പിച്ചു പോയ ജീവിതങ്ങൾ പോലും തങ്ങളുടെ ദൃഢനിശ്ചയം കൊണ്ടും, പരിശുദ്ധ റൂഹായുടെ ശക്തിയാലും, നന്മയിലേക്ക് തിരിയുവാനും ഫലം പുറപ്പെടുവിക്കുന്ന നല്ല നിലമായിത്തീരുവാനും കർത്താവ് ആഗ്രഹിക്കുന്നു. കർത്താവ് സകലരെയും തന്റെ രക്ഷയിലേക്ക് ക്ഷണിച്ചിരിക്കുന്നു. കളയുടെ വളർച്ചയ്ക്ക് അവസാനമുണ്ട് എന്നും നമുക്ക് ഓർക്കാം. ദൈവത്തിന്റെ ന്യായവിധി നാളിൽ കള ഒരുമിച്ചു കൂട്ടി തീയിലിട്ട് ചുട്ടുകളയും. തിന്മപെട്ട ജീവിതം നാശത്തിന്റെ ജീവിതമാണ്. നിത്യജീവനിലേക്കല്ല, നിത്യാഗ്നിയിലേക്കുള്ള പാതയാണത്. 'മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയയ്ക്കും, അവർ അവന്റെ രാജ്യത്തിൽ നി ന്ന് എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്ത് തീച്ചൂളയിൽ ഇട്ടുകളയും, അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും' (മത്തായി 13:41). അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശിക്കയി ല്ല (1 കൊരി. 6:9-11). അനുസരണത്തോടെ, യഹോവയുടെ ചട്ടങ്ങളും വിധികളും കാത്തു കൊണ്ട് (ആവ. 4:1-6), ഉത്സാഹികളായി, നീതിയോടെ, സന്മാർഗത്തിൽ ജീവിക്കുകയാണ് ആവശ്യം (സദൃ. 13:1-7).

**3. ത്യാഗമെന്നതേ നേട്ടം, താഴ്മതാനഭ്യുന്നതി.**

ഒന്നാമതെത്താനും, ഒന്നാമനെന്ന് സ്ഥാപിക്കാനും, പ്രാപിക്കുന്ന പ്രമുഖസ്ഥാനം നിലനിറുത്തുവാനും, ഭാവിക്കേണ്ടതിനു മീതെ ഭാവിക്കാനുമെല്ലാം തത്രപ്പെടുന്ന ലോകത്ത് പുതിയൊരു ദർശനം പകർന്ന വാക്കുകളാണ് യേശു തമ്പുരാൻ അരുളിയത്. ക്ഷണിക്കപ്പെട്ടവർ മുഖ്യാസനങ്ങളെ തെരഞ്ഞെടുക്കുന്ന കാഴ്ച (ലൂക്കോസ് 14: 7-11) എല്ലായിടത്തും കാണാം. അഹംഭാവവും, താൻ മറ്റുള്ളവരെക്കാളെല്ലാം ഉയരെയാണെന്ന മിഥ്യാബോധവും, താൻ പ്രമാണിത്തത്തിന്റെ പ്രകടനവുമെല്ലാം ഇങ്ങനെയൊരു നടപടിക്ക് പിന്നിലുണ്ടാവാം. ആദരവ് പിടിച്ചുവാങ്ങുവാനുള്ളതല്ല, അത് അർഹിക്കുന്നവനിലേക്ക് വന്നു ചേരുന്നതാണ് എന്ന് തിരിച്ചറിയുമ്പോഴാണ് വ്യക്തിത്വം അർത്ഥപൂർണ്ണമാവുന്നത്. സ്വന്തമഹത്വം വിവരിക്കുന്ന തിരക്കിൽ അപരന്റെ മഹിമ മറന്നുപോയാൽ അത് പുകഴ്ചയ്ക്കല്ല, ഇകഴ്ചയ്ക്കു തന്നെ കാരണമാകുന്നു. അതുകൊണ്ട് അഹംഭാവത്തോടെയല്ല, അഹംബോധത്തോടെ സ്വയം താഴ്ത്തുവാനും വിനയപൂർവ്വം ഒടുക്കത്തെ സ്ഥാനം തിരഞ്ഞെടുക്കുവാനുമാണ് കർത്താവ് കല്പിച്ചത്. ത്യാഗിയുടെ മനസ്സ് നമുക്ക് കൈമോശം വന്നു കൂടാ; ക്ഷണിച്ചവൻ വന്ന് അർഹമായ സ്ഥാനത്തേക്കുതന്നെ കൂട്ടിക്കൊണ്ടു പൊയ്ക്കൊള്ളും. അതാണ് ക്ഷണിക്കപ്പെട്ടവന് മാനം. 'തന്നത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും, തന്നത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും' (ലൂക്കോ. 14:11) എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. ഫെയ്സ് ബുക്കും ഇൻസ്റ്റാഗ്രാമും, യു ട്യൂബും ഉൾപ്പടെ നമ്മുടെ സ്വയം പ്രകാശനത്തിനും, പ്രശസ്തിക്കും മാർഗങ്ങൾ അനവധിയാണിന്ന്. പ്രായഭേദമെന്യേ സൈബർ സ്പെയ്സിൽ ധാരാളം സമയം ചെലവിടുന്നവരുണ്ട്. ഇൻഫ്ലുവൻസർമാരും, മോട്ടിവേറ്റർമാരും, വ്ലോഗുകാരുമെല്ലാം സമൂഹത്തെ, കാഴ്ചപ്പാടുകളെ, രുചിബോധങ്ങളെ, ഭാഷയെ, ലക്ഷ്യങ്ങളെ - വളരെയേറെ സ്വാധീനിക്കുന്നുണ്ട്. മത്സരങ്ങളുടെ ലോകത്ത് ഏതു മാർഗ്ഗമുപയോഗിച്ചും മുമ്പിലെത്താനുള്ള ത്വരയാണ് എവിടെയും. ഇവിടെയും ക്രിസ്തു മാർഗത്തിന്റെ പ്രസക്തി ഒട്ടും ചോർന്നു പോകുന്നില്ല എന്ന പരമാർത്ഥം വിസ്മരിച്ചുകൂടാ. യേശു തമ്പുരാൻ ഉപദേശിച്ച വഴികളെ നമുക്കോർക്കാം. അവയുടെ തിളക്കം മങ്ങുകയില്ല. താഴ്മ ധരിച്ചുകൊണ്ട് ഉയർച്ച നേടുവാൻ നമുക്ക് ലഭിച്ച ഉപദേശം അനുസരിക്കുന്നവരാകാം.

**2024 ജൂലൈ 28**
**പെന്തിക്കോസ്തിക്കു ശേഷം പത്താം ഞായർ**
**വി. മത്തായി 18: 14**

ശിഷ്യത്വത്തിലേക്കുള്ള വിളി, ശിഷ്യന്റെ ചുമതലകൾ, ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ മുതലായ വിഷയങ്ങളുമായി ബന്ധപ്പെട്ട ചിന്തകളിലൂടെയാണ് നാം കടന്നു പോകുന്നത്. പ്രഭാതത്തിന്റെ സുവിശേഷ ഭാഗം യേശു ഫിലിപ്പിന്റെ കൈസര്യയിൽ വച്ച് ജനങ്ങളും ശിഷ്യന്മാരും തന്നെക്കുറിച്ച് എന്തു പറയുന്നു എന്ന് ശിഷ്യരോടു ചോദിക്കുന്ന സംഭവം ഉൾക്കൊള്ളുന്ന മത്തായി 16:13-20 വാക്യങ്ങളാണ്. യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് ഉറച്ച ബോധ്യത്തോടെ പത്രോസ് മറുപടി നൽകുമ്പോൾ, സ്വർഗസ്ഥനാ യ പിതാവാണ് ഇത് അവന് വെളിപ്പെടുത്തിയത് എന്ന് കർത്താവ് അരുളിച്ചെയ്യുന്നു.

**1. പിതാവിന്റെ തിരുഹിതത്താലാണ് ക്രിസ്തുവിനെ സാക്ഷിപ്പാൻ കഴിയുന്നത്.**

യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് സാക്ഷിക്കുന്നവന് പിതാവാം ദൈവമാ

ണ് ആ സത്യം വെളിപ്പെടുത്തിക്കൊടുക്കുന്നത്. വിശ്വസിക്കുകയും ക്രിസ്തുവിനെ സാക്ഷിക്കുകയും അവനിലുള്ള വിശ്വാസം ഏറ്റുപറകയും ചെയ്യുന്നതിനു പിന്നിലും ദൈവഹിതം ഉണ്ട്. യോഹ. 6:44– 'എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല'. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ പ്രാപിക്കുന്നവർക്ക് ദൈവത്താലുള്ള തെരഞ്ഞെടുപ്പ് ലഭിക്കുന്നു. ഇപ്രകാരമുള്ള തെരഞ്ഞെടുപ്പിലൂടെ – കർത്താവിന്റെ ശ്ലൈഹീക പിന്തുടർച്ചയിലൂടെയാണ് ദൈവം തന്റെ പാപപരിഹാരത്തിന്റെ നൽവരം പകർന്നു കൊടുക്കുന്നത്. അതിനാൽ നാം ദൈവത്തെ സ്തുതിപ്പാനും, അവനെ ഭയപ്പെടുവാനും, അവന്റെ കൽപ്പനകളിൽ ഏറ്റവും ഇഷ്ടപ്പെടുവാനും, അവന്റെ സന്നിധിയിൽ നേരോടെ നടപ്പാനും ഏറ്റവും ശ്രദ്ധിക്കുക – ദൈവം അതിന് പ്രതിഫലം നൽകും (സങ്കീ. 112: 1–10).

**2. ശിശുവിന്റെ നൈർമ്മല്യം ശിഷ്യന്റെ സ്വർഗരാജ്യമഹത്വത്തിന്.**

വി.മത്തായി 18: 1– 35 വാക്യങ്ങൾ കർത്താവ് പത്രോസിനോടും, സഹശിഷ്യരോടും നടത്തിയ ദീർഘമായ പ്രബോധനം ഉൾക്കൊള്ളുന്നു. സമൂഹത്തോട് ശരിയായ ബന്ധം നയിക്കേണ്ടതിനെക്കുറിച്ചും, ദൈവരാജ്യത്തിന്റെ പൂർണ്ണതയിലേക്ക് നടക്കുമ്പോൾ സ്വന്ത സമൂഹത്തിനുള്ളിലും, നേതാക്കന്മാരും അണികളും തമ്മിലുള്ള ബന്ധത്തിലും, വിശാലമായ ജനസമൂഹങ്ങൾക്കിടയിലും പുലർത്തേണ്ട നിയമങ്ങളെക്കുറിച്ചും കർത്താവ് പഠിപ്പിക്കുന്നു. ഈ പ്രബോധനങ്ങളിൽ ആദ്യത്തെ 14 വാക്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇന്ന് വി.കുർബാനയുടെ ഏവൻഗേല്യോൻ.

യേശുക്രിസ്തു നൽകിയ ഉപദേശങ്ങളും പ്രബോധനങ്ങളും അവയുടെ ശരിയായ അർത്ഥത്തിൽ ഗ്രഹിക്കുന്നതിൽ ശിഷ്യന്മാർ പലപ്പോഴും പരാജയപ്പെട്ടു പോയിട്ടുണ്ട്. തങ്ങൾക്ക് പരിചയമുള്ള രാജ്യത്തെയും, ഭരണക്രമത്തെയും, ലൗകീക മഹത്വത്തെയും കുറിച്ച് പരിചയമുള്ളവർ ദൈവരാജ്യം എന്ന വലിയ സത്യത്തെയും മേൽ പറഞ്ഞ വീക്ഷണത്തിലൂടെ കണ്ടു എന്നത് സ്വാഭാവികം. എന്നാൽ യേശുവിന്റെ പ്രതികരണം അവരുടെ അന്തരീക കണ്ണുകൾ തുറക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു. തിരിഞ്ഞ് ശിശുക്കളെപ്പോലെയാകുന്നില്ല എങ്കിൽ ശിഷ്യന്മാർക്ക് സ്വർഗരാജ്യത്തിൽ കടപ്പാൻ കഴികയില്ല എന്ന് കർത്താവ് കല്പിച്ചു. സ്വർഗരാജ്യത്തിൽ വലിയവനാര്? ഈ ചോദ്യത്തിന് കർത്താവ് മറുപടി നൽകുന്നു. 'തിരിഞ്ഞ്' എന്ന വാക്ക് യഹൂദചിന്തയുടെ പശ്ചാത്തലത്തിൽ "മാറുക', "മാനസാന്തരപ്പെടുക' എന്നെല്ലാമുള്ള അർത്ഥം വഹിക്കുന്നു. ഇവിടെ ശിശു വിനയത്തിന്റെയും നൈർമ്മല്യത്തിന്റെയും പ്രതീകം മാത്രമല്ല, സ്വന്ത മാതാപിതാക്കളിലുള്ള പരിപൂർണ്ണമായ വിശ്വാസത്തിന്റെയും ആശ്രയത്തിന്റെയും ഉദാഹരണം കൂടെയാണ്. ഇവിടെ 'അഹം' അല്പവുമില്ല. അതായത്, തിരിഞ്ഞ് ശിശുക്കളെപ്പോലെയാകണമെങ്കിൽ യഥാർത്ഥമായ മാനസാന്തരം, ശിശു സഹജമായ നൈർമല്യം, വിശ്വാസം എന്നിവയ്ക്കൊപ്പം ആഴമേറിയ ദൈവാശ്രയവും ആവശ്യമാണ്.

ലോകത്തിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള വലിപ്പമല്ല ദൈവരാജ്യത്തിൽ ഓരോരുവനും ഉള്ളത്. സ്വയം താഴ്ത്തുകയും ദൈവത്തിന് പ്രിയനായി വിശ്വാസത്തോടെ, സുവിശേഷം അനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവനാണ് ദൈവരാജ്യത്തിൽ വലിയവൻ. 'ഇങ്ങനെയുള്ള ശിശുവിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു' – വിശ്വാസവും, നൈർമല്യവും, ദൈവാശ്രയവുമുള്ളവനെ, അതായത് ദൈവരാജ്യത്തിൽ വലിയവനെ കൈക്കൊള്ളുന്നവൻ കൈക്കൊള്ളുന്നത് ക്രിസ്തുവിനെത്തന്നെയാണ്.

**3. ഇടർച്ചയ്ക്ക് കാരണങ്ങളും, അതിന്റെ പ്രതിഫലവും**

ഇടർച്ച എന്നതിന് സമാനമായ ഗ്രീക്ക് പ്രയോഗത്തിന് വഴികളിൽ തടസ്സമുണ്ടാക്കുക, യാത്രയ്ക്ക് പ്രതിബന്ധം സൃഷ്ടിക്കുക എന്നൊക്കെയാണ് അർത്ഥം. ശിഷ്യത്വത്തിന്റെ നൽവരങ്ങൾ പ്രാപിച്ചു കൊണ്ടു കർത്താവിന്റെ ദൗത്യ നിർവ്വഹണത്തിന് അയയ്ക്കപ്പെട്ടവരായ നാം ഇടർച്ചകളുണ്ടാക്കാത്തവരാകണം.

ഇടർച്ചകൾ ഉണ്ടാക്കുന്നത് പല വിധത്തിലാകാം. പഞ്ചേന്ദ്രിയങ്ങൾ – കണ്ണും, കാതും, ചെവിയും, നാവും, ത്വക്കും ഇടർച്ചയ്ക്ക് കാരണമാകാം; അവയെ വെട്ടി എറിഞ്ഞുകളക എന്ന കർശനമായ വാക്കുകൾ ന്യായ വിധിയെ നാം എത്രയേറെ ഭയക്കേണ്ടിയിരിക്കുന്നു എന്നതിന്റെ ഓർമ്മപ്പെടുത്തലാണ്. അനുതാപത്തോടും ഹൃദയപരമാർത്ഥതയോടും കൂടെ പാപ ക്ഷമ പ്രാപിച്ചവരായി ദൈവമുമ്പാകെ നില്പാൻ കഴിയണം. ' ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ ' (മത്താ 18:10) നിരാശ്രയരും, ലോക പ്രകാരമുള്ള ധനം, മാനം മറ്റ് യോഗ്യതകൾ ഒന്നുമില്ലാത്തവരുമായ 'ചെറിയ'വരോട് ലോകത്തിന്റെ സമീപനം എന്തെന്ന് നമുക്ക് ചിന്തിക്കാം. ചെറിയവരെ തുച്ഛീകരിക്കുവാനുള്ള പ്രവണതയാണ് സമൂഹത്തിൽ പൊതുവെ കാണുന്നത്. ലോക പ്രകാരം അവർ ബലഹീനരെങ്കിലും ദൈവമുമ്പാകെ വിലയേറിയവരാകുന്നു എന്ന സത്യമാണ് യേശു അരുളിച്ചെയ്തത് – 'സ്വർഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു' – സ്വർഗത്തിൽ പിതാവാം ദൈവത്തോട് ചെറിയവരുടെ ദൂതന്മാർ പക്ഷവാദം ചെയ്യുന്നു. 'ഈ ചെറിയവരിൽ ഒരുത്തൻ പോലും നശിച്ചു പോകുന്നത് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് ഇഷ്ടമല്ല' (മത്താ. 18:11,14).

ഏതു കാരണത്താലായാലും, ഇടർച്ചയുണ്ടാക്കുന്നവർക്ക് അത് ഏറ്റവും കഷ്ടമാണ് – എത്ര ഗൗരവത്തോടെയാണിത് പറയുന്നത്! ഇടർച്ചയുണ്ടാക്കുന്നതിൽ ഭേദം വലിയോരു തിരികല്ല് കഴുത്തിൽ കെട്ടി അവനെ സമുദ്രത്തിൽ ഇട്ടുകളയുകയാണ്. അതിശക്തമായ ഈ വാക്കുകൾ ഇന്ന് ഏറെ വിലയേറിയതാണ്. ഇടർച്ചകൾക്ക് കാരണമാകുന്നവരോട് കത്താവിനുള്ള മനോഭാവം എന്താണ് എന്നിവിടെ കാണാം. ക്ഷമിക്കുവാനും, സഹിക്കുവാനും, ഇടർച്ചകൾക്ക് കാരണമാവാതിരിക്കുവാനും, പരസ്പര സഹകരണത്തോടെ ജീവിക്കുവാനും, ചെറിയവനെയും കരുതുവാനും ദൈവകൃപയുണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കാം. ദൈവത്തിന്റെ വാക്ക് 'ശ്രദ്ധയോടെ കേൾക്കുക, അവന് പ്രസാദമുള്ളത് ചെയ്ക, അവന്റെ കല്പനകൾ അനുസരിച്ച് അവന്റെ സകലവിധികളും പ്രമാണിക്ക (പുറ. 19:23 – 27).

**4. ക്രിസ്തുവിന്റെ സ്നേഹം -കാണാതെ പോയതിനെ തേടിയെത്തുന്ന സ്നേഹം**

കാണാതെ പോയ ആടിന്റെ ഉപമ ലൂക്കോ. 15: 3 – 7 വാക്യങ്ങളിലും കാണുന്നു. നഷ്ടപ്പെട്ട ഒന്നിനെ തിരിച്ചു കിട്ടുവാനായി തൊണ്ണൂറ്റൊമ്പതിനെയും വിട്ട് ഒന്നിനു വേണ്ടി സമയവും, അദ്ധ്വാനവും സമർപ്പിക്കുന്ന ഇടയൻ, അനുതപിക്കുന്നവനിൽ സന്തോഷിക്കുകയും, നഷ്ടപ്പെട്ടവന്റെ തിരികെ വരവിൽ ആനന്ദിക്കുകയും ചെയ്യുന്നവൻ - ഇപ്രകാരമുള്ള രക്ഷകനിലാണ് ഓരോ ശിഷ്യന്റെയും ആശ്രയവും പ്രത്യാശയും നിലകൊള്ളുന്നത്. കൂട്ടം തെറ്റിയ ആടിനെ കരുതുന്നവനായ ഇടയന്റെ ശിഷ്യത്വമാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. അതുകൊണ്ട്, 'കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും' (റോമ, 10:13) എന്നതിനാൽ അവനിൽ വിശ്വസിക്കുകയും, അവന്റെ സുവിശേഷം പ്രസംഗിക്കുകയും, നന്മ ആചരിക്കുകയും ചെയ്യണം; എന്തെന്നാൽ സകലവും 'ക്രിസ്തുവിനാലും, ക്രിസ്തുവിങ്കലേക്കും' ആകുന്നുവല്ലോ.

**2024 ഓഗസ്റ്റ് 4**
**പെന്തിക്കോസ്തിക്കു ശേഷം പതിനൊന്നാം ഞായർ**
**വി. മർക്കോസ് 6:7 – 13**

ശിഷ്യത്വത്തെക്കുറിച്ചുള്ള ചിന്തകൾ തുടരുകയാണിവിടെയും; അതോടൊപ്പം ദൈവരാജ്യത്തെക്കുറിച്ചും, അനുതാപത്തെക്കുറിച്ചും, ദൈവവിശ്വാസത്തെക്കുറിച്ചുമുള്ള പ്രബോധനങ്ങളുമുണ്ട്.

**1. ക്ഷമയുടെയും സഹോദരസ്നേഹത്തിന്റെയും പ്രാധാന്യം ഓർക്കുന്നവരാകാം.**

സന്ധ്യയുടെ ഏവൻഗേല്യോൻ ഭാഗം മത്തായി 18:15 – 23 സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആരെന്നതിന് ഉത്തരം നൽകിയതിനെത്തുടർന്നുള്ള പ്രബോധനങ്ങൾ ഉൾക്കൊ ള്ളുന്നു. കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കുവാനും, തന്നെയെന്നപോലെ സഹോദരനെ സ്നേഹിക്കുവാനും ചുമതലപ്പെടുത്തപ്പെട്ടവരാണ് നമ്മൾ. സഹോദരൻ നിന്നോടു പിഴച്ചാൽ അവനോടുള്ള സമീപനം എന്താവണം? അവന്റെ പക്കലേക്ക് ചെന്ന് ഇരുവരും മാത്രമുള്ളേടത്ത് അവന്റെ കുറ്റത്തെക്കുറിച്ച് ബോധം വരുത്തി സ്വസഹോദരനെ നേടണം. കൂട്ടാക്കാഞ്ഞാൽ സാക്ഷികളോടു ചേർന്ന് അവന്റെ കുറവിനെക്കുറിച്ച് ബോധ്യപ്പെടുത്തുക, സാധിക്കാത്ത പക്ഷം സഭയെ അറിയിക്ക, സഭയെയും കൂട്ടാക്കാഞ്ഞാൽ മാത്രം 'അവൻ നിനക്ക് പുറജാതിക്കാരനും ചുങ്കക്കാരനും പോലെ ഇരിക്കട്ടെ' (മത്താ. 18: 15 – 16) സഹോദരനോടുള്ള കരുതലിന്റെ ആഴം എത്ര വലുതാണ്! 'ഏഴ് വട്ടമല്ല, ഏഴ് എഴുപതുവട്ടം സഹോദരനോട് ക്ഷമിക്ക' (മത്താ. 18: 22) എന്നാണ് കല്പന. ഒരുമനപ്പെട്ട് പ്രാർത്ഥിക്കുന്നതിന്റെ പ്രാധാന്യം കർത്താവ് പറഞ്ഞു തരുന്നു. സ്നേഹത്തോടും ഐക്യത്തോടും കൂടെ കർതൃനാമത്തിൽ കൂടി വരുന്നേടത്ത് അവന്റെ സാന്നിധ്യമുണ്ട്, ഐകമത്യത്തോടെ - ഏകമനസ്സോടെ - യുള്ള പ്രാർത്ഥന ദൈവം ഏറെ വിലമതിക്കുന്നു.

**2. ശിഷ്യത്വം നിഷ്കളങ്കതയിലേക്കും, വിശ്വാസത്തിലേക്കും, ആത്മപരിത്യാഗത്തിലേക്കുമുള്ള രൂപാന്തരമാകുന്നു.**

പ്രഭാതത്തിന്റെ ഏവൻഗേല്യോൻ (മർക്കോ. 9:33–50, പെന്തിക്കോസ്തിക്കു ശേഷം അഞ്ചാം ഞായറാ ഴ്ചയും ഈ ഭാഗത്തുനിന്നുള്ള വായനകൾ ഉണ്ടായി രുന്നു). മുമ്പനാകുവാനുള്ള തത്രപ്പാടല്ല ആവശ്യം; പിമ്പനാകുവാനുള്ള സന്നദ്ധതയാണ്. ശിശുവിനെപ്പോലെയാകുവാനും, ശിശുവിനെയെന്നപോലെ സഹോദരങ്ങളെ കൈക്കൊള്ളുന്നവരാകുവാനും, ആഴമേറിയ വിശ്വാസത്തോടെ ജീവിപ്പാനും കർത്താവ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. വിശ്വസിക്കുന്നവർക്ക് വിശ്വാസത്തിന് അനുഗുണമായ പ്രവൃത്തിയും ഉണ്ടാവും - പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണ് (യാക്കോ. 2:14–17). ഇടർച്ചയുണ്ടാക്കുവാനും അതുമൂലം അവസാനിക്കാത്ത അഗ്നിക്കും, ചാകാത്ത പുഴുവിനും ഇരയാകുവാനോ, കാരമില്ലാത്ത ഉപ്പാകുവാനോ അല്ല നാം വിളിക്കപ്പെട്ടിരിക്കുന്നത്, 'നമ്മിൽത്തന്നെ ഉപ്പുള്ളവരും അന്യോന്യം സമാധാനം വരുത്തുന്നവരും' (മർ. 9:50) ആകുവാനാണ്.

**3. ദൈവരാജ്യത്തിന്റെ ശുശ്രൂഷ കർതൃശുശ്രൂഷയുടെ തുടർച്ച.**

യേശുതമ്പുരാൻ പന്തിരുവരെ അടുക്കെ വിളിച്ച് അവരെ ഈരണ്ടായി അയച്ചു-സുവിശേഷം പ്രസംഗിപ്പാനും, രോഗസൗഖ്യം നൽകുവാനും, അശുദ്ധാത്മാക്കളെ ബഹിഷ്കരിപ്പാനും അധികാരം കൊടുത്തു. അവർ പുറപ്പെട്ട് മാനസാന്തരപ്പെടണം എന്ന് പ്രസംഗിക്കുകയും, വളരെ ഭൂതങ്ങളെ പുറത്താക്കുകയും, അനേക രോഗികൾക്ക് എണ്ണ തേച്ച് സൗഖ്യം വരുത്തുകയും ചെയ്തു (മർക്കോ. 9:7, 8,12,13 സഭയിലെ മൂപ്പന്മാർ രോഗിക്കു വേണ്ടി അവരുടെ മേൽ എണ്ണ പൂശി പ്രാർത്ഥിക്കുന്നതിനെപ്പറ്റി യാക്കോബിന്റെ ലേഖനത്തിലും കാണുന്നു - ക്രിസ്തുവിന്റെ ശുശ്രൂഷയുടെ തുടർച്ചയിൽ പങ്കുകാരാവുകയാണിവിടെ).

ഈരണ്ടായി അയയ്ക്കപ്പെട്ടത് അന്യോന്യം കരുതുവാനും, തുണയ്ക്കുവാനും ആയിരുന്നു എന്ന വ്യാഖ്യാനം ഉണ്ട്. അവർക്ക് ലഭിച്ച നിയോഗത്തിലൊന്ന് 'മാനസാന്തരം പ്രസംഗിക്കണം' എന്നതായിരുന്നു. യോഹന്നാൻ സ്നാപകനും യേശുവും പ്രസംഗിച്ച ദൈവരാജ്യത്തിന്റെ സന്ദേശവും അതു തന്നയായിരുന്നു- മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുക. അതിനാൽ തന്നെ യേശുക്രിസ്തുവിന്റെ ദൗത്യനിർവ്വഹണത്തിന്റെ തുടർച്ചയാണ് ശ്ലീഹന്മാരിൽ ഭരമേല്പിക്കപ്പെട്ടത്. യഹോവയോട് പറ്റിച്ചേർന്നിരിക്കുവാനും, അവനെ സ്നേഹിപ്പാൻ എപ്പോഴും ജാഗ്രതയായിരിപ്പാനും യോശുവ തന്റെ അന്ത്യസന്ദേശത്തിൽ പറയുന്നു (യോശുവ 23:9–11) കർത്താവ് ഇക്കാര്യത്തിനായി തന്റെ ശിഷ്യന്മാരെ നിയോഗിച്ചു. ദൈവരാജ്യം ഭൂമിയിൽ വന്നതിന്റെ അടയാളമായി കുരുടർക്കും, മുടന്തർക്കും, ചെകിടർക്കും ലഭിക്കുന്ന സൗഖ്യം, രോഗബന്ധനത്തിൽ നിന്നുള്ള വിടുതൽ എന്നിവയെ കർത്താവ് ചൂണ്ടിക്കാട്ടുന്നു. ശിഷ്യന്മാർക്ക് കർത്താവ് സൗഖ്യദാനത്തിനുള്ള നൽവരം നൽകുന്നു-പിതാവാം ദൈവം തന്റെ ഏകജാതനെ ഭരമേല്പിച്ച നിയോഗത്തിൽ പങ്കു ചേരുവാനാണ് യേശു തമ്പുരാൻ തന്റെ പന്തിരുവരെയും അതിലൂടെ സഭയെയും വിളിച്ചു ചേർത്തത്. അയയ്ക്കപ്പെട്ടവർ അയച്ചവനു വേണ്ടി കാര്യക്ഷമതയോടെ പ്രവർത്തിച്ചു.

## സോദരസംഘം വാർത്തകൾ

# സഹോദരൻ

(പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ ചാരിറ്റി പദ്ധതി)

### Sahodaran (Brother) 2023-24
### 27 May 2024 26 JUNE 2024

| | |
|---|---|
| Educational Aid | 14,65,220.00 |
| Housing Aid | 9,26,407.00 |
| Marriage Aid | 90,000.00 |
| Medical Aid | 15,90,879.00 |
| SPECIAL AID | 1,71,106.00 |
| **Grand Total** | **42,43,612.00** |

**പദ്ധതിയിൽ അംഗങ്ങളായവരുടെ പേരുവിവരങ്ങൾ.**

**27 May 2024 26 JUNE 2024**

2383 Dr. Sunny Skariah, Keerukuzhi , Thumpamon
2384 Jincysuni Pampady
2385 Fr.Mathew,Nedumparampil
2386 Biju George
2387 Chandapillai Jose,Peroorkada ,Trivandrum
2388 Dr.Mathew Thomas,.Sharjah ,UAE
2389 William I T,Cheruthuruthy
2390 Rev.Fr.Mathew,Nedumparampil
2391 Rajesh John Mathew
2392 St.Stephen Indian Orthodox Church, Uk
2393 Joy E Mathew & Asha Joy Mathew, NY
2394 Varghese Kotturethu Samuel
2395 Annamma Varghese
2396 Vinu Kuriakose
2397 P.I.MATHAI ,BHUBANESWAR
2398 St Thomas Indian Orthodox Church , UK
2399 Prabha Varghese ,Kochattu Palakkad
2400 St.Thomas Orthodox Prarthana Yogam St.Thomas Orthodox Syrian Church, Changanassery
2401 St.George Orthodox Syrian Church,Kurichikkara ,Trichur
2402 John C.P, Chemmanam, Mulakulam, Piravom
2403 Dr.Ashwin Shaji Mathew & Feba Chinnu,UK
2404 Dr.Ajay Varghese, UK
2405 Fr.Mathew Kuriakose&Family,UK
2406 Benny C Varkey, Kuruppumpady
2407 Calcutta St.Thomas Orthodox Cathedral,Kolkata
2408 Fr.Dr.Ninan V George, Pandalom
2409 C.P Simon Chempakathinal, Ayroor Thiruvalla
2410 Siby & Bincy, UK
2411 Mareena Mathew, Dublin
2412 Fr.Ninan Kuriakose,Ireland
2413 Sarah & Glen Rathdala, Ireland
2414 Thomas Mathew, Ireland
2415 Mikhael Samuel John
2416 Binoy Varghese,UK
2417 Saji T Mathew
2418 Dr.Anil Iype, UK
2419 OCYM Holy Innocents Indian Orthodox Church, UK
2420 Mathew Varghese, USA
2421 I Thomas, Abu dhabi, UAE
2422 Raju Vengal Varghese, Abu dhabi,UAE

### Malankara Orthodox Syrian Church

**Address:**
Baselios Marthoma Mathews III,
Catholicate Aramana, Devalokam,
Kottayam-686004, Kerala, India

***ACCOUNT DETAILS:***
*Indian Currency*

| | | |
|---|---|---|
| Account Name | : | Baselios Marthoma Mathews III |
| Account Number | : | 50220001884863 |
| IFSC | : | ESMF0001132 |
| Bank & Branch | : | ESAF Small Finance Bank, Kottayam |

Catholicate Aramana,
Devalokam P.O.(Via.)
Muttambalam,
Kottayam-686004,
Kerala, India
Tel no. 0481 2578500, 2578499,
*Email:*
catholicos@mosc.in
*Web Manager :*
webmanager@mosc.in
*Public Relations officer :*
pro@mosc.in

**സംഭാവനയായി പണം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നവർ 9074925272 എന്ന വാട്ട്സപ് നമ്പറിലേക്ക് അഡ്രസ്സ് അയയ്ക്കുക.**

---

**4. ശിഷ്യത്വത്തിന്റെ വഴി: ദൈവീകമായ കരുതലിന്റെയും സ്വർഗ്ഗീയ ദാനങ്ങളുടെയും വഴി**

ഈരണ്ടായി അയയ്ക്കപ്പെട്ട ശിഷ്യന്മാർക്ക് വടിയും, ചെരിപ്പും, ഒരു വസ്ത്രവും മാത്രമാണ് അനുവദിക്കപ്പെട്ടത്. എല്ലായിടവും സഞ്ചരിച്ച് ദൈവരാജ്യവും, മാനസാന്തരവും പ്രസംഗിക്കുവാൻ അയയ്ക്കപ്പെട്ടവർക്ക് വഴിയാഹാരമോ, പൊക്കണമോ, മടിശ്ശീലയിൽ കാശോ കരുതുവാൻ അനുവാദമുണ്ടായിരുന്നില്ല (മർക്കോ.6:8). അവരുടെ ദൗത്യനിർവ്വഹണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, അതിന് ആവശ്യമായ ദൈവാശ്രയത്തെക്കുറിച്ചും, അവരുടെ വഴികളിൽ ലഭിക്കാനിരിക്കുന്ന ദൈവീക കരുതലിനെക്കുറിച്ചും ബോദ്ധ്യപ്പെടുത്തുവാനാണ് കർത്താവ് അവർക്ക് ഈ വിധമായ നിയന്ത്രണങ്ങൾ നൽകിയത് എന്ന് നമുക്ക് ചിന്തിക്കാം. ചെന്നെത്തുന്ന പട്ടണത്തിൽ കഴിവതും ഒരേ ഭവനത്തിൽത്തന്നെ താമസിക്കുവാനാണ് നിർദ്ദേശം - ആതിഥ്യ മര്യാദയും നന്മയുമുള്ള ആ ഭവനത്തോട് ആഴമായൊരു ആത്മീയ ബന്ധത്തിന് ഇത് കാരണമാകും; മാത്രമല്ല താമസസ്ഥലങ്ങൾക്കു വേണ്ടിയുള്ള അന്വേഷണം പരമാവധി കുറച്ചു കൊണ്ട് സുവിശേഷ പ്രഘോഷണത്തിന് പരമാവധി സമയം വേർതിരിക്കാനും കഴിയും - കർത്താവ് പന്തിരുവരെ ഭരമേല്പിച്ച നിയോഗത്തിന്റെ മഹത്വം എത്ര വലുതാണ് !.

**5. നിരാസത്തോട് ശിഷ്യനുണ്ടാവേണ്ട പ്രതികരണം**

കർത്താവിനാൽ അയയ്ക്കപ്പെട്ട പന്തിരുവരെ ആരെങ്കിലും കൈക്കൊള്ളാതിരുന്നാൽ അവരോട് കലഹിക്കുവാനോ, വാദിക്കുവാനോ, നിർബന്ധപൂർവ്വം തിരുത്തുവാനോ അവർക്ക് അനുവാദമുണ്ടായിരുന്നില്ല. തികച്ചും വ്യത്യസ്തമായൊരു പ്രതികരണമായിരുന്നു അവരിൽ നിന്നുണ്ടാകേണ്ടത് : അവിടെ നിന്ന് കാലിൽ പറ്റിയ പൊടി അവിടെ കുടഞ്ഞുകളയുക. നിരസിക്കപ്പെട്ടിടത്തു നിന്ന് കാലിൽ പറ്റുന്ന പൊടി പോലും-അത്രമേൽ നിസ്സാരമായതൊന്നു പോലും - കൊണ്ടു പോരരുത് എന്നാണ് അവർക്കു നൽകപ്പെട്ട നിർദ്ദേശം. തിരസ്കരിക്കുന്നവരോടും രോഷ ത്തോടെ പ്രതികരിക്കാതിരിക്കുക, മറുപടി ദൈവത്തിൽ നി ന്നാണുണ്ടാകേണ്ടത്, അതുണ്ടാവുകയും ചെയ്യും. എന്തെന്നാൽ അപ്രകാരം പെരുമാറുന്ന ഇടം കർത്താ വിന്റെ പുതിയ യിസ്രയേലിന്റെ ഭാഗമായിത്തീരുകയില്ല, ദൈവകോപത്തിന് ഇരയാവും. ദുഷ്പ്രവൃത്തിക്കാരും അഹങ്കാരികളും താളടിയാകുന്ന, ചൂള പോലെ കത്തുന്ന, ദിവസത്തെക്കുറിച്ച് മലാഖി പ്രവാചകൻ പറയുന്നു. യഹോവയെ ഭയപ്പെടുന്നവർക്ക് നീതിസൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടെ ഉദി ക്കും, ദുഷ്ടന്മാർ നശിച്ചു പോകും (മലാഖി :4:1, 2, 6) സുവിശേഷം നിരസിക്കുന്നവർക്കും ശിക്ഷയുണ്ടാകും (മത്തായി 10:15)

കെ. എം. ജോർജ്ജ് എം. കോം, എൽ.എൽ.ബി. രചിച്ച

# സൺഡേസ്കൂൾ പ്രസംഗ സഹായി

പ്രസംഗങ്ങൾ | ബൈബിൾ കഥകൾ | ഉപന്യാസങ്ങൾ

256 പേജുകൾ ₹230/- പോസ്റ്റേജ് സൗജന്യം

H&C Publishing House, High Road, Thrissur

90727 33335 95392 33335

GPay 89436 33335



# വിവര ശേഖരണം

മലങ്കരസഭയിലെ മിഷൻ സ്ഥാപനങ്ങളുടെ വിവരണങ്ങൾ ഉൾപ്പെടുത്തി മലങ്കരസഭാ മാസികയുടെ ഒരു ലക്കം പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നു. സംക്ഷിപ്തമായ പ്രവർത്തന റിപ്പോർട്ടുകൾ ചുമതലപ്പെട്ടവരുടെ സാക്ഷ്യപ്പെടുത്തൽ സഹിതം 2024 ഓഗസ്റ്റ് 20-നു മുമ്പായി താഴെ പറയുന്ന വിലാസത്തിൽ അയച്ചുതരിക.

**എഡിറ്റർ, മലങ്കരസഭ,**
**ദേവലോകം അരമന, കോട്ടയം 686004,**
**ഫോൺ: 04812573234**
**e-mail : malankarasabha1946@gmail.com**



# പള്ളികൾ മനോഹരമാക്കൂ

Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ...
എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...

**ഫോൺ: 0481-2571126, 2574183**
**0484-3292390 മൊബൈൽ: 9447259003**

## എം.എ. കയർ ഹൗസ്

**ജീ-മാർട്ടിനു സമീപം**
**കഞ്ഞിക്കുഴി, കോട്ടയം**



# അധ്യാപക ഒഴിവ്

പത്തനംതിട്ട ജില്ലയിലെ എയിഡഡ് സ്ക്കൂളിൽ എച്ച്.എസ്. (Maths) വിഭാഗത്തിൽ വിരമിക്കൽ ഒഴിവ്. താല്പര്യമുള്ളവർ 123careers2024@gmail.com എന്ന e-mail ലേയ്ക്ക് 20-07-2024 നു മുമ്പായി സി.വി. അയയ്ക്കുക.

കൂടുതൽ വിവിരങ്ങൾക്ക് വിളിക്കുക:
**+918848999219**



31-ാം ചരമ വാർഷികം
22-07-2024



കരുമാങ്കൽ
പാച്ചിറ,
ചാന്നാനിക്കാട്

(D.O.B.) 15-07-90 to 22-07-93 (D.O.B.)

*മാതാപിതാക്കൾ:*
**റജി വർഗീസ് , സുമ വർഗീസ്**

*സഹോദരങ്ങൾ:*
**എൽസേബ, എയ്ഞ്ചൽ, സ്ലീബാച്ചൻ**

സെബിമോൾ

28-ാം ചരമ വാർഷികം
ജൂലൈ 23



കെ. തോമസ്
നെടുംപറമ്പിൽ, പള്ളം

*ഭാര്യ:* **ഏലിയാമ്മ**
*മക്കൾ:* **സുജ, സുമ**

## സുപ്രീം കോടതിയുടെ വിധി നടപ്പാക്കാൻ എന്ന വ്യാജേന സർക്കാരും പോലീസും നാടകം കളിക്കുന്നു

അങ്കമാലി ഭദ്രാസനത്തിലെയും തൃശൂർ ഭദ്രാസനത്തിലെയും ആറ് പള്ളികളിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി നടപ്പാക്കണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശം നടപ്പിൽ വരുത്തുവാൻ ഇതുവരെ സർക്കാരിന് സാധിച്ചിട്ടില്ല. പലപ്പോഴും ഓർത്തഡോക്സ് സഭയുടെ വൈദികരെയും വിശ്വാസികളെയും വിധി നടപ്പാക്കുവാൻ പോകുന്നു എന്ന് ധരിപ്പിച്ച് വിളിച്ചു വരുത്തുകയും, എന്നാൽ ഏതാനും ചില യാക്കോബായക്കാരുടെ പ്രതിഷേധം മുൻനിർത്തിക്കൊണ്ട് നടപ്പിലാക്കാൻ കഴിയില്ല എന്ന് പറഞ്ഞ് തിരിച്ചയക്കുകയും ചെയ്യുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. വിധി നടപ്പാക്കുന്ന ദിവസം നേരത്തെ തന്നെ യാക്കോബായ വിഭാഗത്തെ അറിയിക്കുകയും ഇത് പ്രതിരോധിക്കാൻ അവിടെ ആളുകളെ കൂട്ടി വരുത്തുകയും ചെയ്യുവാനുള്ള സാവകാശവും അവസരവും നൽകിക്കൊണ്ടാണ് ഈ നാടകം അരങ്ങേറുന്നത്. കോടതിവിധി നടപ്പാക്കുന്നതിന് തടസ്സം നിൽക്കുന്ന അവിടുത്തെ വൈദികരും മറ്റാളുകളും, പല പള്ളികളിലും കോടതിവിധി നടപ്പാക്കുന്നത് തടയുവാനായി കുഞ്ഞുങ്ങളെയും സ്ത്രീകളെയും മുന്നിൽ നിർത്തണമെന്നുള്ള ഓഡിയോ സന്ദേശങ്ങൾ സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുന്നു. എന്നാൽ ഇതിനെതിരെയൊന്നും യാതൊരു നടപടിയും ഉണ്ടാവുന്നതായി കാണുന്നില്ല. വൻ സംഘർഷം ഉണ്ടാകും എന്ന് കാട്ടി കോടതിവിധി നടപ്പാക്കാതിരിക്കുവാനുള്ള ശ്രമങ്ങളാണ് ഇതിന്റെ പിന്നിൽ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ പ്രവൃത്തി രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥിതിയുടെ നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യുന്നതാണ്.

ഓടക്കാലി പള്ളിയിൽ കഴിഞ്ഞ പതിറ്റാണ്ടുകളായി നീണ്ടുനിന്ന വ്യവഹാരങ്ങൾക്കൊടുവിൽ മലങ്കരസഭയ്ക്ക് അനുകൂലമായ കോടതിവിധി വന്നിട്ട് ഏകദേശം ആറുവർഷത്തോളമായി. നാളിതുവരെയുമായി അത് നടപ്പാക്കുവാൻ ആവശ്യമായ ഫലപ്രദമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഇന്ന് രാവിലെയും കോടതി വിധി നടപ്പാക്കാൻ എന്ന രീതിയിൽ പോലീസ് ഉദ്യോഗസ്ഥർ വികാരിയോടും ഇടവകക്കാരോടും പള്ളിയിൽ എത്തിച്ചേരുവാനായിട്ട് ആവശ്യപ്പെട്ടു. അവിടെ ചെന്ന വൈദികരും വിശ്വാസികളും കാണുന്നത് കോടതി നിരോധനം ഏർപ്പെടുത്തിയിട്ടുള്ള വിഘടിത വിഭാഗത്തിലെ വൈദികരും ആളുകളും ഗേറ്റ് പൂട്ടി അകത്തിരിക്കുന്ന കാഴ്ചയാണ്.

നിയമലംഘനം നടത്തി കോടതിയുടെ നിരോധനം ലംഘിച്ച് പള്ളി കോമ്പൗണ്ടിൽ നില ഉറപ്പിച്ചിരിക്കുന്നവർ കോടതി വിധിയുമായി ചെന്ന വൈദികരെയും വിശ്വാസികളെയും തടയുന്ന ഒരു അവസ്ഥ എന്ന് പറയുന്നത് നിയമവ്യവസ്ഥിതിയോടുള്ള കനത്ത വെല്ലുവിളിയാണ്.

മീഡിയാവിംഗ് പ്രസിഡന്റ് അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ, സഭാ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, സഭാ വക്താവ് റീശ് ആർച്ച് കോർ എപ്പിസ്കോപ്പാ ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## 50-ാം ചരമ വാർഷികം



### റവ. ഫാ. പി.എം. ജേക്കബ്
### പറപ്പള്ളിത്താഴെ, കാനം
### (25-04-1906 - 20-07-1974)

കാനം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ജൂലായ് 21 ഞായറാഴ്ച ചെങ്ങന്നൂർ ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും തുടർന്നുള്ള അനുസ്മരണ സമ്മേളനത്തിൽ റവ.ഫാ. പി.എം. ജേക്കബ് മെമ്മോറിയൽ എൻഡോവ്മെന്റ് ഫണ്ട് വിതരണം ചെയ്യുന്നതുമാണ്. തദവസരത്തിൽ പറപ്പള്ളിത്താഴെ ഐസക്ക് പി. ജേക്കബ് (ബോബി) സമാഹരിച്ചു കോട്ടയം സോഫിയാ ബുക്സ് പ്രസിദ്ധീകരിക്കുന്ന 'പറപ്പള്ളിത്താഴെ യാക്കോബ് കത്തനാരുടെ ദിനവൃത്താന്തകുറിപ്പുകൾ' എന്ന പുസ്തകത്തിന്റെ പ്രകാശനം അഭി. തിരുമേനി കോട്ടയം ഭദ്രാസന സെക്രട്ടറി റവ.ഫാ. കെ.എം. സക്കറിയായ്ക്ക് നൽകിക്കൊണ്ട് നിർവ്വഹിക്കുന്നതാണ്.

**സന്തപ്ത കുടുംബാംഗങ്ങൾ.**

# പതിനെട്ടാം പൊതുതിരഞ്ഞെടുപ്പ് – പൊരുളും സൂചനകളും

സ്വാതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ രണ്ടാമത്തെ പൊതുതിരഞ്ഞെടുപ്പായിരുന്നു 2024 ജൂൺ 3 ന് സമാപിച്ചത്. ഏറെക്കുറെ ഇതിന് സമാനമായിരുന്നു 1977 മാർച്ച് 20 ന് പൂർത്തിയായ പൊതുതിരഞ്ഞെടുപ്പ്. ഇന്ത്യ ഒരു ഏകാധിപത്യ രാജ്യമായി മാറണമോ അതോ ജനാധിപത്യ രാഷ്ട്രമായി തുടരണമോ എന്നതായിരുന്നു ഈ രണ്ടു തിരഞ്ഞെടുപ്പുകളിലും ജനങ്ങളുടെ മുമ്പിലുണ്ടായിരുന്ന നിർണ്ണായക വിഷയം. 1975 ൽ, അന്നത്തെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ ആഭ്യന്തര അടിയന്തിരാ വസ്ഥയുടെ പശ്ചാത്തലത്തിലാണ് 1977 മാർച്ചിലെ പൊതുതിരഞ്ഞെടുപ്പ് നടന്നത്. അടിയന്തിരാവസ്ഥയി ൽ പൗരാവകാശങ്ങൾക്ക് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും, വാർത്താമാധ്യമങ്ങൾക്ക് കർശനമായ സെൻസർഷിപ്പ് ഏർപ്പെടുത്തുകയും, ജയപ്രകാശ് നാരായണൻ, മൊറാർജി ദേശായി തുടങ്ങി നൂറുകണക്കിന് പ്രതിപക്ഷ നേതാക്കളെ ആഭ്യന്തര സുരക്ഷാ നിയമം (MISA) പോലുള്ള കരിനിയമങ്ങൾ പ്രയോഗിച്ച് തടവിലാക്കുകയും ചെയ്തു. അധികാരം മുഴുവൻ പ്രധാനമന്ത്രിയിൽ കേന്ദ്രീകരിച്ചു.

എന്നാൽ 1977 മാർച്ചിൽ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനെത്തുടർന്ന് തടവിലാക്കപ്പെട്ട എല്ലാ നേതാക്കളെയും മോചിപ്പിച്ചു. പ്രസ്സ് സെൻസർഷിപ്പ് റദ്ദാക്കി. പ്രതിപക്ഷത്തിന് സ്വതന്ത്രമായി തിരഞ്ഞെടുപ്പ് പ്രചാരണം നടത്താനുള്ള തടസ്സങ്ങളെല്ലാം തന്നെ നീക്കം ചെയ്യപ്പെട്ടു. തിരഞ്ഞെടുപ്പിൽ ജനങ്ങൾ ഭരണകക്ഷിയെ തൂത്തെറിഞ്ഞു. ഇന്ദിരാ ഗാന്ധി ഉൾപ്പെടെ ഭരണകക്ഷിയുടെ പ്രമുഖ നേതാക്കൾ പരാജയപ്പെട്ടു. പ്രതിപക്ഷസഖ്യത്തിന്റെ ബദൽ ഗവണ്മെന്റ് അധികാരം ഏൽക്കുകയും ചെയ്തു. അധികാരം നഷ്ടപ്പെട്ട ഇന്ദിരാ ഗാന്ധി രാജിവെയ്ക്കുന്നതിനുമുമ്പ് അടിയന്തിരാവസ്ഥ പിൻവലിച്ചു.

ഈ രണ്ടു തിരഞ്ഞെടുപ്പുകൾ തമ്മിൽ കാര്യമായ ഒരന്തരം ഉണ്ട്. ഇന്ത്യയിൽ ജനാധിപത്യക്രമം തുടരണോ വേണ്ടയോ എന്നതായിരുന്നു 1977 ലെ തിരഞ്ഞെടുപ്പിലെ മുഖ്യവിഷയമെങ്കിൽ, 2024 ൽ ജനാധിപത്യത്തോടൊപ്പം രാജ്യത്തെ മതനിരപേക്ഷതയും, ബഹുസ്വരതയും, സമുദായമൈത്രിയും, ഭരണഘടനയും തുടർന്നും നിലനിൽക്കണമോ എന്ന അതിപ്രധാനമായ ചോദ്യങ്ങളും നിർണ്ണയിക്കപ്പെടേണ്ടതായി ജനങ്ങളുടെ മുമ്പിൽ ഉണ്ടായിരുന്നു. ഇത്രയും പ്രശ്നങ്ങൾ ഉയർന്നുവരാൻ കാരണം ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ 2014 മുതൽ 2024 വരെയുള്ള പത്തു വർഷത്തെ ഭരണം മുൻഭരണങ്ങളിൽ കാണാത്തവിധം ഇന്ത്യൻ ഭരണഘടനയുടെ ആധാരശിലകളായ ജനാധിപത്യത്തെയും, മതനേരപേക്ഷതയെയും, ഇന്ത്യൻ സംസ്കൃതിയുടെ കരുത്തും, ഈടുവെയ്പ്പുമായ ബഹുസ്വരതയെയും, സമുദായ മൈത്രിയെയും തകർക്കാൻ ഒളിഞ്ഞും, തെളിഞ്ഞും ശ്രമിച്ചു എന്നതാണ്.

**| എം. പി. മത്തായി**

ഇതു മാത്രവുമല്ല 1977 ലെയും 2024 ലെയും തിരഞ്ഞെടുപ്പുകൾ തമ്മിലുള്ള വ്യത്യാസം. 1977 ൽ തിരഞ്ഞെടുപ്പിന് മുമ്പ് തടവിലാക്കപ്പെട്ടിരുന്ന മുഴുവൻ രാഷ്ട്രീയനേതാക്കളേയും വിട്ടയക്കുകയും, യാതൊരു തടസ്സവുമില്ലാതെ അവർക്ക് തിരഞ്ഞെടുപ്പ് പ്രചാരണം നടത്തുന്നതിനുള്ള സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്തു എങ്കിൽ 2024 ൽ കാര്യങ്ങൾ നേരേ മറിച്ചായി. ഡൽഹി മുഖ്യമന്ത്രി ഉൾപ്പെടെ പ്രധാനമന്ത്രിയുടെ ബ്ലാക്ക് ലിസ്റ്റിലുള്ള പല പ്രതിപക്ഷ നേതാക്കളെയും ജയിലിൽ അടച്ചു. പ്രതിപക്ഷത്തിന്റെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ച് അവരുടെ ഇലക്ഷൻ പ്രവർത്തനം തികച്ചും ദുഷ്കരമാക്കി. 1977 ൽ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ പ്രസ്സ് സെൻസർഷിപ് നീക്കം ചെയ്തതോടെ രാഷ്ട്രീയ അഭിപ്രായങ്ങൾ തുറന്നുപറയാനും, കേന്ദ്ര ഗവണ്മെന്റിനെയും പ്രധാനമന്ത്രിയേയും വിമർശിക്കാനും മാധ്യമങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യം ലഭിച്ചിരുന്നു. എന്നാൽ 2024 ൽ കേന്ദ്ര ഗവണ്മെന്റിനും, പ്രധാനമന്ത്രിക്കും എതിരായി ഒരു വാക്കുപോലും ഉരിയാടാൻ ധൈര്യപ്പെടാത്ത, ഭരണകൂടത്തിന്റെ കുഴലൂത്തുകാരായ മാധ്യമങ്ങളെയാണ് നാം കണ്ടത്.

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി തന്നെ മുഖ്യകാർമ്മികനായി 2024 ജനുവരി 22 ന് അയോദ്ധ്യയിലെ രാമക്ഷേത്രത്തിന്റെ പ്രാണപ്രതിഷ്ഠാ പൂജകൾ നടത്തിയതോടെ ഇന്ത്യയിലെ ഭൂരിപക്ഷം ഹിന്ദുക്കളുടെയും പിന്തുണ തനിക്കും തന്റെ പാർട്ടിക്കും ലഭിച്ചുകഴിഞ്ഞു എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. അങ്ങനെ സ്വന്തം നില തികച്ചും ഭദ്രമാണെന്നും, 400 ൽ അധികം സീറ്റുകൾ നേടി അധികാരത്തിൽ തിരിച്ചെത്തുമെന്നും ഉറച്ചുവിശ്വസിച്ചു കൊണ്ടാണ്, ഭരണകക്ഷി 2024 ലെ തിരഞ്ഞെടുപ്പിനെ നേരിട്ടത്. എന്നാൽ തിരഞ്ഞെടുപ്പ് ഫലം മോദിയുടെ കണക്കു കൂട്ടലുകളെയും, എക്സിറ്റ് പോൾ പ്രവചനങ്ങളെയും തെറ്റിക്കുന്നതായിരുന്നു.

293 സീറ്റ് നേടി എൻ ഡിഎസഖ്യം ഭരണം നിലനിർത്തിയെങ്കിലും 2019 ൽ 303 സീറ്റ് നേടിയ ബിജെപിക്ക് ഇത്തവണ 240 സീറ്റ് മാത്രമാണ് ലഭിച്ചത്. കേവല ഭൂരിപക്ഷം നേടാനാകാത്തതുകൊണ്ട് ബിജെപി സംഖ്യ കക്ഷികളെ ആശ്രയിക്കേണ്ട അവസ്ഥയിലായി. നൂറു സീറ്റുകൾ നേടിയ കോൺഗ്രസ്നയിക്കുന്ന ഇന്ത്യാ സഖ്യം 232 സീറ്റ് നേടി. ദേശീയ തലത്തിൽ ബിജെപി യുടെ വോട്ട് വിഹിതം 0.8 % കുറഞ്ഞപ്പോൾ കോൺഗ്രസ്സിന്റെത് 1.73 % കൂടി എന്നത് രാഷ്ട്രീയ പ്രാധാന്യമുള്ള സൂചനയാണ്. അതുപോലെ, വരണാസിയിൽ ശ്രീ മോദിയുടെ ഭൂരിപക്ഷം ഗണ്യമായി കുറഞ്ഞതും, രാമക്ഷേത്രം സ്ഥിതിചെയ്യുന്ന അയോദ്ധ്യ ഉൾപ്പെടുന്ന ഫൈസാബാദ് നിയോജകമണ്ഡലത്തിൽ ബിജെപി സ്ഥാനാർത്ഥി പട്ടിക ജാതിയിൽപ്പെട്ട പ്രതിപക്ഷ സ്ഥാനാർത്ഥിയോട്




പരാജയപ്പെട്ടതും സുപ്രധാന രാഷ്ട്രീയസൂചനകളായി മനസ്സിലാക്കേണ്ടതുണ്ട്.

ശ്രീ മോദിയുടെ നേതൃത്വത്തിൽ മൂന്നാം മന്ത്രിസഭ അധികാരമേറ്റപ്പോൾ, യോജിച്ചുനിന്ന് ഉത്തരവാദിത്വമുള്ള പ്രതിപക്ഷമായി പ്രവർത്തിക്കും എന്ന ശരിയായ തീരുമാനമാണ് ഇന്ത്യാ സഖ്യം എടുത്തത്.

## തിരഞ്ഞെടുപ്പ് ഫലം - സൂചനകൾ

ഈ തിരഞ്ഞെടുപ്പിൽ ഒരു കക്ഷിക്കും കേവലഭൂരിപക്ഷം നൽകാതിരുന്നതിൽക്കൂടി ഒരു വലിയ വിഭാഗം ജനങ്ങൾ രാഷ്ട്രീയ കക്ഷികൾക്ക് നൽകുന്ന സന്ദേശം ശക്തവും വ്യക്തമാണ്:

കൗശലപൂർവ്വം ജനാധിപത്യം അട്ടിമറിച്ച് അധികാരം കേന്ദ്രീകരിച്ച് ഈ രാജ്യം അടക്കി  ഭരിക്കാൻ ആരെയും അനുവദിക്കില്ല.

സമ്മതിദായകർക്ക് ഇളക്കാൻ കഴിയാത്തത്ര പാറ പോലെ ഉറച്ച ഭരണകൂടത്തെയോ, ഭൗമികരായ - ജനങ്ങളെ ഭരിക്കാൻ അഭൗമികരായ-ദിവ്യാവതാരങ്ങളെയോ ജനങ്ങൾ കണ്ണുമടച്ച് അംഗീകരിക്കില്ല. അധികാരലഹരിയിൽ, ജനങ്ങളെ മറന്ന്, പദവികളുടെ മായാപുരികളിൽ വിരാജിക്കുന്ന രാഷ്ട്രീയ അധികാരികളെ താഴെയിറക്കി മണ്ണിൽ ചവിട്ടിനിർത്താൻ സാമാന്യജനങ്ങൾക്ക് കഴിയും.

ജനാധിപത്യത്തിൽ ജനങ്ങളാണ് അധികാരത്തിന്റെ യഥാർത്ഥ സ്രോതസ്സും പരമാധികാരികളും എന്ന സത്യം മറക്കരുത് എന്ന് അധികാരപ്രമത്തരായ രാഷ്ട്രീയക്കാരെ ജനങ്ങൾ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുന്നു.

ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ ജീവൽപ്രശ്നങ്ങൾ അവഗണിച്ച്, സമ്പന്നരുടെ താൽപ്പര്യസംരക്ഷണത്തിന് മുൻഗണന നൽകുന്ന ഭരണാധികാരികളുടെ നിലപാട് പുനഃപരിശോധിക്കാൻ അവരെ നിർബ്ബന്ധിതരാക്കുന്ന സ്ഥിതിവിശേഷം സൃഷ്ടിക്കാനും ജനങ്ങൾക്ക് കഴിഞ്ഞു.

ഭരണഘടനയും ഭരണഘടനാ സംവിധാനങ്ങളും ഉപയോഗിച്ച് ജനാധിപത്യസംവിധാനത്തെ ദുർബ്ബലപ്പെടുത്തി, അട്ടിമറിച്ച് ഏകാധിപത്യം സ്ഥാപിക്കാനുള്ള അധികാരിവർഗ്ഗത്തിന്റെ കുത്സിതശ്രമം ജനങ്ങൾ തിരിച്ചറിയുകയും, പ്രതിരോധിക്കുകയും ചെയ്യും എന്ന് ഇന്ത്യൻ വോട്ടർമാർ വ്യക്തമാക്കി. അതിനുള്ള രാഷ്ട്രീയബോധവും, ധീരതയും തങ്ങൾക്കുണ്ടെന്നും അവർ വ്യക്തമാക്കി.

ബഹുസ്വരതയുടെയും, മത- സമുദായ മൈത്രിയുടെയും മഹത്തായ ഇന്ത്യൻ പൈതൃകം തകർക്കാൻ അധികാര മോഹികളെ അനുവദിക്കില്ല എന്നും വ്യക്തമാക്കപ്പെട്ടു.

ഇവയോടൊപ്പം, ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ഫെഡറൽ സ്വഭാവം 'ഇന്ത്യയിലെ ജനങ്ങളായ ഞങ്ങൾ' സംരക്ഷിക്കും എന്നുകൂടി ഈ തിരഞ്ഞെടുപ്പിൽക്കൂടി ജനങ്ങൾ പ്രഖ്യാപിച്ചു. പണംനൽകി പ്രലോഭിപ്പിച്ചും, അധികാരദണ്ഡ് കാട്ടി ഭീഷണിപ്പെടുത്തിയും  മറ്റുകക്ഷികളിൽപ്പെട്ട ജനപ്രതിനിധികളെ കാലുമാറ്റി വശത്താക്കിയും, പ്രാദേശിക പാർട്ടികളെ ചാണക്യതന്ത്രം പ്രയോഗിച്ച് പിളർത്തിയും, ശിഥിലീകരിച്ചും, പ്രതിപക്ഷ കക്ഷികൾ നയിക്കുന്ന സംസ്ഥാന സർക്കാരുകളെ അട്ടിമറിച്ചും, സംസ്ഥാനങ്ങൾക്ക് അവകാശപ്പെട്ട സാമ്പത്തിക വിഹിതം തടഞ്ഞുവെച്ച് വീർപ്പു മുട്ടിച്ചും, രാജ്യത്തെ മൊത്തത്തിൽ ബാധിക്കുന്ന കാര്യങ്ങളിൽ ആവശ്യമായ കൂടിയാലോചന നടത്താതെയും, തികച്ചും ഏകപക്ഷീയമായി തീരുമാനങ്ങൾ എടുത്ത് അടിച്ചേൽപ്പിച്ചും ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെ തകർക്കാൻ കേന്ദ്ര ഗവണ്മെന്റ് കഴിഞ്ഞ പത്തുവർഷമായി നടത്തിവരുന്ന ശ്രമങ്ങൾ അവസാനിപ്പിക്കാനും, ഫെഡറൽ സംവിധാനം പുനഃസ്ഥാപിക്കാനും ഉള്ള ശക്തമായ സന്ദേശംകൂടിയാണ് ജനങ്ങൾ നൽകിയിട്ടുള്ളത്.

പ്രധാന ഭരണകക്ഷിയായ ബിജെപിയും,  പ്രധാനമന്ത്രിയും, ഹിന്ദുത്വസംഘടനകളും കൂടി ആസൂത്രിതമായി നടത്തിക്കൊണ്ടിരുന്ന മതാടിസ്ഥാനത്തിലുള്ള ധ്രുവീകരണ രാഷ്ട്രീയത്തെ പൂർണ്ണമായല്ലെങ്കിലും, വ്യാപകമായും, വ്യക്തമായും തള്ളിക്കളഞ്ഞിരിക്കുന്നു. രാമക്ഷേത്രത്തെ രാഷ്ട്രീയനേട്ടത്തിനുള്ള മാർഗ്ഗമായി ഉപയോഗിക്കാം എന്ന മോദി തന്ത്രം പരാജയപ്പെടുത്തുകവഴി ജനങ്ങൾ മതനിരപേക്ഷതക്കും, ബഹുസ്വരതയ്ക്കും ഒരിക്കൽക്കൂടി കൈയൊപ്പ് ചാർത്തി സംരക്ഷണം ഉറപ്പാക്കി.

വരേണ്യവർഗ്ഗോന്മുഖ രാഷ്ട്രീയം തള്ളിക്കളഞ്ഞ് പകരം, സാമുഹ്യസമത്വവും, സാമുഹ്യനീതിയും വ്യവസ്ഥാപിതമായി ഉറപ്പുവരുത്തുന്ന ഒരു പുതിയ രാഷ്ട്രീയത്തിലേക്ക് മാറാനുള്ള പ്രതിപക്ഷ കക്ഷികളുടെ നിർദ്ദേശത്തിനും ഈ തിരഞ്ഞെടുപ്പ് വഴി ജനങ്ങൾ  അംഗീകാരം നൽകിയിരിക്കുന്നു. (ജാതി സെൻസെസ് ആ പുതിയ രാഷ്ട്രീയത്തിലേക്കുള്ള ഒരു സുപ്രധാന ചുവടുവെപ്പായി തിരിച്ചറിയേണ്ടതുണ്ട്) ഇവയെല്ലാം ചേർത്തുവെച്ച് വായിക്കുമ്പോൾ  ലഭിക്കുന്നത് പ്രത്യാശയുടെ സന്ദേശമാണെന്ന് പറയാം. ജനാധിപത്യം ഭീഷണി നേരിടുമ്പോൾ ഇന്ത്യൻ ജനത രാഷ്ട്രീയാലസ്യം വിട്ടുണർന്ന്, ജാഗരൂകരാകും എന്ന് ഒരിക്കൽക്കൂടി തെളിയിക്കപ്പെട്ടിരിക്കുന്നു.

നിതാന്ത ജാഗ്രതയാണല്ലോ സ്വാതന്ത്ര്യത്തിന്റെയും, ജനാധിപത്യത്തിന്റെയും സംരക്ഷണത്തിനു ജനങ്ങൾ നൽകേണ്ട വില. ആ വില നൽകാൻ ഇന്ത്യൻ  ജനത ഒരുക്കമാണ് എന്നു തെളിയിക്കുക വഴി ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവിയെപ്പറ്റി രൂപംകൊണ്ടിരുന്ന ഭയാശങ്കകൾക്ക് , താത്ക്കാലികമായെങ്കിലും, വിരാമമായിരിക്കുന്നു എന്ന് ആശ്വസിക്കാം.

## ഉയരുന്ന ആശങ്കകൾ

എന്നാൽ തിരഞ്ഞെടുപ്പ് ഫലത്തിലും, ഇപ്പോൾ അധികാരമേറ്റ മോദി 3.0 മന്ത്രിസഭയുടെ രൂപീകരണത്തിലും, ഘടനയിലും ആശങ്കാജകമായ പല അപകട സൂചനകളും കണ്ടെത്താനാവും.

ബിജെപിക്ക് ഇന്നേവരെ അക്കൗണ്ട് തുറക്കാൻ സാധിക്കാത്തിരുന്ന പലയിടങ്ങളിലും അവർക്ക് ജയിക്കാനും, ഉയർന്ന വോട്ടുവിഹിതം നേടാനും കഴിഞ്ഞത്, കൂടുതൽപേർ മതാധിഷ്ഠിത രാഷ്ട്രീയം സ്വീകരിക്കാൻ സന്നദ്ധരാകുന്നു എന്നതിന്റെ സൂചനയായി കണക്കിലെടുക്കേണ്ടതാണ്. നിശ്ചയമായും ഇത് ഇന്ത്യയിലെ മതനിരപേക്ഷ ജനാധിപത്യത്തിന്റെ ഭാവിയെപ്പറ്റിയുള്ള ആശങ്ക വർധിപ്പിക്കുന്ന സൂചനയാണ്. അതോടൊപ്പം സമൂഹം കൂടുതൽ വർഗ്ഗീയവൽക്കരിക്കപ്പെടുന്നു എന്ന അപകടവും ഇത് കാട്ടിത്തരുന്നു.

കേവല ഭൂരിപക്ഷം ഇല്ലാത്തതുകൊണ്ട് ബിജിപി ക്കും, ശ്രീ മോദിക്കും ഘടകകക്ഷികളെ പൂർണ്ണമായും ആശ്രയിക്കേണ്ടിവരുമെന്നും, അതുകൊണ്ട് ജനാധിപത്യപരമായി തീരുമാനങ്ങളെടുക്കാൻ മോദി നിർബ്ബന്ധിതനാകുമെന്നും പ്രാരംഭത്തിൽ പലരും അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ പലരും കരുതുന്നതുപോലെ എളുപ്പത്തിൽ വിട്ടുകൊടുക്കുന്ന ആളല്ല ശ്രീ മോദി. ഘടകകക്ഷികളുമായി നടത്തിയ വകുപ്പ് വിഭജനചർച്ചകളുടെ രീതിയും, ഫലവും വിലയിരുത്തുമ്പോൾ മേൽസൂചിപ്പിച്ച പ്രതീക്ഷകൾ അസ്ഥാനത്തായിരുന്നു എന്നാണ് തെളിയുന്നത്. ബി ജി പി യുടെയും മോദിയുടെയും സമ്മർദ്ദത്തിന് ഘടകകക്ഷികൾ ഏറെക്കുറെ പൂർണ്ണമായും വഴങ്ങിക്കൊടുത്തു എന്നാണ് വകുപ്പ് വിഭജനം വെളിപ്പെടുത്തുന്നത്.

രണ്ടാം മോദി മന്ത്രിസഭയുടെ നേർതുടർച്ച തന്നെയാണ് പുതിയ മന്ത്രിസഭ എന്ന് മന്ത്രിമാരും, അവരുടെ വകുപ്പുകളും വിളിച്ചുപറയുന്നു. അതുകൊണ്ട് ഭൂരിപക്ഷം നഷ്ടപ്പെട്ടത്തിന്റെ ഫലമായി ശ്രീ മോദിയുടെ ഏകാധിപത്യ ശൈലിയോ, ഭരണത്തിന്റെ ദിശയോ മാറുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. മുറിവേറ്റ യോദ്ധാവിനെപ്പോലെ വർധിച്ച പ്രതികാരബുദ്ധിയോടെ ശ്രീ മോദി തിരിച്ചടിക്കാനാണ് കൂടുതൽ സാധ്യത.

ബി ജെ പി സമ്പൂർണ്ണമായും ശ്രീ നരേന്ദ്ര മോദിയുടെ പിടിയിൽ അമർന്നുകഴിഞ്ഞു എന്നത് അനിഷേധ്യമാണ്. ആർ എസ് എസ് മേധാവിയുടെ ഉപദേശരൂപേണയുള്ള പ്രബോധനം സൂചിപ്പിക്കുന്നതും മറ്റൊന്നുമല്ല. മോദിയുടെ വ്യക്തിത്വം സ്വഭാവാനുസാരമായിത്തന്നെ ഏകാധിപത്യപരമാണെന്ന് അദ്ദേഹം ഇതിനോടകം അനേകവട്ടം തെളിയിച്ചുതന്നിട്ടുമുണ്ട്. അതുകൊണ്ട് മൂന്നാം മോദി ഗവണ്മെന്റിന്റെ പ്രവർത്തന രീതിയിൽ ഒന്നും രണ്ടും മോദി ഗവണ്മെന്റുകളുടെ കാലത്തേതിൽ നിന്ന് അടിസ്ഥാനപരമായ മാറ്റമൊന്നും ഉണ്ടാകാനിടയില്ല. ശ്രീമതി അരുന്ധതി റോയിയുടെ പേരിൽ യു എ പി എ ചുമത്തിയത് ഇതാണ് വ്യക്തമാക്കുന്നത്. ഇതും ഒട്ടും ശുഭസൂചകമല്ല എന്ന് പറയേണ്ടതില്ലല്ലോ.

ഭരണഘടനയും, ഭരണഘടനാമൂല്യങ്ങളും സംരക്ഷിക്കാൻ വേണ്ടിവന്നാൽ മറ്റൊരു പോരാട്ടത്തിന് ഇന്ത്യൻ ജനത ഒരുങ്ങിയിരിക്കണം എന്നാണ് തിരഞ്ഞെടുപ്പിനെത്തുടർന്ന് ഉരുത്തിരിയുന്ന സംഭവങ്ങൾ സൂചിപ്പിക്കുന്നത്.


4th DEATH ANNIVERSARY (20-07-2024)



ANNIE PHILIP

(KUNJUMOL)

Vadakkedath House

Puthussery, Chengaroor

ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി...

V.C. PHILIPOSE (HUSBAND) & FAMILY



*In Every Loving Memory of our Beloved Appachan & Ammachi*

**12th Death Anniversary (26-06-2024)** **17th Death Anniversary (12-08-2024)**



**MARIAMMA**

**Madathanil**
**Maalam, Manarcadu P. O.**
**Kottayam**



**KURUVILLA MATHEN**
**(Pappachy)**

***By Sorrowing family...***

8th Death Anniversary
17-07-2024



**LEELAMMA GEORGE**
Principal (RTD)

**Balikamatom Higher Secondary School**
Thirumoolapuram, Thiruvalla

**Thazhadathu House,**
Mullanickadu
Omallur, Pathanamthitta

**By Sorrowing Family**



GSTIN : 32AEEPD3742C1ZA



പള്ളികളുടെ
മനോഹാരിതയ്ക്കു വേണ്ടി
മദബഹായും പള്ളി ഹാളുകളും,
വിദേശ നിർമ്മിത സിന്തറ്റിക്ക് കാർപ്പറ്റുകളും
കയർ കാർപ്പറ്റുകളും ഉപയോഗിച്ച്
ആകർഷണീയമായി ഫർണിഷിംഗ്
ഓർഡർ അനുസരിച്ച്
ചെയ്തു കൊടുക്കുന്നു

**PEEJAY COIR & CARPET FURNISHING COMPANY**

East of St. Thomas Orthodox Church, Alleppey, Kerala.
**Mob : 9495268869 / 8921627661**

Proprietor
K. V. DANIEL

- 30 വർഷത്തെ പാരമ്പര്യം
- പരിചയ സമ്പന്നരായ ജോലിക്കാർ

## In Loving Memory of



**C. THOMAS**
D.O.D. 24-07-81

**RACHEL THOMAS**
D.O.D. 20-01-89

**ANJILI VADAKKEDATH MUTTOM**

**(HARIPPAD)**

Inserted By
**Prof. Mathew Thomas & Family**
**Malad Central, Mumbai**

---

## 2nd Death Anniversary
## 28-07-2024




## Annamma George
**(Thankamma)**
**Mulanilkunnathil House**
**Kavumbhagom, Thiruvalla**

നിന്റെ മഹത്ത്വമുദിക്കുന്നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ

**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**

---

## 9-ാം ചരമ വാർഷികം
## (15-07-2024)



# Very Rev. Fr. K. J. Kuriakose Corepiscopa


## Mulanthuruthy

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോ
ഈ ആചാര്യന്നേകുക പുണ്യം
നാഥാ സ്തോത്രം"

സഹധർമ്മിണി :
Mariamma Kuriakose

മക്കൾ :
Ajee & Saya; Ciji & George

കൊച്ചുമക്കൾ :
Kurian & Sherin
Anna, Tijo & Joanna
Mary, Sojan & Hannah



ഫാ. ഡോ. റജി മാത്യു

# യൂർഗൻ മോൾട്ട്മാൻ (Juergen Moltmann) ഇരുളിൽ തപ്പിത്തടഞ്ഞവർക്ക് പ്രകാശം നൽകിയ ദൈവശാസ്ത്രജ്ഞൻ


ജർമ്മനിയിലെ വിഖ്യാതമായ ട്യൂബിംഗൻ യൂണിവേഴ്സിറ്റിയിൽ ദീർഘകാലം പഠിപ്പിച്ച Prof. Dr. Juergen Moltmann (1926 – 2024) ജൂൺ മൂന്നാംതീയതി ഇഹലോകവാസം വെടിഞ്ഞു. രണ്ടാം ലോകമഹായുദ്ധകാലത്തെ ഭീതിനിറഞ്ഞ അന്തരീക്ഷത്തിൽ ഹിറ്റ്ലറുടെ നാസി പട്ടാളം തടവിലാക്കിയ മോൾട്ട് മാൻ ദൈവത്തെ കണ്ടെത്തിയത് തന്റെ ഭീതിനിറഞ്ഞ ജയിൽവാസകാലത്താണ്. കാൾബാർത്ത്, വോൾഫ്ഗാങ്ങ് ചാന്നൻ ബർഗ് എന്നീ ദൈവശാസ്ത്രജ്ഞരുടെ നിരയിൽ പ്രൊട്ടസ്റ്റന്റ് സഭകളുടെ ദൈവശാസ്ത്ര രൂപീകരണത്തിൽ അദ്ദേഹം നിർണ്ണായകമായ സ്വാധീനം ചെലുത്തി. എക്യുമെനിക്കൽ വേദികളിൽ അനുരഞ്ജനത്തിന്റെയും മതസംവാദങ്ങളുടെയും പ്രസക്തി വിളിച്ചോതുന്ന അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളും രചനകളും ലോകമെമ്പാടും ശ്രദ്ധിക്കപ്പെട്ടു. മലങ്കരസഭയിലെ പുണ്യശ്ലോകനായ അഭി. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി നിരന്തരം ഉദ്ധരിച്ച ഇദ്ദേഹത്തിന്റെ ചിന്തകൾ ഓർത്തഡോക്സ് ദൈവശാസ്ത്രവുമായി വളരെ അടുപ്പം പുലർത്തിയവയായിരുന്നു. 1964 ൽ അദ്ദേഹം രചിച്ച The Theology of Hope യുദ്ധാനന്തരം നിരാശയുടെ പടുകുഴിയിൽ വീണുപോയ യൂറോപ്യൻ വിശ്വാസികൾക്ക് വലിയ പ്രതീക്ഷ നൽകുന്നതായിരുന്നു. ദൈവശാസ്ത്രമെന്നത് ചിന്തകളുടെ ക്രോഡീകരണം മാത്രമല്ലായെന്നും ജീവിതമാണ് ഒരുവനെ ദൈവശാസ്ത്രജ്ഞനാക്കേണ്ടതെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു.

'The Trinity and the Kingdom' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ത്രിത്വത്തിന്റെ നാനാത്വത്തിലെ ഏകത്വം ഭംഗിയായി ആവിഷ്ക്കരിച്ചു. "സ്നേഹം" എന്ന പ്രതിഭാസമാണ് ത്രിത്വത്തെ ഒന്നിപ്പിയ്ക്കുന്നതെന്നു ചിന്തിച്ച മോൾട്ട്മാൻ ഓർത്തഡോക്സ് ചിന്തയിൽ പറയുന്ന പിതൃപുത്ര പരിശുദ്ധാത്മാക്കളുടെ പാരസ്പര്യത്തെ (perichoresis) അടിസ്ഥാനമാക്കിയാണ് ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളുടെ ഐക്യത്തെ വിശദീകരിച്ചത്: 'The Father exists in the Son, the Son in the Father, and both of them in the Spirit, just as the Spirit exists in both the Father and the Son. By virtue of their eternal love they live in one another to such an extent, that they are one' എന്നതാണദ്ദേഹത്തിന്റെ തത്വം. 'History and the Triune God' എന്ന ഗ്രന്ഥത്തിലും അദ്ദേഹത്തിന്റെ ത്രിത്വാന്വേഷണം ദൃശ്യമാണ്. 1973 ൽ അദ്ദേഹം രചിച്ച 'The Crucified God' എന്ന ഗ്രന്ഥത്തിൽ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തേയും അതിൽ കുരിശിനുള്ള പ്രാധാന്യത്തെയും ഊന്നിപ്പറയുന്നു. 40 എഡിഷൻ കഴിഞ്ഞ ഈ പുസ്തകം കുരിശിന്റെയും കഷ്ടതയുടെയും അർത്ഥതലങ്ങളെ അപഗ്രഥിക്കുന്നതിനോടൊപ്പം വിമോചന ദൈവശാസ്ത്രത്തിന്റെ ചില ആശയങ്ങളും പങ്കുവയ്ക്കുന്നുണ്ട്. ആഗോള ക്രൈസ്തവരുടെ എക്യുമെനിക്കൽ കൂട്ടായ്മയ്ക്കും അദ്ദേഹം അടിസ്ഥാനമായി കണ്ടത് 'Ecumenism beneath the Cross' എന്നയാശയമാണ്. വി. യോഹന്നാന്റെ സുവിശേഷം 17-ാം അധ്യായത്തിൽ നാം വായിക്കുന്ന യേശുവിന്റെ മഹാപുരോഹിത പ്രാർത്ഥനയുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം എക്യുമെനിക്കൽ കൂട്ടായ്മയൊരു രൂപരേഖ തയ്യാറാക്കിയത്. 'The nearer we come to the Cross of Christ, the nearer we come together' എന്നതായിരുന്നു അദ്ദേഹത്തിന്റെ ആപ്തവാക്യം. 1997 ൽ മോൾട്ട് മാൻ പുറത്തിറക്കിയ The Source of Life: The Holy Spirit and the Theology of Life' എന്ന പുസ്തകം എക്യുമെനിക്കൽ രംഗത്ത് പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള അബദ്ധധാരണകൾ തിരുത്തുന്നതായിരുന്നു. 1991 ൽ ആസ്ട്രേലിയായിലെ കാൻബറായിൽ നടന്ന WCC അസംബ്ലിയിൽ പരിശുദ്ധാത്മാവും മറ്റ് ആത്മാക്കളും എന്ന ചർച്ചയിൽ ഉരുത്തിരിഞ്ഞ വേദവിപരീതങ്ങളെ തിരുത്തുവാൻ അദ്ദേഹത്തിന്റെ ഗ്രന്ഥം സഹായകമായി. 'The Spirit of Life: A Universal Affirmation' എന്ന കൃതിയിൽ വിവിധ രൂപകങ്ങളിലൂടെ പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള ദൈവശാസ്ത്രം അദ്ദേഹം വിപുലപ്പെടുത്തി. 2004 ൽ തന്റെ 78-ാം വയസ്സിൽ അദ്ദേഹമെഴുതിയ 'The Coming of God: A Christian Eschatology' എന്ന പുസ്തകം യുഗാന്ത്യ ശാസ്ത്രത്തിന്റെ വിപുലമായ ചിത്രീകരണം തന്നെയാണ്.

ചുരുക്കത്തിൽ, Systematic Theology എന്താണെന്നുപോലും അറിയാതെ ദൈവശാസ്ത്രജ്ഞരും, പുരോഹിതന്മാരുമടങ്ങുന്ന ഇന്നത്തെ തലമുറയ്ക്ക് Prof. Dr. Juergen Moltmann ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെ വിശാലമായ ലോകത്തിലേക്ക് നയിക്കുന്ന വലിയൊരു ദാർശനിക നായിരുന്നു.

# മാർഗ്ഗദീപത്തിന് ആദരാഞ്ജലികൾ

# 66-ാം ഓർമ്മ



## മാളികയിൽ
## വെരി.റവ. എം.സി. കുറിയാക്കോസ് റമ്പാൻ

(1901-1958)

"നമ്മുടെ പുരാതനമായ ശ്ലൈഹീക സഭയെ
വിലയേറിയതായി കരുതുകയും
അതിനെ പരമാവധി പ്രയോജനപ്പെടുത്തുകയും
പരമാവധി സഹായിക്കുകയും ചെയ്യുവിൻ"

ജൂലൈ 19, 20 തീയതികളിൽ തിരുവനന്തപുരം ഭദ്രാസനാധിപൻ അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ പാത്താമുട്ടം സ്ലീബാപള്ളിയിൽ

"He wrote the Sabha rassa geetham "Swarga Ragya Simhasana meri......"
Rembachen was the chief editor of Malankara Sabha Magazine for about 20 years - till 1958.

Inserted By: DR M.S.Alexander, Malikayil Pathamuttom



പോത്താറയിൽ വെരി.റവ. പി.യു. കുര്യാക്കോസ് കോറെപ്പിസ്കോപ്പായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷവും പുസ്തകപ്രകാശനവും 30.06.2024 ഞായറാഴ്ച്ച പെരുമ്പടവം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായി. പരിശുദ്ധ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്ത ചടങ്ങിന് ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അധ്യക്ഷം വഹിച്ചു. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ അനുഗ്രഹം പ്രഭാഷണവും ബഹു. റിട്ട ജസ്റ്റിസ് ഡോ. കെ. നാരായണക്കുറുപ്പ് വിജ്ഞപ്തി പ്രസംഗവും നടത്തി. ഫാ. ജോസ് തോമസ് പൂവത്തുങ്കൽ, ഫാ. ജേക്കബ് കുര്യൻ ചെമ്മനം, ശ്രീ. പി.വി. തോമസ് പുളിക്കീൽ എന്നിവർ ആശംസകൾ അർപ്പിച്ചു. വാതക്കാട്ടിൽ ഫാ. വി.എ മാത്യൂസ് കവിത ആലപിച്ചു. പൗരോഹിത്യത്തിന്റെ ജ്ഞാനഗോപുരം എന്ന പുസ്തകത്തിന്റെ പ്രകാശനം പ. ബാവാ തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു. കോറെപ്പിസ്കോപ്പാ അച്ചൻ മറുപടി പ്രസംഗവും, ഫാ. ജോൺ കുര്യാക്കോസ് നന്ദിയും രേഖപ്പെടുത്തി.


*For Favours Received*





ഒരു വിശ്വാസി


## വീടൊരുക്കൽ ഇവർക്ക് ലഹരിയാണ്



ഒരു കോടിയിൽപ്പരം കടം, കിടപ്പാടം ജപ്തിചെയ്തു. ഇതെല്ലാം മൂലം ആത്മഹത്യയുടെ വക്കിലെത്തിയ കുഞ്ഞുമോൻ തീരുമാനിച്ചു. മദ്യം ഉപേക്ഷിക്കാം. പ്രതിജ്ഞ പാലിച്ചു. കടം മുഴുവൻ വീട്ടി ജീവിതം നല്ലനിലയിലായി. മാത്രമല്ല, പത്തുലക്ഷത്തോളം രൂപയുടെ വീട് പുതുപ്പള്ളി സ്വദേശിനിക്ക് സ്വന്തം ചെലവിൽ നിർമിച്ചും നൽകി. ഇത് മദ്യവർജന കൂട്ടായമയിലെ പുതുപ്പള്ളി സ്വദേശിയായ കുഞ്ഞുമോന്റെ മാത്രം അനുഭവം.

ഇങ്ങനെ മദ്യക്കയത്തിൽ നിന്ന് കരകയറിയത് ആയിരത്തിലേറെ കുടുംബങ്ങൾ. മദ്യവർജന കൂട്ടായ്മയിലെ അംഗങ്ങൾ ഇതിനകം നിർമ്മിച്ചു നൽകിയത് ഏഴ് വീടുകൾ. വീട് വെക്കുന്നതിനുള്ള തുക കണ്ടെത്തുന്നത് മദ്യത്തിന് ചെലവാക്കിയിരുന്ന പണം മാറ്റിവെച്ച്.

ഇത്തരത്തിൽ ഇന്ന് സന്തുഷ്ടജീവിതം നയിക്കുന്നത് ഏഴുനൂറിലേറെ കുടുംബങ്ങൾ. തിരുവല്ല മാർത്തോമ്മാ കോളേജ് അധ്യാപകനായിരുന്ന പ്രൊഫ. സി. മാമച്ചന്റെ ഒറ്റയാൾ പോരാട്ടമാണ് വലിയൊരു കൂട്ടായ്മയായത്. മദ്യാസക്തിയിൽ തകർന്നവരുടെ വീടുകളൾ കണ്ടെത്തുകയായിരുന്നു ആദ്യപടി. കോട്ടയം ജില്ലയിലെ അയ്യായിരത്തിലേറെ വീടുകളിൽ മാമച്ചൻ കയറിയറങ്ങി. വീട് കണ്ടെത്തിയാൽ പുലർച്ചെ ആറുമണിക്ക് പ്രൊഫ. മാമച്ചൻ അവിടെയെത്തും. കുടുംബാംഗങ്ങളെ ഒരുമിച്ചിരുത്തി സംസാരിക്കും.

2024 ഏപ്രിൽ 20-ന് പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ ഇത് കൂട്ടായ്മയായി. ഓർത്തഡോക്സ് സഭയിലെ മുതിർന്ന വൈദികൻ ഫാ. ഏബ്രഹാം വാഴയ്ക്കൽ ഒപ്പം കൂടി. ഏഴ് അംഗങ്ങളോടെ പ്രവർത്തനം തുടങ്ങി. മദ്യം ഉപേക്ഷിക്കാൻ മനസ്സുള്ള ആർക്കും കൂട്ടായ്മയിലാകാം. ജാതിയോ മതമോ ഇല്ല.


**BRIDE WANTED**

Orthodox Christian parents from Jaipur seek proposals from God-fearing girls for our Son 30/170 cm/Masters in Engineering Management working as Engineer in Govt. of B.C. at Canada (PR Holder) (from Pathanamthitta Distt.) Seeking suitable alliance from girl's parents. Prefer girl's who are born and raised outside Kerala and interested to settle in Canada.

**Ph: +917976482998**




ഡോ. ജോർജ്ജ് വി. തോമസ്,
വെട്ടിമൂട്ടിൽ, വകയാർ

# നമ്മുടെ ഭൂമി നമ്മുടെ ഭാവി നാം വീണ്ടെടുപ്പിന്റെ തലമുറ

ലോകപരിസ്ഥിതി ദിനം ജൂൺ 5ന് എല്ലാ വർഷവും ഐക്യരാഷ്ട്രപരിസ്ഥിതി സമിതിയുടെ ആഭിമുഖ്യത്തിൽ ആചരിക്കുന്നു. പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് അവബോധം വരുത്താനും കർമ്മ പദ്ധതികൾക്ക് തുടക്കമിടാനുമാണ് ലോകപരിസ്ഥിതിദിനം ആചരിക്കുന്നത്. ഈ വർഷത്തെ പരിസ്ഥിതി ദിനാചരണത്തിന്റെ മുഖ്യവിഷയം 'നമ്മുടെ ഭൂമി, നമ്മുടെ ഭാവി നാം വീണ്ടെടുപ്പിന്റെ തലമുറ' എന്നായിരുന്നു. തകർന്നുകൊണ്ടിരിക്കുന്ന നമ്മുടെ ഭൂമിയെ രക്ഷിക്കാനുള്ള അവസാന അവസരം ഈ തലമുറയ്ക്കാണെന്നുള്ളതാണ് ഈ മുഖ്യവിഷയം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്നു നമ്മൾ നേരിടുന്ന പരിസ്ഥിതിയുടെ അപചയം, ജൈവവൈവിദ്യത്തിന്റെ നഷ്ടം, മലിനീകരണം, മരുഭൂവൽക്കരണം, മാലിന്യപ്രശ്നങ്ങൾ എന്നിവ മൂലം ആവാസ വ്യവസ്ഥകൾ വലിയ തകർച്ച നേരിട്ടുകൊണ്ടിരിക്കയാണ്. 'കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതം അനുഭവിക്കുന്ന ആദ്യതലമുറയും അതിനെ അതിജീവിക്കാൻ എന്തെങ്കിലും ചെയ്യാൻ കഴിയുന്ന അവസാന തലമുറയുമാണ് നമ്മൾ' എന്ന മുൻ അമേരിക്കൻ പ്രസിഡന്റ് ബരാക്ക് ഒബാമയുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്.

മനുഷ്യനും സർവ്വചരാചരങ്ങളും സമൃദ്ധമായും സുസ്ഥിരമായും ജീവിക്കുന്നതിന് അനുയോജ്യമായ ജൈവവും അജൈവവുമായ ആവാസവ്യവസ്ഥകൾ കൊണ്ടാണ് ദൈവം ഭൂമിയെ സൃഷ്ടിച്ചത്. മനുഷ്യരാശിയുടെ വിനാശകരാമയ പ്രവർത്തനങ്ങൾ മൂലം പ്രകൃതിയുടെ ലോലമായ സന്തുലിതാവസ്ഥ തകരുകയും അത് മനുഷ്യന്റെ നിലനില്പിനു തന്നെ ഭീഷണിയായി തീരുകയും ചെയ്യുന്നു. ആറാം വംശനാശത്തിന്റെ നടുവിലൂടെയാണ് നാം കടന്നുപോ കുന്നത് എന്ന് Elizabeth Kolbert cNn¨ "The Sixth Extination' എന്ന പുസ്തകത്തിൽ പറയുന്നു. മനുഷ്യന്റെ വിവേകഹീനമായ പ്രവർത്തനം മൂലം ഭൂമിക്കുണ്ടായ ആഘാതം മൂലം അത് വാസയോഗ്യമല്ലാതായി തീർന്നുവെന്ന് David Wallace Wells FgpXnb "The uninhabitable Earth' എന്ന ഗ്രന്ഥത്തിൽ പറയുന്നു.

ഓരോ വർഷവും 100 ദശലക്ഷം ഹെക്ടർ ഭൂമി മരുഭൂവൽക്കരിക്കപ്പെടുന്നു എന്ന് ലോകഭക്ഷ്യ കാർഷിക സംഘടന (FAO) യുടെ കണക്കുകൾ കാണിക്കുന്നത്. ലോകത്തുള്ള ജീവജാലങ്ങളുടെ 28.12 ശതമാനം വംശ ഭീഷണി നേരിടുന്നു. ആഗോള തലത്തിൽ 32.87 ശതമാനം വനങ്ങളും നശിച്ചു കഴിഞ്ഞു. സമുദ്രത്തിൽ നിന്നും ലഭിക്കുന്ന മത്സ്യസമ്പത്ത് 26 വർഷങ്ങൾക്കുള്ളിൽ അപ്രത്യക്ഷമാകും. മനുഷ്യരാശി ഇപ്പോൾ നേരിടുന്ന രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങളിൽ പ്രധാനമാണ് മണ്ണിന്റെ ശോഷണം. ഇതിനോടകം ആഗോളതലത്തിൽ 40 ശതമാനത്തോളം ഭൂമിക്കു അപജയം സംഭവിച്ചു കഴിഞ്ഞുവെന്നും അത് 2050 ആകുമ്പോഴേക്കും 95 ശതമാനമായി വർദ്ധിക്കുമെന്നും യു.എൻ.പറയുന്നു. മനുഷ്യരുടെ പ്രവർത്തനം മൂലം ഭൂമി ഇനിയും തിരിച്ചുവരാൻ പറ്റാത്ത അവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണെന്നും വിദഗ്ദർ അഭിപ്രായപ്പെടുന്നു.

ഭൂമിയുടെ വീണ്ടെടുക്കൽ മണ്ണിനുണ്ടായിക്കൊണ്ടിരിക്കുന്ന ശോഷണം തടഞ്ഞും, ഹരിതഗൃഹവാത ങ്ങളുടെ ബഹിർഗമനം കുറച്ചും, മലിനീകരണം തടഞ്ഞും, പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഇല്ലാതാക്കിയും വനങ്ങൾ സംരക്ഷിച്ചും, ഭൂമിയിലെ സസ്യാവരണം വർദ്ധിപ്പിച്ചും, മരങ്ങൾ വച്ചുപിടിപ്പിച്ചും മണ്ണു സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടും, സുസ്ഥിരമായ കൃഷി സമ്പ്രദായങ്ങൾ അവലംബിച്ചു കൊണ്ടും ആണ് സാധ്യമാക്കേണ്ടത്. അതുവഴി ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കാനും ആവാസ വ്യവസ്ഥകളുടെ സേവനം പുനഃസ്ഥാപിക്കാനും കാലാവസ്ഥ വ്യതിയാനത്തിന്റെ ആഘാതങ്ങൾ ലഘൂകരിക്കാനും കഴിയണം. നമ്മുടെ ഭൂമിയുടെ ഭാവി ഈ തലമുറയുടെ പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്നുള്ള സത്യം നാം മറക്കരുത്.

**ഫാ. യാക്കോബ് റമ്പാൻ**
*മാനേജർ, ദേവലോകം അരമന*



# ലോത്ത്

വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ സഹോദരനായ ഹാരാന്റെ മകനായിരുന്നു ലോത്ത്. ദൈവം അബ്രഹാമിനെ വിളിക്കുമ്പോൾ കൂടെ പുറപ്പെട്ടവനായ ലോത്തിനെ 'നീതിമാൻ' എന്ന് വി. പത്രോസ് ശ്ലീഹ തന്റെ ലേഖനത്തിൽ വിശേഷിപ്പിക്കുന്നു (2 പത്രോസ് 2:8). എന്നാൽ ഒരു നീതിമാനു വേണ്ടതായ വിശ്വാസമോ, ആരാധയോ, ജീവിതമോ ഒന്നും ലോത്തിന്റെ ചരിത്രത്തോടു ചേർത്തു കാണുന്നില്ല. ആ കാലഘട്ടത്തിൽ ജീവിച്ച സാധാരണ ജനത്തെക്കാൾ നീതിയെ ആഗ്രഹിച്ചവൻ എന്നായിരിക്കാം വി. പത്രോസ് പറയുന്നതിന്റെ അർത്ഥമെന്ന് വേദപുസ്തക പഠിതാക്കൾ അഭിപ്രായപ്പെടുന്നു. വിശ്വാസികൾക്കു മാതൃകയായി കാണിക്കുവാൻ ലോത്തിന്റെ ജീവിതത്തിൽ ഒന്നും തന്നെ ഇല്ലാത്തതുകൊണ്ടായിരിക്കാം എബ്രായ ലേഖനത്തിൽ വിശ്വാസികളുടെ പട്ടികയിൽ ലോത്തിന്റെ പേര് ചേർത്തിട്ടുമില്ല. നല്ലദേശം നോക്കികണ്ടു തെരഞ്ഞെടുത്തവനായിട്ടാണ് ഉല്പത്തി 13:10 ൽ കാണുന്നത്.

## ലോത്തിന്റെ ജീവിതത്തിലെ വീഴ്ചകൾ

### 1. വിളി ഇല്ലാതെ ഇറങ്ങി

കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പുറപ്പെടുവാൻ ദൈവം വിളിച്ചത് അബ്രാമിനെയാണ്. വിളികേട്ട് ഇറങ്ങിയവന്റെ പിന്നാലെ പോയവനാണ് ലോത്ത്. ജന്മദേശമായ കൽദായരുടെ ഊരിൽ വച്ച് ലോത്തിന്റെ പിതാവായ ഹാരാൻ മരണമടഞ്ഞു. അബ്രഹാമിന്റെ കൂടെ ലോത്തും യാത്ര പുറപ്പെട്ടു. ദൈവവിളിയും ദർശനവും ദൈവം വിളിക്കുന്നവർക്കു മാത്രമുള്ളതാണ്. ദൈവം സൃഷ്ടിച്ച് ഈ ഭൂമിയിൽ നമ്മെ ആക്കി. ഇവിടെയുള്ള ജീവിതം ദൈവത്തിന്റെ നിയോഗമനുസരിച്ചായിരിക്കണം. ഈ ലോകത്തിൽ നാമെല്ലാവരും ആയിരിക്കുന്ന സ്ഥാനങ്ങൾ ദൈവനിയോഗപ്രകാരമുള്ളതാണ്. ദൈവനിയോഗത്തെ മറന്നു യാത്ര ചെയ്ത യോന മൂലം കപ്പൽ അപകടത്തിൽ പെട്ടു. ദൈവം ഏല്പിക്കാതെ ദൈവീക ശുശ്രൂഷ ഏറ്റെടുത്ത നാദാബും അബീഹൂവും ദഹിച്ചുപോയി. ധൂപം കാട്ടുവാൻ അഹങ്കാരത്തോടെ പ്രവേശിച്ച ഉസിയാ രാജാവ് കുഷ്ഠരോഗിയായി മാറി. ദൈവ നിയോഗത്തെ തിരിച്ചറിഞ്ഞ് ജീവിക്കുവാൻ സാധിക്കണം. വിളി ഇല്ലാതെ ചെയ്യുന്ന പ്രവർത്തനങ്ങൾ ദോഷകരമായി ഭവിക്കും. അർഹിക്കാത്ത സ്ഥാനങ്ങളിലും ഇടങ്ങളിലും അഹങ്കാരത്തോടെ കയറി കൂടുന്നത് എല്ലാവർക്കും നാശത്തിനു കാരണമാകും. ദൈവത്തോട് ആലോചന ചോദിച്ചുള്ള പ്രവർത്തനങ്ങൾ ആയിരിക്കണം എല്ലാ വിശ്വാസികളുടേതും.

### 2. ലോത്ത് വസ്തുവകകളെയും സമ്പാദ്യങ്ങളെയും സ്നേഹിച്ചു.

ദൈവം അനുഗ്രഹിച്ച അബ്രഹാമിനോടൊപ്പമുള്ള യാത്ര ലോത്തിനും ഗുണകരമായിതീർന്നു. അബ്രഹാമിന് ധാരാളം സമ്പത്ത് ഉണ്ടായി. ആ കൂട്ടത്തിൽ ലോത്തിന്റെയും സമ്പാദ്യം വർദ്ധിച്ചു. സമ്പത്ത് വർദ്ധിച്ചപ്പോൾ അബ്രഹാമിനെ പിരിയാൻ ലോത്ത് തയാറാകുന്നു. ലോത്ത് ദൈവത്തെക്കാളും ഈ അനുഗ്രഹത്തിന് നിദാനമായ അബ്രഹാമിനെക്കാളും സ്നേഹിച്ചത് സമ്പാദ്യത്തെയാണ്. (1 യോഹ. 2:15) "ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്" വിശ്വാസികൾ ലോകത്തെക്കാൾ ദൈവത്തെയാണ് സ്നേഹിക്കേണ്ടത്. "ലോക സ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു" എന്ന് വി. യാക്കോബ് 4: 4-ൽ പറയുന്നു. ആകയാൽ ലോത്തിന്റെ സ്നേഹിതന്മാരാകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവാകുന്നു. ദൈവത്തെക്കാളും രക്തബന്ധത്തെക്കാളും ലോത്ത് സമ്പാദ്യങ്ങളെ സ്നേഹിച്ചു. അത് പരാജയത്തിന് കാരണമായി.

### 3. ഇടയന്മാരെ നിയന്ത്രിക്കുവാൻ ശ്രമിച്ചില്ല.

സമ്പത്ത് വർദ്ധിച്ചപ്പോൾ ലോത്തിന്റെ ഇടയന്മാരും അബ്രഹാമിന്റെ ഇടയന്മാരും തമ്മിൽ തർക്കം ഉണ്ടായി. ജോലിക്കാരെ ശാസിച്ചു നിയന്ത്രിക്കുന്നതിനു പകരം രക്തബന്ധത്തെ ഉപേക്ഷിക്കുവാനാണ് ലോത്ത് ശ്രദ്ധിച്ചത്. കനാന്യരും പെരിസ്യരുമായ അന്യജാതിക്കാരുടെ ഇടയിൽ നല്ല സാക്ഷ്യം വഹിച്ചു ജീവിക്കുന്നതിനു പകരം അബ്രഹാമിനെ പിരിയാനുള്ള തീരുമാനം ലോത്തിന്റെ പരാജയത്തിന് മറ്റൊരു കാരണമായി. ഇന്നും നിസ്സാര കാര്യങ്ങളെ പ്രതി സഹോദരന്മാർ തമ്മിൽ ശണ്ഠ കൂടുന്നു. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്നും അണുകുടുംബത്തിലേക്കും ഇപ്പോൾ വ്യക്തി ജീവിതത്തിലേക്കും മാത്രമായി മനുഷ്യൻ ചുരുങ്ങിയപ്പോൾ ബന്ധങ്ങളുടെ വില നഷ്ടപ്പെട്ടു. ഇടയന്മാരെ ശാസിച്ചു നിർത്തുന്നതിനു പകരം അബ്രഹാമിനെ പിരിയാനുള്ള തീരുമാനം സമ്പത്തിനോടുള്ള അമിതമായ ആഗ്രഹത്തെയാണ് കാണിക്കുന്നത്.

### 4. തെരഞ്ഞെടുക്കാൻ അവസരം കാട്ടിയപ്പോൾ ആദ്യത്തെ അവസരം ലോത്ത് വിനിയോഗിച്ചു (ഉല്പ. 13:8-13)

ഇടയന്മാർ തമ്മിൽ തർക്കമായപ്പോൾ അബ്രഹാമും ലോത്തും തമ്മിൽ പിരിയാൻ തീരുമാനിച്ചു. അബ്രഹാം വളരെ വിനയപൂർവ്വം ആദ്യ അവസരം ലോത്തിന് നൽകി. "നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട്, നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട് പൊയ്കൊള്ളാം" ഇതായിരുന്നു അബ്രഹാമിന്റെ നിർദ്ദേശം. തന്നെ കൂട്ടിക്കൊണ്ടുവന്ന അബ്രഹാമിന് ആദ്യ അവസരം നൽകുന്നതിന് പകരം കിട്ടിയ അവസരം ലോത്ത് തക്കത്തിൽ വിനിയോഗിച്ചു. ലോത്ത് നോക്കി യോർദ്ദാനരികെയുള്ള പ്രദേശം ഒക്കെ

യും നീരോട്ടമുള്ളതെന്നു കണ്ടു. കിഴക്കോട്ട് യാത്രചെയ്തു സോദോം വരെ കൂടാരം നീക്കി നീക്കി അടിച്ചു. (ഉല്പ. 13:11). പരിശുദ്ധനായ പൗലോസ് ശ്ലീഹ ഓർമ്മിപ്പിക്കുന്നു. 'ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു. (ഗലാ. 5:17) ഒരു പിന്മാറ്റക്കാരൻ ഒടുവിൽ ചെന്നെത്തുന്നത് ഭയങ്കരമായ സാഹചര്യത്തിലാണ്. സോദോമിലെ ആളുകൾ ദൈവദൃഷ്ടിയിൽ മഹാപാപികൾ ആയിരുന്നു' (ഉല്പ. 13:13) അനുഗ്രഹീതനായ ഒരു ദൈവദാസനോടൊപ്പം യാത്രപുറപ്പെട്ട ലോത്ത് സമ്പത്ത് വർദ്ധിച്ചപ്പോൾ അതിൽ ആശ്രയം വക്കുകയും മഹാപാപികളും ദുഷ്ടന്മാരുമായ സോ ദോമിൽ ചെന്നടിയുകയും ചെയ്തു. മാന്യനായ ലോത്ത് അവരുടെ ഒരു ന്യായാധിപനായി മാറി. (ഉല്പ. 19:19). ദൈവമില്ലാത്ത ദുഷ്ടന്മാരോടൊപ്പമുള്ള ലോത്തിന്റെ ജീവിതം അവന്റെ കുടുംബ ജീവിതത്തെയും ബാധിച്ചു.

**5. ലോത്ത് കുടുംബജീവിതത്തിൽ ദൈവഭക്തി പാലിച്ചില്ല**

നീചന്മാരും ദുഷ്ടരുമായ സോദോം നിവാസികളുടെ ഇടയിൽ ജീവിച്ചതുകൊണ്ട് സ്വന്തം കുടുംബ ജീവിതത്തിൽ ദൈവഭക്തിയിൽ ജീവിക്കുവാനോ മക്കളെ ധാർമ്മികതയിൽ വളർത്തുവാനോ ലോത്തിന് സാധിച്ചില്ല. ലോത്തിന്റെ ഭാര്യ ധനത്തിനും ആഡംബരത്തിനും മുൻഗണന നൽകി ജീവിച്ച ലോകക്കാരിയായ സ്ത്രീയായിരുന്നു. സോദോം പട്ടണത്തെ നശിപ്പിക്കാൻ ദൈവം തീരുമാനിച്ചപ്പോൾ അബ്രഹാമിന്റെ അപേക്ഷ പ്രകാരം ലോത്തിനെ രക്ഷിക്കുവാൻ സോദോം വിട്ടു ഓടിപോകുവാനും തിരിഞ്ഞു നോക്കരുതെന്നും ദൈവം കല്പിച്ചു. ലോകമോഹങ്ങൾക്ക് വശംവദയായ ലോത്തിന്റെ ഭാര്യ തിരിഞ്ഞു നോക്കി ഉപ്പുതൂണായി ഭവിച്ചു. ലോത്തിന്റെ രണ്ട് പെൺമക്കൾക്കും ദുഷ്ടന്മാരും മ്ലേച്ഛജീവിതം നയിച്ചിരുന്നവരുമായ സോദോമ്യരിൽ നിന്നും ഭർത്താക്കന്മാരെ തിരഞ്ഞെടുക്കുവാൻ ലോത്ത് തീരുമാനിച്ചു. (ഉല്പ. 19:14) അതേ സമയം അബ്രഹാമാകട്ടെ മകനായ ഇസഹാക്കിന് തന്റെ സ്വന്തക്കാരിൽ നിന്നുമാണ് കന്യകയെ തെരഞ്ഞെടുക്കുന്നത്. വിശ്വാസികളുടെ ജീവിതത്തിലെ ജീവിത പങ്കാളിയുടെ തെരഞ്ഞെടുപ്പ് വിശ്വാസ ജീവിതത്തിൽ നിലനിൽക്കുന്നവരിൽ നിന്നുമാകണം.

മലിനമായ പശ്ചാത്തലത്തിൽ വളർന്ന ലോത്തിന്റെ പെൺമക്കൾ രണ്ടുപേരും അതിഹീനമായ ലൈംഗിക ബന്ധത്തിൽ ഏർപ്പെടാൻ കാരണമായി. സ്വന്തം പിതാവിനെ വീഞ്ഞുകൊടുത്തു മയക്കി അദ്ദേഹത്തിൽ നിന്നും മക്കളെ ഉല്പാദിപ്പിച്ചു. (ഉല്പ. 19:36-39) ഈ മ്ലേച്ഛതമൂലം പിൽക്കാലത്ത് യിസ്രായേലിന്റെ ശത്രുക്കളായ മോവ്യബർ, അമോന്യർ എന്നീ രണ്ടു ജാതികൾ ഉളവാകുന്നതിന് കാരണവുമായി. അവർ ദൈവസന്നിധിയിൽ ശപിക്കപ്പെട്ടവർ ആയിരുന്നു. (ആവ. 23:3).

**6. ലോത്ത് സ്വന്തം രക്ഷാസ്ഥാനം തെരഞ്ഞെടുത്തു**

ദൈവം സോദോമിനെ നശിപ്പിക്കുന്നതിനു മുമ്പ് പർവ്വതത്തിലേക്ക് ഓടി രക്ഷപെടുവാൻ ലോത്തിനോട് കല്പിച്ചു. പക്ഷേ പർവ്വതത്തിലേക്ക് ഓടാൻ മടികാണിച്ച ലോത്ത് സമീപദേശമായ സോവാറിലേക്ക് പോവുകയും താമസിക്കുകയും ചെയ്തു. ഇതുമൂലമാണ് പെൺമക്കളുമായി ലൈംഗിക ബന്ധം ഉണ്ടായത്. ദൈവം കല്പിക്കുന്നിടത്തേക്ക് നാം സഞ്ചരിക്കണം പ്രതിസന്ധികളും പ്രയാസങ്ങളും ഒക്കെ മുമ്പിലുണ്ടാകും. ചെങ്കടലിനെ പോലും വിഭാഗിച്ച ദൈവം ഏതു പ്രതിസന്ധിയും മാറ്റി തരുവാൻ ശക്തരാണെന്ന് നാം വിശ്വസിക്കണം. ദൈവത്തിന്റെ വഴി നാം തെരഞ്ഞെടുക്കുക. നാം സ്വന്തമായി തെരഞ്ഞെടുക്കുന്ന വഴികൾ നമ്മെ നാശത്തിലേക്ക് നയിക്കും. മനുഷ്യന്റെ രക്ഷാസ്ഥാനം ദൈവം കല്പിക്കുന്നിടത്തായിരിക്കണം. ദൈവ കല്പനയെ ചോ ദ്യം ചെയ്യാതെ അനുസരിക്കുന്നവർക്ക് നന്മയുണ്ടാകും.

ലോത്തിന്റെ ഭാര്യയെ ഓർത്തുകൊള്ളണമെന്ന് നമ്മുടെ കർത്താവ് മുന്നറിയിപ്പ് നൽകുന്നത് നാം വിസ്മരിക്കരുത്. (ലൂക്കോ. 17:32) ഒരു വിശ്വാസി ലോകത്തെ സ്നേഹിച്ചു പിന്മാറിയാൽ അവന്റെ അധഃപതനം എത്ര ഭയങ്കരമായിരിക്കുമെന്ന് ലോത്തിന്റെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു.


For Favours Received



*Saramma John Valanjavattom*



ഒന്നാം ചരമവാർഷികം 20-08-2024

**REV. FR. K. I. GEEVARGHESE**



ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം-നാഥാ സ്തോത്രം

*Inserted By:*
**Annamma Varghese**
**Kaduthanathu (H),**
**Anicadu P.O., Mallappally West**

*മക്കൾ:*
Asha - Thampy
Usha - Kochumon
Shibu - Jisha

*കൊച്ചുമക്കൾ:*
Merlin, Erlin, Mebin, Philen,
Sneha, Shino, Anagha, Alen



# ഹൃദയാഘാതത്തിനപ്പുറം




**ഡോ. രാംദാസ് നായിക് എച്ച്.**

(സീനിയർ കൺസൾട്ടന്റ് & ഹെഡ് ഓഫ് കാർഡിയാക് സയൻസസ്, ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റ് & ഇലക്ട്രോഫിസിയോളജിസ്റ്റ്, മാർ സ്ലീവാ മെഡിസിറ്റി പാലാ)


ആരോഗ്യ സംരക്ഷണത്തിലെ അശ്രദ്ധയും ജീവിതശൈലിയിലെ മാറ്റങ്ങളും മൂലം ഹൃദ്രോഗങ്ങൾ വർധിക്കുകയാണ്. ഹൃദയാഘാതവും ഹൃദയസ്തംഭനവും ചെറുപ്പക്കാരിൽ ഉൾപ്പെടെ കണ്ടുവരുന്നു. ഹൃദയാഘാതം വന്ന് ഹൃദയത്തിന്റെ പമ്പിംഗ് കുറയുമ്പോഴാണ് ഹൃദയസ്തംഭനം ഉണ്ടാകുന്നത്. ഹൃദയമിടിപ്പ് സാധാരണ 60-90 ആണ്. ഇത് 200ന് മുകളിൽ ആകുമ്പോൾ ഹൃദയസ്തംഭനം ഉണ്ടാ കുന്നു.

## ഹൃദയാഘാതം വന്നാൽ

രോഗം ഉണ്ടായവരെ ഉടൻ ആശുപത്രിയിൽ എത്തിച്ച് പ്രൈമറി ആൻജിയോപ്ലാസ്റ്റി ചെയ്യണം. ഹൃദയത്തിന്റെ മസിലുകൾ കേടാകാതെ നോക്കുക എന്നതാണ് പ്രധാനം. ഹൃദയധമനികൾ നൂറ് ശതമാനം അടയുമ്പോഴാണ് ഹൃദയാഘാതം സംഭവിക്കുക. ഹൃദയത്തിലെ മസിൽ കേടാകാതെ പൂർണ്ണമായി ഭേദമാക്കാൻ പറ്റുന്ന ചികിത്സയാണ് പ്രൈമറി ആൻജിയോപ്ലാസ്റ്റി. നെഞ്ചുവേദന വരുമ്പോൾ ഗ്യാസ് കയറിയതാണെന്ന് കരുതി പലരും ഗ്യാസിന്റെ മരുന്ന് കഴിക്കും. വേദന മാറാതെ വരുമ്പോൾ ചികിത്സ തേടും. 6-10 മണിക്കൂർ വരെ സമയം ഇതോടെ പിന്നിടും. ഈ സമയത്തിനുള്ളിൽ ഹൃദയത്തിന്റെ മസിൽ ഗുരുതരാവസ്ഥയിലാകും. പമ്പിംഗ് കുറഞ്ഞ് മസിൽ വീണ്ടും പൂർവ്വസ്ഥിതിയിൽ ആകാനുള്ള സാധ്യത ഇതോടെ കുറയും.

## ഹൃദയത്തിന്റെ പമ്പിംഗ്

ഹൃദയാഘാതം വന്ന് മസിൽ തകരാറിലാകാതെ രക്ഷപെട്ടവർക്ക് 6 ആഴ്ച്ച കഴിയുമ്പോൾ സാധാരണ നിലയിലാകാം. പക്ഷേ ഹൃദയത്തിന്റെ മസിൽ തകരാറിലായാൽ കാലതാമസം വരും. ഹൃദയത്തിന്റെ നോർമൽ പമ്പിംഗ് മിനിമം 50 ശതമാനം വേണം. പമ്പിംഗ് 35 - 50 ശതമാന ത്തിന് ഇടയിലാണെങ്കിൽ മസിലിന്റെ പ്രശ്നം പരിഹരിക്കുന്നതിന് മരുന്നുകൾ കൊണ്ട് സാധിക്കും. പമ്പിംഗ് 35ന് താഴെ ആണെങ്കിൽ വളരെ സൂക്ഷിക്കണം. ഇക്കൂട്ടത്തിലുള്ള 50 ശതമാനം ആളുകൾക്ക് ഹൃദയത്തിന്റെ മസിൽ വീണ്ടും തകരാറാകാൻ സാധ്യതയുണ്ട്. ബാക്കി 50 ശതമാനം ആളുകൾക്ക് കഠിനമായ ജോലികൾ ഒഴിവാക്കി സാധാരണ നിലയിലേക്ക് എത്താം.

## പമ്പിംഗ് കുറവുള്ളവർ ശ്രദ്ധിക്കണം

35 ശതമാനത്തിനു താഴെ പമ്പിംഗ് ഉള്ളവർ ഹാർട്ട് ഫെയ് ലിയർ, ഹൃദയസ്തംഭനം എന്നിവയുടെ കാര്യത്തിൽ ശ്രദ്ധിക്കണം. ഹാർട്ട് ഫെയ് ലിയർ മരുന്നുകളിലൂടെ പൂർവ്വസ്ഥിതിയിലാക്കാം. ഹൃദയ സ്തംഭനത്തെ അതിജീവിക്കാൻ പല രീതിയിൽ ചികിത്സയുണ്ട്. മരുന്നുകൾക്ക് പുറമേ ഹോൾട്ടർ മോണിറ്ററിംഗ്, അഡ്വാൻസ്ഡ് എക്കോകാർഡിയോഗ്രാഫി പരിശോധനകൾ നടത്തിയാൽ ഇവരിൽ ഹൃദയസ്തംഭനത്തിനു സാധ്യത ഉണ്ടോ എന്ന് അറിയാം. ഇപി സ്റ്റഡി എന്ന പരിശോധനയും രോഗിയിൽ നടത്തും. ഹൃദയസ്തംഭനത്തിന് സാധ്യതയുള്ള ഇടിപ്പുകൾ ഉണ്ടെന്ന് മനസിലാക്കിയാൽ രോഗിയിൽ ഓട്ടോമാറ്റിക് ഇംപ്ലാന്റബിൾ കാർഡിയോവെർട്ടർ ഡിഫിബ്രിലേറ്റർ (എഐസിഡി) എന്ന യന്ത്രം പിടിപ്പിച്ച് ഹൃദയസ്തംഭനം തടയുവാൻ കഴിയും.

## എഐസിഡി

ഹൃദയസ്തംഭനം വന്നാൽ ഡിഫിബ്രിലേഷൻ ഷോക്ക് കൊടുക്കുന്നത് അത്യാവശ്യമാണ്. ഇതിനായി യന്ത്രം ശരീരത്തിൽ വെയ്ക്കുന്നതാണ് എഐസിഡി എന്നു പറയുന്നത്. എഐസിഡി ഹാർട്ട് ബീറ്റ് കുറയുമ്പോൾ പൾസ് കൊടുക്കാനും ഹൃദയസ്തംഭനം വരുമ്പോൾ അത് മനസിലാക്കി റിക്കോർഡ് ചെയ്ത് വേണ്ട ചികിത്സ (ഷോക്ക്) നൽകാനും പറ്റുന്ന യന്ത്രമാണ്. സാധാരണ വെളിയിൽ നിന്ന് കൊടുക്കുന്ന ഷോക്ക് 200 ജൂൾസാണ്. അതേ സമയം ഉള്ളിലേക്ക് എഐസിഡി യിലൂടെ കൊടുക്കുന്നത് 15 മുതൽ 35 വരെയുള്ള ജൂൾസിലാണ്. ചെറിയ ഒരു ഞെട്ടൽ പോലെ രോഗിക്ക് മനസിലാകുകയും ജീവൻ രക്ഷപെടുകയും ചെയ്യും. കാർഡിയാക് അറസ്റ്റ് വന്നിട്ടുണ്ടെങ്കിൽ ഈ യന്ത്രം ഉടൻ തന്നെ അലർട്ടായി ഡിഫിബ്രി ലേഷൻ ചെയ്യും. പമ്പിംഗ് 35% ൽ താഴെയുള്ളവരിൽ ഹൃദയസ്തംഭനത്തിന് സാധ്യത സാധാരണ ആളുകളിൽ നിന്ന് 5 മടങ്ങ് കൂടുതലാണ്. ശരാശരി 35% കുറവുള്ള ആളുകളിൽ 5 വർഷത്തിനിടയിൽ 50% പേർക്ക് മരണം വരെ സംഭവിക്കാൻ സാധ്യതയുണ്ട്.

## ജീവിത ശൈലി മാറ്റണം

ഹൃദയാഘാതം വന്ന ശേഷം, ഡയറ്റും വ്യായാമവും ചേർന്ന ചിട്ടയായ ജീവിതരീതി വേണം. ഹൃദയത്തിന്റെ പമ്പിംഗ് നോർമൽ ആണെങ്കിൽ ദിനവും 45 മിനിറ്റ് നടക്കണം. 4-5 കിമീ വരെ നടക്കാം. ലഘു വ്യായാമവും ചെയ്യണം. ഡയബറ്റിസ് ഉള്ളവർ മധുരം ഒഴിവാക്കണം. അരി ആഹാരം ഒരു നേരം ആകാം. രാത്രിയിൽ റാഗി, മില്ലറ്റ്, ഓട്സ്, ഗോതമ്പ്, റവ ഉൾപ്പെട്ട ഭക്ഷണമാകാം. ഓയിലി ഫുഡ്, റെഡ് മീറ്റ്, തേങ്ങ ഉപയോഗിച്ചുള്ള കറികൾ എല്ലാ ദിവസവും കഴിക്കാതിരിക്കുക. എച്ച്ബിഎസി 3 മാസം കൂടുമ്പോൾ പരിശോധിക്കണം. ഇത് 6 നും 7നും ഇടയിൽ നിർത്തണം. രക്തസമ്മർദ്ദം 120/80ൽ നിയന്ത്രിക്കണം. എൽഡിഎൽ ലവൽ (ചീത്തകൊളസ്ട്രോൾ) 70ൽ താഴെ നിർത്തണം. കൊളസ്ട്രോൾ, പ്രഷർ കുറയ്ക്കുന്ന മരുന്നുകൾ എന്നിവ കൃത്യമായി കഴിക്കുക. ഹൃദയാഘാതം വലിയ സംഭവമല്ല. ഏറ്റവും പ്രധാനം കൃത്യസമയത്ത് ഡോക്ടറുടെ അടുത്ത് എത്തി ഹൃദയത്തിന്റെ മസിൽ തകരാറാകാതെ ശ്രദ്ധിക്കുക എന്നതാണ്. ജീവിത ശൈലിയിലെ മാറ്റങ്ങൾ കൊണ്ടും മരുന്ന് കൊണ്ടും ഹൃദയാഘാതം വന്നശേഷവും ആരോഗ്യകരമായ ജീവിതം നയിക്കാൻ സാധിക്കും.

# ബൈബിളിലെ ശതാധിപന്മാർ



സുഭാഷ് മാത്യു പുത്തൻപുരയിൽ

എന്റെ ആത്മീയ പിതാവും ഗുരുവുമായിരുന്ന സഖറിയ മാർ അന്തോണിയോസ് അന്തോണിയോസ് തിരുമേനി കാലം ചെയ്യുന്നതിന് മുമ്പ് ആവശ്യപ്പെട്ട പ്രകാരം എഴുതിയ ഈ വിവരങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുകയാണിവിടെ. ഇങ്ങനെയൊരു വിഷയം ഒന്ന് പഠിക്കരുതോ എന്ന തിരുമേനിയുടെ ചോദ്യത്തിന് 'ശ്രമിക്കാം തിരുമേനീ' എന്ന് പറഞ്ഞു പോന്ന ഞാൻ ഈ പഠനം ഏതാണ്ട് 80 ശതമാനത്തോളം തിരുമേനിയെ കാണിച്ചു അപ്പോൾ പഴയ നിയമത്തിലെ റെഫറൻസ് കൂടി ഉൾപ്പെടുത്തണം എന്നുപദേശിച്ചു, പക്ഷെ അതുൾപ്പെടുത്തി വീണ്ടും കാണിക്കുവാൻ അവസരം കിട്ടുംമുമ്പേ തിരുമേനി യാത്രപറഞ്ഞു. ഗുരുസ്മരണയ്ക്ക് മുന്നിൽ ഇത് സമർപ്പിക്കുന്നു.

പഴയ നിയമത്തിലേക്കു നോക്കിയാൽ മോശ ഇസ്രായേൽ ജനത്തെ വഴി നടത്തി കനാനിലേക്കു കൊണ്ട് വരുമ്പോൾ തൻറെ ജനത്തിന് വേണ്ടി കഠിനാദ്ധ്വാനം നടത്തി. ഈ സമയത്താണ് മിദ്യാനിൽ നിന്ന് മോശയുടെ കുടുംബത്തെയും കൂട്ടിക്കൊണ്ട് അമ്മായിയപ്പനായ യിത്രോ മോശയുടെ അടുക്കലേക്കു വരുന്നത്. യിത്രോ കർത്താവിനു ബലികളർപ്പിച്ചുകൊണ്ട് അവരിലൊരാളായി മാറി. അദ്ദേഹം മോശയുടെ കഠിനാദ്ധ്വാനം കണ്ടു, യിത്രോ മോശയോട് പറയുന്ന ആലോചനപ്രകാരമാണ് (പുറപ്പാട് 18:21) ഇസ്രായേൽ മക്കളുടെ ഇടയിൽ നിന്ന് ദൈവഭയവും നീതി ബോധമുള്ളവരുമായ ആളുകളെ തെരഞ്ഞെടുത്ത് ശതാധിപന്മാരായും സഹസ്രാധിപന്മാരായുമൊക്കെ നിയമിക്കുന്നത്. യിത്രോ നിർദ്ദേശിച്ച തീരുമാനം യഹോവയ്ക്കും പ്രസാദകരമായിരുന്നു എന്ന് മനസ്സിലാക്കാം. ഇവിടെ മുതലാണ് ഇസ്രായേലിൽ ശതാധിപന്മാരെ നാം കാണുന്നത്. ഈ സിസ്റ്റം വളരെ സംഘടിതരായിരുന്ന റോമാ സൈന്യത്തിന്റെ ഘടന നോക്കിയാലും കാണാം.

ശതാധിപൻ ഇന്നത്തെ രീതിയിൽ പറഞ്ഞാൽ 100 പേരടങ്ങുന്ന ഒരു കമ്പനി പട്ടാളത്തിൻറെ സാർജൻറ് മേജർ എന്ന് പറയാം. പുതിയ നിയമത്തിൽ ആദ്യമായി ഒരു പരാമർശം വരുന്നത് വി. മത്തായിയുടെ സുവിശേഷം 8:5 ലാണ്. ഈ ഭാഗത്ത് ശതാധിപൻ എന്നല്ലാതെ പേര് പറയുന്നില്ല. എന്നാൽ പിന്നീടുള്ള 'ഇസ്രായേലിൽ കൂടി ഇങ്ങനെയുള്ള വിശ്വാസം കണ്ടിട്ടില്ല' എന്ന പരാമർശത്തിൽ നിന്ന് അദ്ദേഹം ഒരു യഹൂദനല്ലായിരുന്നു എന്ന് മനസ്സിലാക്കാം. പുറജാതിക്കാരായ ഇവർ സിനഗോഗുകളിൽ ആരാധനയ്ക്ക് വന്നിരുന്നു എങ്കിൽ പോലും യഹൂദർക്ക് ഇവരോട് പുച്ഛവും അവജ്ഞയുമാണുണ്ടായിരുന്നത്. കപ്പർന്നഹൂമിൽ യേശുവിന്റെ അടുത്ത് വരുന്ന ശതാധിപൻ തന്റെ ജോലിക്കാരന്റെ സൗഖ്യം തേടിയാണ് വരുന്നത്. യേശു അന്ന് ഭൂരിപക്ഷം യഹൂദന്മാരാൽ അംഗീകരിക്കപ്പെടാത്ത ഒരാളാണ്(ഇന്നും അങ്ങനെ തന്നെയാണ്) ആ യേശുവിനെ ദൈവപുത്രൻ എന്ന് തിരിച്ചറിഞ്ഞ വളരെ ചുരുക്കം പേരിൽ ഒരുവനായിരുന്നു ഈ ശതാധിപൻ. ഞാനും അധികാരമുള്ള മനുഷ്യനാണ്(മത്തായി 8: 9) എന്ന് പറയുമ്പോൾ അദ്ദേഹം യേശുവും അധികാരമുള്ളവനാണ് എന്ന വിശ്വാസമാണ് പ്രതിഫലിപ്പിക്കുന്നത് അയാളുടെ അധികാരം ഭൗതികമാണെങ്കിൽ യേശുവിന്റെ അധികാരം സ്വർഗ്ഗീയാധികാരം എന്ന മഹത്തായ തിരിച്ചറിവ്. ഈ അധികാരം തനിക്കുണ്ടെന്ന് യേശു തന്റെ പിന്നീടുള്ള വചനങ്ങളാൽ അരക്കിട്ടുറപ്പിക്കുന്നുമുണ്ട്. മത്തായി 7:29 ൽ എന്തെന്നാൽ താൻ പഠിപ്പിച്ചത് അവരുടെ സോപ്രെന്മാരെയും പരീശരെപ്പോലെയുമല്ലായിരുന്നു അധികാരമുള്ളവൻ എന്ന വിധത്തിലായിരുന്നു. മത്തായി 9:6 ഭൂമിയിൽ പാപം മോചിക്കാനുള്ള അധികാരം മനുഷ്യപുത്രനുണ്ട് എന്ന് നിങ്ങൾ അറിയുവാൻ -താൻ ആ തളർവാതക്കാരനോട് നീ എഴുന്നേറ്റ് നിന്റെ കിടക്ക എടുത്തുകൊണ്ടു നിന്റെ ഭവനത്തിലേക്കു പൊയ്ക്കൊള്ളുക എന്ന് പറഞ്ഞു. മത്തായി 11:27 എന്റെ പിതാവിനാൽ സർവവും എനിക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നു. പിതാവല്ലാതെ പുത്രനെ ആരും അറിയുന്നില്ല, പുത്രനും പുത്രൻ ആർക്കാണോ വെളിപ്പെടുത്തുവാൻ ഇഷ്ടപ്പെടുന്നത്, അവനുമല്ലാതെ ആരും പിതാവിനെയും അറിയുന്നില്ല. മത്തായി 26:64 യേശു അവനോട് 'നീ തന്നെ പറഞ്ഞുവല്ലോ ഇനിമേൽ മനുഷ്യപുത്രൻ ശക്തിയുടെ വലതു ഭാഗത്ത് ഇരിക്കുന്നതും വാന മേഘങ്ങളിൽ അവൻ വരുന്നതും നിങ്ങൾ കാണും എന്ന് സത്യമായി ഞാൻ പറയുന്നു' എന്ന് പറഞ്ഞു. മത്തായി 28:18 യേശു അടുത്ത് ചെന്ന് അവരോട് ഇപ്രകാരം പറഞ്ഞു ' സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും നൽകപ്പെട്ടിരിക്കുന്നു. എന്റെ പിതാവ് എന്നെ അയച്ചിരിക്കുന്നത് എങ്ങനെയോ അങ്ങനെ ഞാൻ നിങ്ങളെയും അയക്കുന്നു.

ഈ സത്യമാണ് ആ ഒരു സമൂഹം അവജ്ഞയോടെ കാണുന്ന വിഭാഗത്തിലൊരാൾ തിരിച്ചറിയുന്നത്. യേശുവിനെ താൻ വിളിച്ചു കൂടെ കൊണ്ടുനടക്കുന്ന ശിഷ്യർ പോലും തിരിച്ചറിയുന്നത് ക്രൂശീകരണം ഉയിർപ്പ് എന്നിവയ്ക്കൊക്കെ ശേഷം പെന്തികൊസ്തി നാളിലാണ്. യേശുവിനു മുന്നിൽ താൻ ഒന്നുമല്ല എന്ന തിരിച്ചറിവും അദ്ദേഹത്തിനുണ്ട്. ഒരു ഓഫീസർ എന്ന നിലയിൽ എല്ലാവരും പോകുന്നതുപോലെ യേശുവിനെ പോയി കേൾക്കാനോ കേൾക്കാനോ  അവസരം കുറവ് മാത്രമേയുള്ളു എങ്കിലും ദൈവത്തെ ഭയന്ന് ജീവിച്ചവനാണ് ഈ ശതാധിപൻ.

വീണ്ടും ഒരു ശതാധിപൻ പ്രത്യക്ഷപ്പെടുന്നത് യേശുവിനെ അറസ്റ്റ് ചെയ്യുന്നിടത്താണ്, ഈ ശതാധിപന് യേശുവിനെ അറസ്റ്റ് ചെയ്യുന്ന സമയം മുതൽ കുരിശിൽ മരിക്കുന്നതു വരെ വളരെ അടുത്ത് നിന്ന് യേശുവിനെ നിരീക്ഷിക്കുവാൻ അവസരം ലഭിക്കുന്നു. അതവന്റെ ഡ്യൂട്ടിയുടെ ഭാഗമാണ്. അറസ്റ്റ് കഴിഞ്ഞപ്പോൾ മുതൽ അവന്റെ കീഴിലുള്ള പടയാളികൾ അവനെ പരിഹസിക്കുന്നതും അടിക്കുന്നതുമെല്ലാം അവൻ കാണുന്നുണ്ട്. ഒരു താഴ്ന്ന നിലയിലുള്ള പട്ടാളക്കാരൻ കാണുന്നതു പോലെയല്ല കാര്യങ്ങൾ മനസ്സിലാക്കിത്തന്നെയാണ് അയാളുടെ നീക്കങ്ങൾ. കോടതികളിൽ ഹാജരാക്കുന്നു കള്ളസാക്ഷികൾ എഴുന്നേൽക്കുന്നു ചോദ്യവും ഭേദ്യവും ചെയ്യുന്നു ഇതിനോടെല്ലാം യേശുവിന്റെ പ്രതികരണവും അവൻ കാണുന്നുണ്ട്. അവസാനം ക്രൂശിൽ മരിക്കുന്ന സമയം വരെ ഈ ശതാധിപന്റെ സാന്നിധ്യമുണ്ട്. ക്രൂശിൽ തറയ്ക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുന്നു, കൂടെ കുരിശിച്ച കള്ളനോടുള്ള പ്രതികരണം അവസാനം എല്ലാം നിവൃത്തിയായി എന്ന് പറഞ്ഞുകൊണ്ടു തന്റെ പ്രാണനെ പിതാവിന്റെ കൈകളിൽ ഏല്പിക്കുന്നു. എല്ലാം വളരെ ശാന്തമായാണ് നേരിടുന്നത്. ഇയ്യാൾ പല കുരിശിൽ തറയ്ക്കലുകളും കണ്ടിട്ടുണ്ട്. കുരിശുമരണം വിധിക്കപ്പെട്ട പലരും നിരാശയുടെ പടുകുഴിയിൽ നിന്ന് ഇനിയൊരു രക്ഷയില്ല എന്ന അറിവിൽ ഭയമെല്ലാം നഷ്ടപ്പെട്ട് കുരിശിച്ച പടയാളികളെയും ഓഫീസർമാരെയും കോടതിയെയുമെല്ലാം അസഭ്യവും ശാപ വാക്കുകളും കൊണ്ട് അഭിഷേകം ചെയ്യാറുണ്ട്. എന്നാലിവിടെ കാര്യങ്ങൾ തിരിച്ചാണ്. അവന്റെ ദാഹവും കഷ്ടതകളുമെല്ലാം കാണുമ്പോൾ അതിലെങ്ങുമൊരു ദേഷ്യമോ വെറുപ്പോ ഒന്നും കാണാനില്ല. അവസാനം മരണ സമയത്തു സൂര്യൻ ഇരുളുന്നതും ഭൂമി കുലുങ്ങുന്നതുമെല്ലാം കണ്ട അയാൾ ഒരു ഉറച്ച വിശ്വാസത്തിലെത്തുന്നു, ഈ മനുഷ്യൻ സത്യമായും ദൈവപുത്രനായിരുന്നു. ഈ ശതാധിപനും ശരിയായ വശത്തെ കള്ളനും യേശുവിനെക്കാണുന്നത് യാതൊന്നിനും കഴിവില്ലാതെ, നിസ്സഹായമായ അവസ്ഥയിലാണ്. ഈ ശതാധിപന്റെ പേര് ലോംഗിനസ് എന്നായിരുന്നു എന്ന് ചരിത്രകാരന്മാർ പറയുന്നു. ഒരു ഓഫീസർ എന്ന നിലയിൽ ആദ്യം മുതൽ ക്രിസ്തുവിനെ വിസ്തരിക്കുന്നതും അവനെതിരെ പുരോഹിതർ കള്ളസാക്ഷി പറയുന്നതും ശിക്ഷ വിധിക്കുന്നതും ഇതിനോടെല്ലാം ക്രിസ്തു പ്രതികരിക്കുന്നതുമെല്ലാം അടുത്ത് നിന്ന് കണ്ടവനായ ശതാധിപൻ, ക്രിസ്തുവിനെ സാക്ഷിക്കുന്നു അവൻ സത്യമായും ദൈവപുത്രനായിരുന്നു എന്ന്. അധികാര വർഗ്ഗത്തിൻറെയോ വളരെ പവർഫുൾ ആയ പുരോഹിതരുടെയോ അവരുടെ ഒറ്റുകാരായ ആളുകളുടെയോ ഒന്നും സാമീപ്യം പരിഗണിക്കാതെയാണ് ഈ ഏറ്റുപറച്ചിൽ. ഇന്നത്തെ രീതിയിൽ പറഞ്ഞാൽ വ്യക്തമായ കോർട്ടലക്ഷ്യം. കൊല്ലാൻ വിധിക്കപ്പെട്ടവനിൽ ആരോപിക്കപ്പെട്ട പ്രധാന കുറ്റങ്ങളിൽ ഒന്ന് താൻ ദൈവപുത്രൻ എന്ന് പറഞ്ഞു എന്നതായിരുന്നു. അതെ കാര്യമാണ് ശതാധിപൻ ഇവിടെ ഏറ്റുപറയുന്നത്. ഒരുപക്ഷെ അവന്റെ ജോലിയെപ്പോലും ബാധിക്കാവുന്ന ഒരു പ്രസ്താവനയാണ്, കോടതി വിധി തെറ്റായിരുന്നു എന്ന കുറ്റപ്പെടുത്തൽ, അതും ഒരു റോമാ ഗവ.ജീവനക്കാരൻ, ഈ ശതാധിപനെ തന്നെയായിരിക്കാം അരിമത്യാക്കാരൻ ജോസെഫ് യേശുവിന്റെ ശരീരം അടക്കുവാനായി പീലാത്തോസിനോട് ചോദിക്കുന്ന സമയത്ത് പീലാത്തോസ് വിളിച്ചു ചോദിച്ച് മരണം ഉറപ്പുവരുത്തുന്നത്, മത്തായി, മർക്കോസ്, ലൂക്കോസ് എന്നീ മൂന്നു പേരുടെയും സുവിശേഷങ്ങളിൽ ശതാധിപൻ ‘ഇവൻ സത്യമായും ദൈവപുത്രൻ’ എന്നു സാക്ഷിച്ചു പറഞ്ഞതായി വിവരിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ മരണശേഷം ആദ്യമായി ക്രിസ്തുവിനെ ദൈവം എന്ന് സാക്ഷിക്കുന്നതും ഈ ശതാധിപനായിരുന്നു എന്ന് മനസ്സിലാക്കാം. ശതാധിപൻ ശരിയായ വശത്തെ കള്ളൻ എന്നിവർ വിശ്വാസം കാട്ടുന്നത് ഒരു മനുഷ്യൻ എന്ന നിലയിൽ നിസ്സഹായനായ യേശുവിലാണ്. അവിടെയാണ് ഇവരുടെയൊക്കെ വിശ്വാസത്തിന്റെ ആഴം മനസ്സിലാകുന്നത്. ലോംഗിനസ് എന്ന ഈ ശതാധിപൻ പിന്നീട് വിശ്വിസിച്ചു ആദിമ സഭയിലെ ഒരു ബിഷപ്പായി രക്തസാക്ഷി മരണം പ്രാപിച്ചതായി കാണുന്നു. എന്നാൽ പിന്നീട് പല കഥകളും ഇദ്ദേഹത്തെ സംബന്ധിച്ച് പ്രചരിക്കുന്നുണ്ട്. ഇവയെയൊന്നും പരിഗണിക്കപ്പെടേണ്ടവയാണെന്നു തോന്നുന്നില്ല. ബൈബിളിൽ നിന്ന് മനസ്സിലാകുന്നത് ആ കുരിശിൻ ചുവട്ടിൽ വച്ച് തന്നെ ലോംഗിനസ് വിശ്വാസിയായി മാറി യിരുന്നു എന്നാണ്.

### അടുത്തതായി കാണുന്നത് കൊർണേലിയസ് എന്ന ശതാധിപനെയാണ്.

കൊർണേലിയൂസിനെപ്പറ്റി വേദപുസ്തകം പറയുന്നത് എപ്പോഴും പ്രാർത്ഥിക്കുന്നവനും ദൈവ സ്നേഹത്താൽ ദാനധർമ്മങ്ങൾ ചെയ്യുന്നവനും എന്നാണ്. അപ്പോസ്തോല പ്രവൃത്തികൾ പത്താം അധ്യായം കൊർണേലിയസിനെക്കുറിച്ചാണ്. തനിക്കൊരു ദർശനം കിട്ടി ശീമോനെ വിളിക്കാൻ ആളയച്ച അദ്ദേഹം തനിക്കറിയാവുന്ന കൂട്ടുകാരെയും ബന്ധുക്കളെയുമെല്ലാം കൂട്ടി കർത്താവയക്കുന്ന ശിഷ്യനിൽ നിന്ന് വചനം ലഭിക്കുന്നതിനായും തനിക്കു കിട്ടിയ ഭാഗ്യം മറ്റുള്ളവർക്കു കൂടി ലഭിക്കട്ടെ എന്ന ചിന്തയോടുമാണ് എല്ലാവരെയും കൂട്ടിവരുത്തിയത് എന്ന് മനസ്സിലാക്കാം. ഇദ്ദേഹത്തെ പുനരുത്ഥാനശേഷം കർത്താവിലേക്കു തിരിഞ്ഞ ആദ്യ പുറജാതിക്കാരൻ എന്ന നിലയിലാണ് കാണുന്നത്. ഇവിടെ യഹൂദരുടെ പുറജാതിക്കാരോടുള്ള നിലപാട് വ്യക്തമായിക്കാണാം. പുറജാതിക്കാരൻ എന്ന ചിന്ത വേണ്ട ഞാൻ സകല മനുഷ്യർക്കും വേണ്ടിയാണ് വന്നതെന്നും എന്നിലൂടെയുള്ള രക്ഷ യഹൂദർക്ക് മാത്രമല്ല എന്നും കർത്താവ് ശുദ്ധിയുള്ളതും ശുദ്ധിയില്ലാത്തതുമായ ജീവജാലങ്ങളെയല്ലാം ഒറ്റ തുപ്പട്ടിയിലാക്കി എല്ലാം ഭക്ഷിക്കുക എന്ന് പറയുന്നതിലൂടെ പറഞ്ഞുകൊടുക്കുന്നു. അപ്പോഴും അപ്പോസ്തോലരിൽ ചിലരിലെങ്കിലും നിലനിന്നിരുന്ന

വർഗ്ഗ വർണ്ണ വ്യത്യാസ ചിന്തകളെ ഇങ്ങനെ തുടച്ചു നീക്കുന്നു.

പിന്നീട് കാണുന്നത് ജൂലിയസ്(യൂലിയോസ്) എന്ന ശതാധിപനെയാണ്. പൗലൂസ് കൈസറിനെ അഭയം ചൊല്ലിയ സമയത്ത് ഇറ്റലിയിൽ കൈസറിനടുത്തേക്ക് കൊണ്ടുപോകുന്നത് ജൂലിയോസിന്റെ പട്ടാളക്കാരാണ്. എന്തുകൊണ്ടാണ് പൗലൂസ് ഇങ്ങനെയൊരു അപ്പീൽ ചെയ്യുന്നത്. അത് മറ്റൊന്നുമല്ല റോമൻ ഭരണാധികാരികൾ ഇക്കാര്യത്തിൽ മുഖപക്ഷമില്ലാതെ പ്രവർത്തിക്കും എന്ന വിശ്വാസമായിരുന്നു. യഹൂദർക്ക് ക്രിസ്തുവിനോടും ശിഷ്യരോടും കടുത്ത വൈരാഗ്യമായിരുന്നു അതുമല്ല ക്രിസ്തുവിന്റെ വിചാരണ സമയത് നാം കണ്ടു കുറ്റമില്ലാത്തവൻ എന്ന് കണ്ടെങ്കിലും ജനത്തിന്റെ നിർബന്ധം സഹിക്ക വയ്യാതെയാണ് പീലാത്തോസ് ക്രിസ്തുവിനെ ക്രൂശിച്ചു കൊല്ലുവാൻ അനുവദിക്കുന്നത്. യഹൂദരുടെ സാന്നിധ്യമില്ലാത്ത റോമിൽ മുഖപക്ഷമില്ലാത്ത ഒരു ട്രയൽ നടക്കുമെന്ന വിശ്വാസം പൗലൂസിനുണ്ടായിരുന്നു. അതിനാലാണ് തന്റെ വിചാരണയ്ക്കായി കൈസറെ അഭയം ചൊല്ലുന്നത്. വിചാരണയ്ക്കായുള്ള യാത്രയിൽ അദ്ദേഹത്തിന് അൽപ സ്വാതന്ത്ര്യങ്ങളൊക്കെ അനുവദിച്ചു കൊടുത്തിരുന്നു. ഈ യാത്രയിൽ ആശയറ്റവരായ സഹയാത്രികരെയും കപ്പൽകാരെതന്നെയും ധൈര്യം കൊടുത്തു നിർത്തുന്നത് പൗലോസാണ്. കപ്പൽ ഉപേക്ഷിക്കാനൊരുങ്ങിയ കപ്പൽക്കാരുടെ പ്രവൃത്തിയിൽ നിന്ന് എല്ലാവർക്കും രക്ഷയാകുന്നത് പൗലോസിന്റെ ഉപദേശത്താലാണ്, എന്നാൽ കരയിലേക്ക് നീന്തേണ്ട സാഹചര്യം വന്നപ്പോൾ തടവുകാരൻ രക്ഷപ്പെടാതിരിക്കാൻ അവനെ കൊല്ലാനാണ് പടയാളികൾ നോക്കുന്നത് ഇവിടെ ജൂലിയസ് പൗലോസിന്റെ ജീവൻ രക്ഷിക്കുന്നു. ഈ ശതാധിപൻ പൗലോസിനെ വളരെ വിശ്വസിച്ചതുകൊണ്ട് ഇഷ്ടമുള്ളേടത്തു താമസിക്കുവാനും ഇഷ്ടം പോലെയൊക്കെ പ്രവർത്തിക്കുവാനും അനുവദിച്ചു. യാത്രയിലുടനീളമുണ്ടായ എല്ലാക്കാര്യങ്ങൾക്കും മിലിത്തി ദ്വീപിൽ പൗലോസ് മൂലം തങ്ങൾക്കു ലഭിച്ച മാന്യമായ പെരുമാറ്റവു മെല്ലാം യൂലിയോസിനു പൗലോസിനോടു കടപ്പാട് വർദ്ധിപ്പിച്ചു. എന്നാൽ ശതാധിപന്റെ ഈ മാറ്റം യാത്രയിൽ സംഭവിച്ചതാണെന്നു കാണാം. സ്വതന്ത്രചിന്തയുള്ള ഓഫീസർ എന്ന നിലയിലും യഹൂദ റാബിമാരേയോ പുരോഹിതരെയോ ഭയപ്പെടേണ്ട സാഹചര്യമില്ലാത്തവരുമായിരുന്നു ശതാധിപന്മാർ. എന്നാൽ നീതിയും ന്യായവും തങ്ങളുടെ കാര്യലാഭത്തിനായി അറിഞ്ഞുകൊണ്ട് മറച്ചു വച്ചിട്ട് അധികാരികളുടെ ഇഷ്ടത്തിലും തങ്ങളുടെ ഉയർച്ചയ്ക്ക് തടസ്സമാകുന്നവരെ ഉന്മൂലനം ചെയ്യുക എന്ന ഇക്കാലത്തും തുടരുന്ന പ്രവണതയും പുതിയ നിയമത്തിൽ പരാമർശിച്ചു കാണുന്ന ശതാധിപന്മാർ പിന്തുടരുന്നില്ല. അതിന്റെ ഫലം ഇന്നും അവരെ ബഹുമാനത്തോടെയാണ് നാം കാണുന്നത്

o


# വിശുദ്ധനാട് യാത്ര

ഇസ്രയേൽ ഗവൺമെന്റിന്റെ ഗുഡ്‌വിൽ അംബാസിഡർ പദവി നേടിയ
ഫാ. ജിജു ജോൺ വയലിറക്കത്തിന്റെ നേതൃത്വത്തിൽ
**SEPTEMBER, OCTOBER, NOVEMBER** മാസത്തിൽ പുറപ്പെടുന്നു.

**9 NIGHTS /10 DAY'S**

DAY 1
- അമാൻ
- മുക്കാവിർ

DAY 2
- മൗണ്ട് നെബോ, മദബ
- ചാവുകടൽ

DAY 3
- ഗിരിപ്രഭാഷണമല
- കഫർനാം
- തബ്ഗ
- ഗലീലി കടൽ
- പത്രോസിന്റെ ഭവനം
- ജോർദാൻ നദി

DAY 4
- താബോർ മല
- നസ്രത്ത് പട്ടണം
- മംഗള വാർത്ത ദേവാലയം
- കാനാ
- സെന്റ് ജോസഫ് ഭവനം

DAY 5
- ഒലിവു മല
- ഓശാനവീഥി
- പാത്തർനൊസ്തർ
- അന്ത്യഅത്താഴം
- കയ്യഫാസിന്റെ ഭവനം
- സെന്റ് പീറ്റർ ഇൻ ഗല്ലിക്കന്ദ്
- ബതല്‌ഹേം

DAY6
- ഐൻകരീം
- ജറുസലേം
- ബതസ്‌യിദ കുളം
- പീലാത്തോസിന്റെ അരമന
- കുരിശിന്റെ വഴി
- ഗാഗുൽത്താ
- കർത്താവിന്റെ കബറിടം
- സെൽപ്പുക്കർ പള്ളി
- വിലാപമതിൽ
- ബഥനിയാ
- ലാസറിന്റെ കല്ലറ
- ജറീക്കോ
- പ്രലോഭന മല
- സഖായിയുടെ മരം

DAY 7
- താബാ ബോർഡർ
- കുംറാൻ കേവ്
- റെഡ് സീ
- സോദോം ഗൊമോറോ
- പട്ടണം

DAY 8
- സീനായ് മല
- എരിയുന്ന മുൾപടർപ്പ്
- മോശയുടെ കിണർ
- മാറാ
- സൂയസ് കനാൽ

DAY 9
- തിരുക്കുടുംബ ദേവാലയം
- സിനഗോഗ്
- പിരമിഡ്സ്
- മ്യൂസിയം
- നൈൽ ക്രൂയിസ്

DAY 10
- കോട്ടൺ ഫാക്ടറി
- പെർഫ്യൂം ഫാക്ടറി
- മടക്കയാത്ര

DAY 11
- കൊച്ചി / തിരുവനന്തപുരം

യാത്രാനിരക്ക് : ₹ 147000+tax* (എല്ലാ ചിലവുകളും ഉൾപ്പെടെ)

10 Nights / 11 Days പ്രോഗ്രാമിൽ അധികമായി ഉൾകൊള്ളിച്ചിരിക്കുന്ന സ്ഥലങ്ങൾ :
- നസ്രത്ത് വില്ലേജ്
- ടെൽ അവീവ്
- ഹൈഫ
- ഏലീയാവിന്റെ ഗുഹ
- കേബിൾ കാർ
- ജാഫ
- സ്റ്റെല്ല മേരീസ് പള്ളി
- സിസേറിയ
- ബഹായി ഗാർഡൻ

യാത്രാനിരക്ക് : ₹ 158000+tax* (എല്ലാ ചിലവുകളും ഉൾപ്പെടെ)

വിശദവിവരങ്ങൾക്കും ബുക്കിങ്ങിനും : **FR. JIJU JOHN - 9447353706, 8921324901**

## BRIDEGROOM WANTED

Christian Orthodox parents seeking proposals for their 26-year-old daughter who is currently pursuing MD. They hope to find a suitable match, preferably a fellow medical professional, from a devout Christian Orthodox background.

**Contact No : +91 8606733306**
**Whatsapp no. : 00971506561532**

## BRIDEGROOM WANTED

26 വയസ്സ്/164cm കൊല്ലം സ്വദേശിനിയായ ഓർത്തഡോക്സ് Pharm D യുവതി. ഖത്തറിൽ semi-government ഹോസ്പിറ്റലിൽ സ്ഥിരം ജോലി. ഖത്തറിൽ ജോലി ചെയ്യുന്ന മാതാപിതാക്കൾ.

അനുയോജ്യരായ ഓർത്തഡോക്സ് പ്രൊഫഷണൽ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹആലോചന ക്ഷണിക്കുന്നു.

**Contact : 0097455971330 (Qatar)**
**+91-8078504421 (Kerala)**

## BRIDEGROOM WANTED

കോട്ടയം സ്വദേശിയായ ഓർത്തഡോക്സ് യുവാവ് (DOB-17-12-1996/180cm)ബിരുദം നേടിയ ശേഷം, ന്യൂസിലാൻഡിൽ AEW വിസയിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**M4ID: 5599965**
**Ph:9947216046, 9605086250**

## BRIDEGROOM WANTED

ഓർത്തഡോക്സ് യുവതി 26 വയസ്സ് (163 cm) B.Tech Computer Science, Medical Scribing, കൊല്ലം ഭദ്രാസനം അനുയോജ്യമായ വിവാഹ ആലോചന ക്ഷണിക്കുന്നു.

**Mob.: 9446202817**
**0474-2502817**

## BRIDEGROOM WANTED

Orthodox Parents working in Dubai invite proposal from God fearing professionals, for their daughter 25/172 cm, B Arch from NIT, working as Architect in Dubai Boys working in Dubai, abroad prefered.

**Contact No : 00971505802676,**
**9869710251**

## BRIDE WANTED

Christian Orthodox parents from seeking proposals for their Son, 38 Yrs, Height 172 cm, Diploma,B,Tech, MBA, Divorced Without Liability Working as Asst. General Manager MNC.

**Ph: +8547848922**




മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആദ്യബാഹ്യകേരള മിഷൻ തുടങ്ങിയ കോയമ്പത്തൂർ ക്രിസ്ത ശിഷ്യ ആശ്രമം ആചാര്യ ആയി ഫാ. എം.കെ മഹേഷ് പോൾ ചുമതല ഏറ്റു. ഹൈന്ദവ വിശ്വാസത്തിൽ ജനിച്ചു വളർന്നു വന്ന ഫാ. മഹേഷ് പോൾ 2009 ൽ വിശുദ്ധ മാമോദീസ സ്വീകരിച്ചു സഭയുടെ അംഗം ആയി, കോട്ടയം ബസേലിയോസ് കോളജിൽ നിന്നും B.Sc Zoology യിൽ ബിരുദവും K.E മാന്നാനം കോളേജിൽ നിന്ന് SOCIAL WORK സ്റ്റഡീസിൽ ബിരുദാനന്ത ബിരുദവും കരസ്ഥമാക്കി. കോട്ടയം പഴയസെമിനാരിയിൽ നിന്നും GST യും, സെറാംപൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് BD യും കരസ്ഥമാക്കി, തമിഴ്നാട് എഡ്യൂക്കേഷൻ യൂണിവേഴ്സിറ്റിയിൽ നിന്ന് B.Ed പൂർത്തിയാക്കി. ബിഷപ്പ് വാൽഷ് മെമ്മോറിയൽ സ്കൂളിന്റെ പ്രിൻസിപ്പൽ ചുമതല വഹിച്ചുകൊണ്ടിരിക്കെയാണ് പുതിയ നിയോഗം.അട്ടപ്പാടിയിൽ ജനിച്ചു വളർന്ന മഹേഷ് പോളിനെ ക്രൈസ്തവ ജീവിതത്തിലേക്ക് നയിച്ചതിൽ, അട്ടപ്പാടി മിഷൻ സ്ഥാപകൻ ആയ സുധാ പോൾ റമ്പാച്ചനും, അട്ടപ്പാടി സെ. തോമസ് ആശ്രമഅംഗമായ സുനിൽ മാത്യു അച്ചനും സഹായകമായി. മലബാർ ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന ഭാഗ്യസ്മരണാർഹനായ് അഭിവന്ദ്യ സഖറിയ മാർ തെയോഫിലോസ് തിരുമേനി തടാകം ആശ്രമത്തിന് വേണ്ടി പഠിപ്പിക്കുകയും ബോംബെ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത തടാകം ആശ്രമത്തിൽ വച്ച് 2021 ൽ വൈദിക പട്ടം നല്കുകയും ചെയ്തു.അഭി: തിയോഫിലോസ് തിരുമേനിയുടെ ശിഷ്യൻ കൂടി ആയ മഹേഷ് പോൾ അച്ചൻ അട്ടപ്പാടി മുണ്ടൻ പാറ St.George Orthodox ഇടവക അംഗം ആണ്, കുഞ്ചു -കമല മാതാപിതാക്കൾ. ഫോൺ: 8089791679.

## വിവാഹ ആലോചന ക്ഷണിക്കുന്നു

ഭാര്യ മരിച്ചുപോയ, വിരമിച്ച, ആരോഗ്യവാനായ മുൻ എൻ.ആർ.ഐ., 68, Wt. 65, Height 163cm ഉയർന്ന മധ്യവർഗ കുടുംബം, നല്ല ആരോഗ്യം, അനുയോജ്യയായ ജീവിത പങ്കാളിയെ തേടുന്നു. സാമ്പത്തികമായി ഉയർന്ന സ്ഥിരവരുമാനമുള്ള ആളാണ്.

Contact No.
**+91 90488 17221**
(Phone & Whatsap)

## 66–ാം ഓർമ്മ, ജൂലൈ 20



### മാളികയിൽ
### വെരി.റവ. എം.സി. കുറിയാക്കോസ് റമ്പാൻ

(1901–1958)

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോ
ഈ ആചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം"

**40th Day Of Demise (18-07-2024)**



## Annamma Ninan

'Christ, by Your Ressurection
You gladdened the departed
By it, gladden us, Lord
And raise us to Your right hand,'

Inserted By:
P.G. Ninan & Family
Puthenveettil
Pathamuttom



Processing & Food engineering ൽ തമിഴ്നാട് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്ന് Ph.D നേടിയ കുന്നംകുളം ചിറളയം സെന്റ് ലാസറസ് ഇടവക അംഗം ഡോ.കെ.എൽ ക്ലൗദിയ. കുന്നംകുളം ഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടർ ഡോ.കെ.സി.ലോഫ്സന്റേയും മിനിലോഫ്സന്റേയും മകൾ. ഭർത്താവ്: കുന്നംകുളം ചെറുവത്തൂർ കിഷൻ പോൾ.



കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് നടന്ന പതിനെട്ടാമത് അഖില മലങ്കര സൺഡേ സ്കൂൾ കലാമേളയിൽ 'അവിരാമം' മലയാളം മത്സരത്തിൽ കാരയ്ക്കാട് സീനായ്ക്കുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗം മേലീട്ട് ജോൺസ് വില്ലായിൽ ബേൽ എം. ജോൺസൺ ഒന്നാം സ്ഥാനം കരസ്ഥമാക്കി.



കോട്ടയം ഭദ്രാസനത്തിലെ പൈങ്ങനാ സെന്റ്. തോമസ് ഓർത്ത ഡോക്സ് പള്ളി ഇടവക യിൽ ശ്രീ. ജോൺ റ്റി. പീറ്ററിന്റെയും ശ്രീമതി മേരിക്കുട്ടി ജോണിന്റെയും മകൻ ശ്രീ. അഡോണി റ്റി. ജോൺ മഹാത്മാ ഗാന്ധി സർവ്വകലാശാല യിൽ നിന്നും പൊളിറ്റിക്കൽ സയൻസിൽ പി.എച്ച്.ഡി ബിരുദം കരസ്ഥമാക്കി.



കേരളത്തിലെ ക്രൈസ്തവ സഭകളുടെ എക്യൂമെനിക്കൽ പ്രസ്ഥാനമായ കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ (KCC) കമ്മ്യൂണിക്കേഷൻ കമ്മീഷൻ സംസ്ഥാന ജോയിന്റ് കൺവീനറും ആലപ്പുഴ ജില്ലാ കോർഡിനേറ്ററായും നിയമിതനായ ഷോബിൾ സജി. വീയപുരം സെൻ മേരീസ് ഓർത്തഡോക്സ് ഇടവകാംഗം. ഭാര്യ: ജിജി. മകൾ: ഇവാന മറിയം ഷോബിൾ.



സിവിൽ എൻജിനീയറിങ്ങിൽ (എൻഐടി കാലിക്കറ്റ്) പിഎച്ച്ഡി നേടിയ ഗീതു എൽസ തോമസ്.

തുവയൂർ സെന്റ് ജോൺസ് ഓർത്തഡോക്സ് ഇടവകാംഗം (അടൂർ കടമ്പനാട് ഭദ്രാസനം) തുവയൂർ തെക്ക് തടവിള പുത്തൻ വീട്ടിൽ നിഥിൻ സാമുവലാണ് ഭർത്താവ്. അടൂർ കണ്ണങ്കോട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗങ്ങളായ പന്നിവിഴ പേരയിൽ റോജി ഭവനിൽ തോമസുകുട്ടി പി.ഒയുടെയും സൂസൻ മേരി ജോസഫിന്റെയും മകളാണ്.



പത്തുവർഷം ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ സെക്രട്ടറിയായ് സേവനമനുഷ്ഠിച്ച പ്രൊഫ. ഡോ. ഐസക് പി. ഏബ്രഹാമിനെ പ്രസിഡന്റ് ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപോലീത്ത ആദരിച്ചു.







കുവൈറ്റിൽ അഗ്നിബാധയിൽ മരണപ്പെട്ട മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാംഗങ്ങളായ ശ്രീ. മാത്യു തോമസ് (യോർദാൻപുരം മാർ ഗ്രീഗോറിയോസ് പള്ളി) ശ്രീ. തോമസ് ഉമ്മൻ (മേപ്രാൽ സെന്റ് ജോൺസ് പള്ളി) എന്നിവരുടെ നിര്യാണത്തിൽ പരിശുദ്ധ കാതോലിക്കാ ബാവ തിരുമേനി അനുശോചനം അറിയിച്ചു. സഭയുടെ സഹായ ധനം പരേതരുടെ കുടുംബാംഗങ്ങൾക്ക് കൈമാറി.

# ഗ്രീഗോറിയൻ തീർത്ഥാടനകേന്ദ്രം



**ഹെബ്ബാൾ :** പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പിനാൽ അനുഗ്രഹീതമായ ബാംഗ്ലൂർ ഭദ്രാസനത്തിൽപ്പെട്ട ഹെബ്ബാൾ മാർ ഗ്രീഗോറിയോസ് ദേവാലയത്തെ ഗ്രീഗോറിയൻ തീർത്ഥാടനകേന്ദ്രമായി പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് കല്പനയിലൂടെ ഉയർത്തി. 2024 ജൂൺ മാസം 2-ാം തീയതി ഞായറാഴ്ച്ച ബാംഗ്ലൂർ ഭദ്രാസന സഹായ മെത്രാപ്പോലീത്ത അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ പീലക്സീനോസ് വി. കുർബ്ബാനയോടനുബന്ധിച്ച് കല്പന വായിച്ച് പ്രഖ്യാപിച്ചു.



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് എജ്യുക്കേഷനിൽ പിഎച്ച്ഡി നേടിയ ഡോ. സജു പി തോമസ്. തിരുവല്ല എംജിഎം ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകനും ക്രൈസ്തവ യുവജനപ്രസ്ഥാനം സെൻട്രൽ അസംബ്ലി മെമ്പറുമാണ്. നിരണം ഭദ്രാസനം പുന്നവേലി സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളി ഇടവകയിൽ കങ്ങഴ പരുമലയിൽ സണ്ണി തോമസിന്റെയും മറിയാമ്മ തോമസിനെയും മകൻ. ഭാര്യ ഡോണ സെബാസ്റ്റ്യൻ, മുണ്ടക്കയം ഡീ പോൾ പബ്ലിക് സ്കൂൾ അധ്യാപികയാണ്.





ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ സെക്രട്ടറിയായി പാച്ചിറ സെന്റ് മേരിസ് ഇടവകാംഗമായ ജോസഫ് അലക്സാണ്ടർ കുളത്തുങ്കൽ തെരഞ്ഞെടുക്കപ്പെട്ടു അർദ്ധ ചാരിറ്റബിൾ സൊസൈറ്റിയുടെ ട്രഷററായി സൗത്ത് പാമ്പാടി സെന്റ് തോമസ് വലിയ പള്ളി ഇടവകാംഗമായ ഐക്കരമറ്റത്തിൽ റോയി തോമസ് തെരഞ്ഞെടുക്കപ്പെട്ടു.



അങ്കമാലി മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക ട്രസ്റ്റി, നെടുമ്പാശ്ശേരി സ്നേഹ നഗർ, മണ്ണിൽ, ശ്രീ അനിൽ വി ഉമ്മൻ, ചെന്നൈ വേൽസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ടെക്നോളജി ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ (VISTAS) നിന്നും മാനേജ്മെന്റിൽ പി എച്ച്. ഡി കരസ്ഥമാക്കി. നെടുമ്പാശ്ശേരി സ്പൈസ് സൊല്യൂഷൻസ് ചീഫ് കൺസൾട്ടന്റാണ് അങ്കമാലി മണ്ണിൽ വീട്ടിൽ പരേതനായ വർഗീസ് ഉമ്മന്റെയും ഏലിയാമ്മ വർഗീസിന്റെയും മകനാണ്. ടി.എം.വർഗ്ഗീസ് (മലങ്കര വർഗ്ഗീസ്) ന്റെ മകൾ UC കോളേജ് അധ്യാപിക Dr. ടിൻസി വർഗ്ഗീസ് ആണ് ഭാര്യ. മക്കൾ: റൂത്ത്, എബ്രഹാം.



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് ബി എഡ് (ഫിസിക്കൽ സയൻസ്) പരീക്ഷയിൽ രണ്ടാം റാങ്ക് (99.9%) കരസ്ഥമാക്കിയ (എൻ.എസ്.എസ് ട്രെയിനിങ് കോളേജ് ചങ്ങനാശ്ശേരി) മിൻസിലിയ ഇഗ്നേഷ്യസ് അരികുപുറം. പരുമല സെമിനാരി പള്ളി ഇടവക അംഗവും, അരികുപുറത്ത് ഈപ്പൻ എം. ഫിലിപ്പിന്റെ സഹധർമ്മിണിയുമാണ്.




കേരള യൂണിവേഴ്സിറ്റിയുടെ ബി.എ. ലാൻ ഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ അടൂർ സെന്റ് സിറിൾസ് കോളജ് വിദ്യാർത്ഥിനി ഡെബി മറിയം ജോൺ. മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗം കുളക്കട കിഴക്ക് ചരുവിള പു ത്തൻവീട്ടിൽ ജോൺ സി. ഡാനി യേലിന്റെയും, അടൂർ സെന്റ് സിറിൾസ് കോളജ് പ്രിസിപ്പൽ ഡോ. സൂസൻ അലക്സാണ്ടറിന്റെയും മകളാണ്.



കോട്ടയം ചെറിയപള്ളി
മഹായിടവകയിൽ
പതിനഞ്ച് നോമ്പും
ശൂനോയോപെരുന്നാളും
2024 ഓഗസ്റ്റ് 1-15
വിശുദ്ധ ദൈവമാതാവിന്റെ സൂനോറോ മലങ്കര സഭയിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട
കോട്ടയം ചെറിയപള്ളി മഹാഇടവകയിൽ
ശൂനോയോ നോമ്പ് ആചരണം
2024 ഓഗസ്റ്റ് 1 മുതൽ 15 വരെ
വി. കുർബാന * ധ്യാനം * വി സൂനൂറോ വണക്കം * മധ്യസ്ഥ പ്രാർത്ഥന * ക്ലാസുകൾ * കുടുംബസംഗമം
അഭിവന്ദ്യ പിതാക്കന്മാരും, വന്ദ്യ വൈദിക ശ്രേഷ്ഠരും നേതൃത്വം നൽകുന്നു

IN LOVING MEMORY



**SAJAN GEORGE**
Managing Committee member
MALANKARA ORTHODOX SYRIAN CHURCH
Idukki Diocese, Kattappana

KGEES
Group of Concerns



കല്ലൂപ്പാറ വലിയപള്ളി
സെന്റ് മേരീസ് തീർത്ഥാടനകേന്ദ്രം
പതിനഞ്ചു നോമ്പും
വിശുദ്ധ ദൈവമാതാവിന്റെ
വാങ്ങിപ്പു പെരുന്നാളും
2024 ഓഗസ്റ്റ് 1 മുതൽ 15 വരെ
കൊടിയേറ്റ്
സന്ധ്യാനമസ്കാരം
ഗാനശുശ്രൂഷ
തിരുവചനശുശ്രൂഷ
അഭയം പ്രാർത്ഥനാസംഗമം
ദൈവമാതാവിന്റെ പൗരാണിക ചിത്രം പ്രതിഷ്ഠിക്കൽ
മർത്തമറിയം സമാജ സമ്മേളനം
സുവിശേഷസംഘം സമ്മേളനം
സൺഡേസ്കൂൾ സമ്മേളനം
മരിയൻ പുരസ്കാര സമർപ്പണം
സ്മരണാഞ്ജലി
ഭക്തിനിർഭരമായ പ്രദക്ഷിണം
ശ്ലൈഹിക വാഴ്വ്
വി. മൂന്നിന്മേൽ കുർബാന
പുഴുക്കുനേർച്ച
അഭിവന്ദ്യരായ
ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്
ഡോ. യാക്കോബ് മാർ ഐറേനിയസ്
ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്
ഡോ. സഖറിയാ മാർ സേവേറിയോസ്
എന്നീ മെത്രാപ്പോലിത്താമാരുടെ
മുഖ്യകാർമികത്വത്തിൽ
കൂടുതൽ വിവരങ്ങൾക്ക്: (ട്രസ്റ്റി) 9495006543
(സെക്രട്ടറി) 9400145234
(പെരുന്നാൾ കൺവീനർ) 9447592617
KALLOOPPARA VALIYAPALLY ST MARY'S PILGRIM CENTRE
(Niranam Diocese) Kallooppara P.O., Thiruvalla, Pathanamthitta, Kerala. Pin : 689 583.
Ph : 0469-2677211 email: kalloopparachurch@gmail.com

THE MALANKARA SABHA,
CATHOLICATE ARAMANA,
KOTTAYAM-686 004

RNI No. 3076/57,
Registered No. KL/KTM/39/2024-26
License No. KL/CR/KTM/WPP-07/2024-26
Licensed to Post Without Pre-Payment

Published on
10 July/2024


# AKSHAYA EDUCATION TRUST.(R)

## AKSHAYA, ANIRUDTH COLLEGE OF NURSING

**LIGAPURA** Website : www.at-thumkur.ac.in **TUMKUR (BANGALORE)**

AFFILIATED TO INDIAN NURSING COUNCIL, RAJIV GANDHI UNIVERSITY, GOVT. OF KARNATAKA




1. **M.SC. NURSING**
   1 st Year 60,000, II nd Year 60,000
2. **B.SC. NURSING**
   19th Batch
3. **GENERAL NURSING**
   20th Batch (3 Years 2,20,000only)
4. **PC, BSc Nursing**
   (2 Years 1,80,000 only)

**B.Sc. (N)**
Admission Fees 50000

| | |
|---|---|
| Ist | 2,00000 |
| IInd | 2,00000 |
| IIIrd | 2,00000 |
| IVth | 2,00000 |
| Total | 8,50,000 |

**MS.C (N),**
**B.S.C (N)**
**G.N.M**

**(യൂണിഫോം, ഫീസ്, ഭക്ഷണം,ഹോസ്റ്റൽ തുടങ്ങി സകല ചെലവുകളും ഉൾപ്പെടെ)**

- കഴിഞ്ഞ വർഷം രാജീവ് ഗാന്ധി യൂണിവേഴ്സിറ്റിയിൽ 97% മാർക്ക് വാങ്ങിയ കോളേജ്
- ഓർത്തഡോക്സ് സഭയുടെ **IKON** ചാരിറ്റിയിൽ നിന്നും സ്കോളർഷിപ്പ് (ജാതി മത ഭേതമില്ലാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പരിഗണിക്കുന്നു)
- ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ക്ഷേമ പദ്ധതിയുടെ സ്കോളർഷിപ്പ് സ്കീമിന്റെ ആപ്ലിക്കേഷൻ നല്കുന്നു.
- കേരളാ ഭക്ഷണം ആഴ്ചയിൽ 2 ദിവസം നോൺവെജ്, 1 രൂപ പോലും മുടക്കാതെ അഡ്മിഷൻ നേടാം
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ മക്കൾക്ക് ഫീസ് ആനുകൂല്യം
- ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 വിദ്യാർത്ഥികൾക്ക് ഈ വിദ്യാഭ്യാസ സഹായം ലഭ്യമാക്കുന്നു.
- റാഗിംഗ് ഇല്ലാത്തതും മാതൃകാപരമായി നടത്തുന്നതുമായ വിശ്വസ്ത നേഴ്സിംഗ് കോളേജ്.
- സ്വന്തമായി ആശുപത്രി * ഡൊണേഷൻ ഇല്ല * ഫീസ് തവണകളായി * ബാങ്ക് ലോൺ സൗകര്യം
- പെൺകുട്ടികൾക്ക് സുരക്ഷിതമായ ഹോസ്റ്റൽ * കോളജ്,സ്ക്കൂൾ, ഹോസ്റ്റൽ ഇവ ഒരേ ക്യാമ്പസിൽ
- പലിശരഹിത വിദ്യാഭ്യാസ വായ്പയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു
- ആത്മീക ആരാധനയ്ക്ക് സൗകര്യം, കുടുംബാന്തരീക്ഷത്തിലുള്ള പഠനം
- പഠനത്തിൽ മികവ് കുറഞ്ഞവർക്ക് പ്രത്യേക ട്യൂഷൻ ► എല്ലാ ഞായറാഴ്ചയും ആരാധനയ്ക്കു പോകുവാൻ സൗകര്യം




**M.K.THOMASKUTTY (PRO)** Manappurathu House, Thadiyoor P.O ., Thiruvalla
Pathanamthitta (Dist.), Kerala Ph: 04692- 655633, Mob: 09388655633
E-mail -mkthomaskutty2022@gmail.com

Chirattolil Offset Printers # 9562619197, 04735 223522


PRINTED & PUBLISHED BY FR. THOMAS RAJU FOR AND ON BEHALF OF ORTHODOX SATHYA VISWASA PARIPALANA SAMITHY, CATHOLICATE ARAMANA, DEVALOKAM.P.O.,VIA MUTTAMBALAM, KOTTAYAM,KERALA-686004 AND PRINTED AT STERLING PRINT HOUSE (P) LTD., DOOR. NO.49/1849, PONEKKARA, CHERANALOOR ROAD, AIMS PONEKKARA. POST, COCHIN, KERALA-682041 AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004.

EDITOR: FR. ZACHARIAH THOMAS ALIAS FR. REJI THOMAS